# കിരണാവലി.

ഉള്ളൂർ.

Digitized By Kerala Sahitya Akademi

# കിരണാവലി.

ഗ്രന്ഥകർത്താ

കവിതിലകൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ
എം. എ., ബി. എൽ., എം. ആർ. എസ്. എൽ.

ബി. വി. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

നാലാംപതിപ്പ്—കാപ്പി ൧൦൦൦.

ബി. വി. പ്രസ്സ്,—തിരുവനന്തപുരം.

൧൧൦൭.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പിന്റെ

# മുഖവുര.

ഞാൻ പലേ മാസികാപുസ്തകങ്ങളിലായി അങ്ങുമിങ്ങും പ്രസിദ്ധപ്പെടുത്തീട്ടുള്ളതും, പ്രസിദ്ധപ്പെടുത്തുവാനയച്ചിട്ടുള്ളതുമായ ലഘുകൃതികളിൽ പതിനഞ്ചെണ്ണം ഒന്നിച്ചു ചേർത്ത് 'കിരണാവലി' എന്ന പേരിൽ ഒരു പുസ്തകമാക്കി ഇതാ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു. ഇവയിൽ ശ്രീമൂലനക്ഷത്രമാല, ഭാരതീയപ്രാർത്ഥന, കാവ്യപ്രഭാവം ഈ മൂന്നുകൃതികളും യശശ്ശരീരനായ എന്റെ പ്രാണസ്നേഹിതൻ പന്തളത്തു കേരളവർമ്മതമ്പുരാൻ ജീവിച്ചിരുന്ന കാലത്തുതന്നെ രചിക്കപ്പെട്ടിട്ടുള്ളവയും കവനകൌമുദിയിൽ പ്രകാശിതങ്ങളുമാണ്. അവിടത്തെ അപ്രതീക്ഷിതമായ ദേഹവിയോഗത്തെ ആസ്പദമാക്കി എഴുതീട്ടുള്ള ഒരു വിലാപകൃതിയാണ് 'സുഹൃച്ഛരമം.' അതു് അക്കാലത്തു് ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ശേഷമുള്ള പതിനൊന്നു കൃതികളിൽ 'കപിലവാസ്തുവിലെ കർമ്മയോഗി' സമഭാവിനിക്കും, 'ഒരു വീരമാതാവു്' ഗുരുനാഥനും, 'വിചാരധാര' മിതവാദിക്കും അയച്ചിരുന്നതു് ഇനിയും പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. ബാക്കി ഏഴു കൃതികളും കവനകൌമുദി, ആത്മപോഷിണി, ലക്ഷ്മീഭായി, കൈരളി, സാഹിത്യചന്ദ്രിക, ഭാഷാപോഷിണി, ശാരദ ഈ മാസികകൾവഴിയായി കേരളീയർക്ക് അടുത്ത കാലത്തു പരിചയപ്പെടുവാൻ സംഗതി വന്നിട്ടുള്ളവയാണ്. ഈ മാതിരി ഇനിയും മാസികകൾവഴിയായി വെളിക്കു വന്നിട്ടുള്ള എന്റെ ഇതരലഘുകാവ്യങ്ങളെ ശേഖരിച്ചു് ഒന്നാം രണ്ടാം പുസ്തകങ്ങളാക്കി പ്രസിദ്ധീകരിക്കണമെന്നു് എനിക്കുദ്ദേശമുണ്ട്.

തിരുവനന്തപുരം,<br>4—10—24. } ഉള്ളൂർ എസ്. പരമേശ്വരയ്യർ.

—:o:—

Digitized By Kerala Sahitya Akademi

# വിഷയവിവരം.

---


| | | പുറം. |
| --- | --- | --- |
| ൧. | ശ്രീമൂലനക്ഷത്രമാല | ൧ |
| ൨. | ഉദ്ബോധനം | ൫ |
| ൩. | ഓമനേ നീയുറങ്ങ്! | ൧൦ |
| ൪. | കബീരദാസൻ | ൧൪ |
| ൫. | ഒരു സുഹൃച്ചരമം | ൧൮ |
| ൬. | ദിവ്യസാന്ത്വനം | ൨൧ |
| ൭. | ഭാരതീയപ്രാർത്ഥന | ൩൦ |
| ൮. | ഹീര | ൩൩ |
| ൯. | മഹാമേരുവിന്റെ മനസ്താപം | ൪൨ |
| ൧൦. | ഒരു വീരമാതാവ് | ൪൫ |
| ൧൧. | തത്ത്വചിന്ത | ൪൯ |
| ൧൨. | കാവ്യപ്രഭാവം | ൫൨ |
| ൧൩. | കന്യാകുമാരിയിലെ സൂര്യോദയം | ൬൨ |
| ൧൪. | കപിലവാസ്തുവിലെ കർമ്മയോഗി | ൭൧ |
| ൧൫. | വിചാരധാര | ൯൯ |


——(൦)——

Digitized By Kerala Sahitya Akademi

# കിരണാവലി.

## ൧. ശ്രീമൂലനക്ഷത്രമാല്യ.

ശ്രീപത്മനാഭചരണാംബുജമുൾക്കുരുന്നിൽ-
ക്കാപട്യമററുകരുതിക്കലിതാനുഭാവം
സന്താപത്തിലും സുകൃതിയായ് വിലസുന്ന മൂല-
ഭൂപർഭൻ ഭുവനമംഗലരത്നദീപം. ൧

സത്യത്തൊടുള്ള രതി, സാധുജനാനുകമ്പ,
കൃത്യത്തിൽ നിഷ്ഠ, കൃതകേതരദൈവഭക്തി
അത്യന്തമാം വിനയ,മാത്മദമം തുടങ്ങി-
സ്തുത്യർഹമായ സദ്ഗുണം പലതും കലർന്നോൻ; ൨

കാലാനുകൂലനയഭേദമുരീകരിച്ചു
വേലാവിലംഘികുശലം പ്രജകൾക്കു നൽകി
ചേലാർന്നുമിന്നുമൊരു തന്നുടെ നാടുയർത്തി
നാലാഴികാഞ്ചിനടുനായകമാക്കിടുന്നോൻ; ൩

ഘോരാപരാധശതമേതൊരു പഷ്ഠാപാപി
പാരാതെചെയ്കിലുമതിൽപ്പരമാണുപോലും
വാരാളുമുൾത്തളിരിൽ വൈരമുദിച്ചിടാത്ത
ധീരാഗ്രഗൻ; കലിയുഗത്തിലജാതശത്രു; ൪

സമ്പത്തിൽ വച്ചു മദമില്ല; വിപൽദ്രുമത്തിൻ-
കൊമ്പത്തു ദുർവ്വിധി കയററുകിലത്തലില്ല;
കമ്പത്തെ വിട്ടു കരളിൽക്കമലാമണാളൻ-
തൻപത്തു രണ്ടു പൊഴുതും കരുതുന്ന ധന്യൻ; ൫

Digitized By Kerala Sahitya Akademi

പേരിന്നുവേണ്ടിയൊരു കൃത്രിമചേഷ്ടയില്ല;
ഭൂരിപ്രശംസയിലശേഷമസൂയയില്ല;
പാരിൽ ഫലത്തെ നിനയാതെ പരാൎത്ഥകൎമ്മം
നേരിട്ടുചെയ്തൊരു നിരീഹരിലദ്വിതീയൻ; ൬

അന്നാമഹാരജതജൂബിലിയുത്സവത്തിൽ
തൻനൽപ്രജാവലി പിരിച്ച ധനത്തിനാലേ
"അന്നം മഹീശ്വരനരുളീടണ"മെന്നുമാത്ര-
മുന്നമ്രമോദമുരചെയ്തൊരുദാരശീലൻ; ൭

സവ്യാപസവ്യകരയുഗ്മമുയൎത്തി നിത്യ-
മവ്യാജഭക്തിയൊടു തൻപ്രജകൾക്കുവേണ്ടി
ഭവ്യാപ്തി നേൎന്നു പരിതൃപ്തിയെ നേടിടുന്ന
ദിവ്യാമലാത്ഭുതചരിത്രപവിത്രിതാശൻ; ൮

ധൎമ്മത്തിനാശ്രയപദം; ധര നട്ട പുണ്യ-
കൎമ്മദ്രുമത്തിൽ വിലസുന്ന ഫലപ്രകാണ്ഡം;
ശൎമ്മത്തിനുള്ള വിളഭൂമി; സമസ്തശാസ്ത്ര-
മൎമ്മത്തിനും മഹിതടീക; മദീയഭൂപൻ. ൯

(കുളകം)

ഈ നല്ല വഞ്ചിവസുധാവലശാസനന്റെ
മാനംവരയ്ക്കുയരുവോരപദാനമോൎത്താൽ
നൂനം കരിങ്കരളനും കളവല്ല കണ്ണി-
ലാനന്ദബാഷ്പമറിയാതെ നിറഞ്ഞുപോകും. ൧൦

സീമാതിരിക്തഗുണനാമവിടേയ്ക്കെഴുന്ന
നാമാക്ഷരങ്ങൾ ചെവിയിൽ കയറുംക്ഷണത്തിൽ
ഈ മാനവൎക്കു മുടിതൊട്ടടിയോളമെങ്ങും
രോമാഞ്ചകഞ്ചുകിതമായ്ച്ചമയുന്നു കായം. ൧൧

പുത്തൻ പുരാതന,മിവററയിലേകദേവ-
മൊത്തമ്പുമുള്ളിനൊടു മണ്ടിലുമുള്ള സാരം
ഇത്തമ്പുരാൻ സമമെടുത്തു വിശിഷ്ടകീൎത്തി-
വിത്തം. പുലൎത്തുവതു വിശ്രുതവിശദവൃത്തം. ൧൨

Digitized By Kerala Sahitya Akademi

ഏതായതാക്ഷി ലവമൊന്നു തിരിഞ്ഞുനോക്കാൻ
ശ്വേതാതപത്രമെഴവോർ പുറകേ നടപ്പൂ;
ശ്രീതാവുമപ്പുകൾവധൂടി ഭുജിഷ്യയാണി-
പ്പൂതാശയൻ പുരുഷസിംഹനു ഭൂരിഭാഗ്യം! ൨൩

"നീ താത! പൊന്നുതിരുമേനിയെ നിൻഗുണത്താ-
ലേതാനുമെന്നനുകരിക്കുവതമ്മ കാണും?"
മാതാവു തൻമടിയിൽ വച്ചു കിടാവൊടേവ-
മോതാതെ വഞ്ചിയിലൊരേടവുമില്ല കാണ്മാൻ. ൨൪

ശ്രീരാമനെന്നതൊരു കല്പിതനാം പുമാന്റെ
പേരാകുവോർമ്മയു മട്ടിൽ മനുഷ്യസൃഷ്ടി
ധാരാളമബ്‌ജഭവനൊത്തിടുമെന്നു കാട്ടു-
മീരാജമൗലി നവമാമിതിഹാസപാത്രം. ൨൫

വാരാകരം ഗുണഗണത്തിനു, വഞ്ചിമൂല-
ശ്രീരാമവർമ്മധരണീരമണാവതംസം,
സീരായുധാവരജഭക്തിവ്യക്തപാദവിടങ്ക-
പാരാവതാഗ്രിമപദത്തിൽ വിളങ്ങിടുന്നു. ൨൬

ഹന്താമിതപ്രഭയെഴുന്നൊരു വഞ്ചിഭൂപ-
സന്താനമിപ്പൊഴുതു മൂലനൃപോദയത്താൽ
പൊൻതാഴികക്കുടമമഴ്‌ത്തി വിളങ്ങിടുന്ന
ചിന്താതിവൃത്തിരുചിയാം മണിമേടയായി. ൨൭

വാചാമഗോചരമഹത്വമൊടാദിശങ്ക-
രാചാര്യർതൻ ജനനിയായൊരു വഞ്ചിഭൂവേ!
ധീചാതുരിക്കവധിയാമിവിടുന്നു വേട്ട
നീ ചാരിതാർത്ഥ്യമെഴവോർക്കണിരത്നമായി. ൨൮

എന്തായിരുന്നു കഥ പണ്ടതു മാറിയിപ്പോ-
ളെന്തായി നിന്റെ നില? നീയൊരു മുപ്പതാണ്ടിൽ
ഹന്താതിമാത്രമഭിവൃദ്ധിയെ നേടിയല്ലോ;
നിൻതമ്പി ചെയ്ത സുകൃതം നിബരീസമമ്മേ! ൨൯

Digitized By Kerala Sahitya Akademi

അത്യത്ഭുതപ്രഥയെ നേടിയശേഷലോക-
സ്തുത്യർഹമായ് വിലസുമിസ്സുജനൈകരത്നം
"പ്രത്യക്ഷമായ പരദൈവത"മെന്ന വാക്യം
പ്രത്യക്ഷരം പ്രതിപദം പരമാർത്ഥമല്ലോ. ൧൦

കൊട്ടാരവും കുടിലുമൊപ്പമനല്പകീർത്തി-
തച്ചിട്ടാൽ വിളക്കിടുമൊരിത്തിരുമേനിയിപ്പോൾ
പട്ടായിടഞ്ഞ പദപല്ലവയുഗ്മമൻപ-
ത്തെട്ടാമതാം തിരുവയസ്സിലെടുത്തുവയ്പൂ. ൧൧

ഭൂവാകെയുള്ള മലയാളികൾ വിസ്മരിച്ചു-
പോവാമൊരിക്കൽ വിഷുവും തിരുവോണനാളും;
ആ വാസരത്തിലുമവർക്കകതാരിൽനിന്നി-
ക്ഷ്മാവാസവന്റെ തിരുനാൾ മറവാൻ പ്രയാസം. ൧൨

ഹിന്ദുക്കൾ ക്രിസ്തവർ മഹമ്മദർ, ജൂതർ:—ഭേദ-
മെന്തുള്ളു ചൊൽവതിനു സോദരർ നമ്മൾ തമ്മിൽ?
മുന്തുന്ന ഭക്തിയൊടു മൂലനൃപന്റെയാജ്ഞ-
യെന്തും വഹിപ്പതിനു നമ്മളൊരുക്കമല്ലീ? ൧൩

ഏതാണു മറ്റൊരവലംബനം? ഏവരന്യർ
മാതാപിതാക്കൾ? കുലദൈവവുമാരു വേറെ?
ഏതാനുമൊന്നു പറവാനറിയുന്നുവോ നാം?
ഭ്രാതാക്കളേ! സകലവും തിരുമേനിയല്ലേ? ൧൪

മൂലയ്ക്കുമൂല മുടിമന്നർ മുറയ്ക്കു വാഴ്കു-
മൂലം പരക്കെ ഞെളിയാം; എളിയോർ നമുക്കോ
മൂലംമുതൽശ്ശിഖവരെച്ചെറുപൈതലൊന്നും
മൂലക്ഷ്മാപതിയുമേ മുതലുള്ളവല്ലോ! ൧൫

നാമിദ്ദിനത്തിൽ നവമാം കുശലത്തെയസ്മൽ-
സ്വാമിക്കു നേർന്നു ചരിതാർത്ഥത നേടിടാഞ്ഞാൽ
കാമിച്ചുപെററു കനിവോടു വളർത്ത വഞ്ചി-
ഭൂമിക്കു മക്കൾ വെറുതേ ചുമടിന്നുമാത്രം! ൧൬

Digitized By Kerala Sahitya Akademi

ധാരാളമാം വിവേകവും സുഖവും കലൎന്നി-
ശ്ശ്രീരാമവൎമ്മനൃവരൻ ചിരകാലമേവം
പാരാളുവാൻ പരമപൂരുഷ! പത്മനാഭ!
പാരാതെ നിൻപദയുഗം പണിയുന്നു ഞങ്ങൾ. ൨൧

---

## ૨. ഉദ്ബോധനം.

---

ജീവിതപ്പോരിലപജയം തെല്ലൊന്നു
യൌവനയുക്തനാമായുഷ്മാനേ!
എന്തു മേൽ വേണ്ടതെന്നേതുമറിയാതെ
ഹന്ത! നീ നിൽക്കയോ സോദരനേ?
പോരും തളൎന്നതു! പോരും തളൎന്നതു!
പൂരുഷചൈതന്യപ്പൊൽത്തിടമ്പേ!
താടിക്കു കൈകൊടുത്തിത്താഴോട്ടു നോക്കാതെ,
ചൂടെഴും വീൎപ്പൊന്നുമിട്ടിടാതെ,
നന്മിഴി മങ്ങാതെ, പാദം കുഴയാതെ,
നട്ടെല്ലു തെല്ലും വളഞ്ഞിടാതെ,
ധീരനായ് മുന്നോട്ടു ചാടിക്കുതിച്ചു നീ
പോരുക! പോരുക! പുണ്യവാനേ!
വെററിയും തോൽവിയും പോൎക്കളത്തിൽച്ചെന്നാൽ
പററും; ഇതിനതു മീതേയല്ല.
എന്തിന്നുവേണ്ടി നീയെങ്ങനേ പോർചെയ്തു?
ചിന്തിച്ചിടേണ്ടതീരണ്ടുകൂട്ടം.
നന്മയ്ക്കു വേണ്ടി നീ നേർവഴിയിൽനിന്നു
ധൎമ്മയുദ്ധംചെയ്തു തോററുപോയാൽ
പോകട്ടേ! ആത്തോൽവി തന്നേ ജയമെന്നു
ലോകർ കടശ്ശിയിൽസ്സമ്മതിക്കും.
കാലത്തിരിപ്പിൽക്കറങ്ങുമീയൂഴിയിൽ
മേലുകീഴിങ്ങു കീഴ് മേലാകെ
മേനിക്കരുത്തിൻ കുറവല്ല തോല്പതു;
വീഴ്‌വതടവിൻപിഴയുമല്ല.

Digitized By Kerala Sahitya Akademi

വീഴുകിൽ വീഴട്ടേ; മാറിടത്തിൽ കുറെ-
ച്ചേറു പുരണ്ടാൽ പുരണ്ടിടട്ടേ.
വീണേടത്തല്പം കിടക്കുകയോ, ചേറു
പാണിതൻതുമ്പാൽ തുടയ്ക്കുകയോ
ചെയ്യാതെയുള്ളു കുറച്ചി,ലെഴുന്നേററു
ചെല്ലുക മുന്നോട്ടു ധീരാത്മാവേ!
കാണുന്നീലേ നീയൊരല്പമകലെക്കൺ-
കോണിനാൽ നിൻനിലയുററുനോക്കി
തൃക്കൈയിൽ കല്പകമാലയുമായ് വന്നു
നിൽക്കും ജയമലർമങ്കയാളെ?
പഞ്ചസാരത്തരിപ്പുഞ്ചിരി തഞ്ചിന
തേഞ്ചോരിവായ് മലരോടുകൂടി
നിന്നെയൊരല്പം പരീക്ഷിച്ചു നിൽക്കുമെ-
മ്മിന്നൽക്കൊടി മറഞ്ഞീടും മുമ്പേ
ചേലിൽ സഹജൻ സമക്ഷത്തു ചെല്ലുകിൽ
മാലയിട്ടീടുമാ മാനിനിയാൾ.
ശ്ലാഘ്യപുമാനേ! നിൻമാറിലെച്ചേറവൾ
മാറ്റുമതുകുറിക്കൂട്ടാസ് മാറണം.
രണ്ടുനിമിഷമൊരിടത്തിരിപ്പാന-
ത്തണ്ടലർത്തയ്യലാൾ തയ്യാറല്ല!
കർത്തവ്യമൂഢനായ് കൈകെട്ടി നിൽക്കൊല്ലേ!
കല്യാണവേള കഴിഞ്ഞുപോമേ!

സന്തതമാകും പകിടയൊരേമട്ടിൽ
പന്തിരണ്ടാകയി,ല്ലാകവേണ്ട!
വെൺചായം മാത്രം വരച്ചോരു ചിത്രത്തിൽ
വൻചാരുതയ്ക്കെന്തു മാറ്റുമുള്ളു?
ഭൂവിൽ പ്രഥിതരാം പൂർവികന്മാരുടെ
ജീവിതത്തുവെള്ളത്താളുകളിൽ
ദൈവം കറുത്ത മഷിയാൽ ചിലേടം തൃ-
ക്കൈവിളയാട്ടം കഴിക്കമൂലം
ആത്താളുകൾക്കൊളി വാച്ചവ നമ്മൾക്കു
നിത്യപാരായണഗ്രന്ഥങ്ങളായി.

Digitized By Kerala Sahitya Akademi

പിന്നോട്ടു കാലൊന്നു വയ്ക്കേണ്ടതായ് വന്നാൽ
മുന്നോട്ടേയ്ക്കാഞ്ഞു കുതിച്ചുചാടാൻ
ആവയ്‌പ്യ,പയുക്തമാകേണം നാ,മെങ്കിൽ
ദൈവം വിരൽ മൂക്കിൽ വച്ചുപോകും.
മെയ്യിലെ ദേദസ്സുരുകും വിയപ്പൊരു
വെൺമുത്തുമാലയായ് പ്പൂണ്ടുകൊൾവാൻ
ആശിച്ചു നീണ്ടു നിവിന്ന് തൻകൈകൾകൊ-
ണ്ടായമട്ടെല്ലാം പണിയെടുപ്പോൻ
അണ്ഡകടാഹത്തിലേതൊരു വിഘ്നത്തെ-
ക്കണ്ടാൽ ഭയപ്പെട്ടൊഴിഞ്ഞുമാറും?
വിഘ്നമേ! വാ! വാ! വിഷത്തീ വമിപ്പതിൽ
വ്യഗ്രമാം കാളിയപന്നഗമേ!
നിന്മസ്തകങ്ങളിൽ നൃത്തം ചവിട്ടുവാ-
നിമ്മർത്ത്യഡിംഭരിപോകൻ പോരും.
പ്രത്യൂഷോദ്ധിത്യമാം പാരാവാരത്തിനെ-
പ്പിള്ളക്കളമ്പാക്കും പ്രവാഗമില്ലേ?
നാഡിയിലൂടെസ്സരിക്കുന്ന രക്തത്തെ
നാണം[illegible]ലോനേ!
അമ്മയ്ക്കു താരുണ്യനാശത്തിനായ് മാത്രം
ജന്മമെടുക്കാത്ത സൽപുമാനേ!
താരുണ്യശ്രീമാനേ! നിന്നെക്കണ്ടാൽ ദൂരെ
മാറും തടസ്സമേ മന്നിലുള്ളു.
വിഘ്നാഭിഭൂതനാം വീരപുമാൻ രാഹു-
ഗ്രസ്തമാം മാർത്താണ്ഡബിംബത്തോടും
കർക്കടകത്തിലെക്കാർമുകിൽമാലകൾ
തിക്കിത്തിരക്കും ഗഗനത്തോടും
നേരാ,മവനതടസ്സമകലവേ
വാരൊളി വായ്ക്കുവതൊന്നു വേറെ.
കാച്ചിയ തങ്കത്തെക്കാളുമൊളി നിന-
ക്കാഞ്ജിക്കും വിഘ്നം വിരിഞ്ചാചാര്യൻ
സാത്വികസമ്രാട്ടായ് നിന്നെ വാഴിക്കുവാൻ
പേർത്തും നടത്തും ഹിരണ്യഗർഭം!

Digitized By Kerala Sahitya Akademi

അന്ധനുമേഢനും പംഗുവും രോഗിയും
ഹന്ത! നടക്കും നെടുവഴിയിൽ
കണ്ടകമില്ല, പനിനീർപ്പൂവുമില്ല,
മക്ഷികയില്ല, മധുവുമില്ല.
ആരുടെ കാല്പ്പാടും നാമറിയുന്നീല;
നമ്മുടെ കാല്പ്പാടും നൂതനമാരും.
നൂതനമായെത്ര പാതയോ വെട്ടുവാൻ
മേദിനി നമ്മോടിരന്നിടുന്നു.
ആരോഗ്യം കോലുന്ന കൈകാലുകൾ ദൈവം
ക്രൂരോട്ടു തന്നതിന്നെങ്ങനേ നാം
നിഷ്കൃതികാട്ടുന്നു ലോകർക്കു സഞ്ചാര-
സൌഖ്യം വളർത്താൻ ശ്രമിച്ചിടാഞ്ഞാൽ?
പാഴരണ്യത്തിൽ പതിക്കട്ടേ, പാദങ്ങൾ
പാഷാണംകൊണ്ടു മുറിഞ്ഞിടട്ടെ;
കുന്നും കുഴിയും നിറയട്ടേ, മദ്ധ്യത്തിൽ
വന്യമൃഗങ്ങളലറിടട്ടെ;
അന്തഃകരണം തിരിച്ചുവിടും വഴി-
യന്തരമെന്നിയേ നാം തുടർന്നാൽ
എത്തും ചെന്നെത്തേണ്ട ദിക്കിൽ; നവമായോ-
രുത്തമമഹലണ്ടാപഥവുമുണ്ടാം.
വെട്ടുക നീയാഞ്ഞു നിൻകൈ രണ്ടും പൊക്കി-
പ്പെട്ടുപൊളിയുമിപ്പാറയിപ്പോൾ;
വെള്ളപ്പളുങ്കൊളി ശീതജലമുടൻ
നല്ലോരുറവയിൽ നിന്നു പൊങ്ങും.
നിൻദാഹം തീർത്തു നടകൊൾക നീ; യതു
പിന്നീടൊരു പുഴയായൊഴുകി
നിന്നനുകമ്പാഝരിപോലെ മിന്നിടും
മന്നിടത്തിൽ കല്പകാലത്തോളം
മാർഗ്ഗക്ലമമെന്നൊന്നില്ല; കുറേയടി-
യൂക്കിൽ നടപ്പോർക്കു വാനവന്മാർ
ഗന്ധദ്രവമാവഴിക്കു തളിപ്പതും
സന്താനപുഷ്പം വിതറുവതും

Digitized By Kerala Sahitya Akademi

പട്ടുപാവാട വിരിപ്പതും കണ്ടിടാ-
മൊട്ടുമിതിലൊരത്യുക്തിയില്ല.
സങ്കടം മര്‍ത്ത്യര്‍ക്കു ശര്‍മ്മമായ് മാററിടാം;
സങ്കല്പകല്പിതമല്ലീ സ്വര്‍ഗ്ഗം?
സുസ്ഥിരമായി സ്സുനിര്‍മ്മലമായൊരു
ഹൃത്തിരുന്നീടേണ,മത്രേവേണ്ടൂ!
ഇപ്രപഞ്ചപ്പാല്‍സമുദ്രം കടയുവാന്‍
കെല്പില്‍ മുതിര്‍ന്നീടുമെന്‍ യുവാവേ!
മംഗലാത്മാവേ! നീയിദ്ദിനം കണ്ടതു
പൊങ്ങിടുമേട്ടയും കാകോളവും,
പാഴ്പ്പുക മുന്നില്‍പ്പരത്താതേ താഴ്ത്തു
പാവകനുണ്ടോ സമുല്ലസിപ്പൂ?
കൈരണ്ടുകൊണ്ടും കടയുക മേല്‍ക്കുമേ,-
ലോരോ പദാര്‍ത്ഥങ്ങള്‍ കൈവരട്ടേ;
ആന, കുതിര, പശു, മണിതൊട്ടുള്ള
മാനിതസാധനപങ്ക്തിയേയും
കോമളത്താമരപ്പൂമടവാരേയും
നീ മഥിതാര്‍ണ്ണവന്‍ കൈക്കലാക്കും.
ആയവകൊണ്ടു മതിവരൊല്ലേ! വെറും
ഛായയെ രൂപമായ് കൈക്കൊള്ളല്ലേ!
വീണ്ടും കടയട്ടേ! വീണ്ടും കടയട്ടേ!
നീണ്ടുള്ള നിന്‍ കൈകളസ്സമുദ്രം.
അപ്പോളതില്‍നിന്നുയരുമാറായ് കാണാ-
മത്ഭുതമാമൊരമൃതകുംഭം!
സംസൃതിനാശനമാകുമതാര്‍ജ്ജിച്ചു
സംതൃപ്തി നേടാവൂ സോദര! നീ!
കൈകഴപ്പും തീരും, മെയ്ക്കഴപ്പും തീരു,-
മഖിലശാന്തമമൃതത്വവും.
ആ ഫലകര്‍മ്മാവാം നീയാ രസായന-
മാകണ്ഠമാസ്വാദിച്ചന്ത്യനാളില്‍
ആയുഷ്മാനാമെന്‍ സഖാവേ! പരബ്രഹ്മ-
സായൂജ്യമാളുക! ശാന്താത്മാവേ!



Digitized By Kerala Sahitya Akademi

## ൩. ഓമനേ നീയുറങ്ങ്!

ഓമനേ, നീയുറങ്ങെൻമിഴിവണ്ടിണ-
ത്തൂമലർത്തേൻകുഴമ്പെൻെറ തങ്കം!
ആടിയും പാടിയും ചാടിയുമോടിയും
വാടിയും വീടും മുഖരമാക്കി
വാടി വിയർത്ത മുഖാംബുജത്തോടെന്നെ-
ത്തേടി നീയന്തിയിൽ വന്നനേരം
നിൻകവിൾത്തങ്കത്തകിട്ടിങ്കൽപ്പിഞ്ചുമ്മ-
യെൻകണ്ണിച്ചുണ്ണി! ഞാനെത്ര വച്ചു!
നെററിപ്പനിമതിപ്പോളമേലങ്ങിങ്ങു
പററിക്കിടന്ന കുറുനിരകൾ
കോതിപ്പുറകോട്ടൊതുക്കി വെൺമുത്തൊളി-
സ്വേദബിന്ദുക്കൾ തുടച്ചു മാററി
ആരോമൽപ്പൈതലേ! ഞാനെത്ര നിന്നെയെൻ-
മാറോടണച്ചു പുണർന്നു നിന്നു!
അൻപാർന്നു വെള്ളത്തളികയിൽ ഞാൻ നൽകും
പൈമ്പാൽപ്പൊടിയരിച്ചോറെൻ കുട്ടൻ
പാർവ്വണത്തിങ്കളിൽത്തങ്ങുമമൃതൊരു
ഗീർവ്വാണബാലൻ ഭുജിക്കുംപോലെ
മിഷ്ടമായ് ഭക്ഷിച്ചുറങ്ങുകയായ് പൂവൽ-
പ്പട്ടുമേലാപ്പണിത്തൊട്ടിലിതിൽ
വാനിൽക്കതിരൊളി വീശിത്തിളങ്ങീടും
തൂനക്ഷത്രത്തിൻ ശരിപകപ്പേ!
ആണിപ്പൊൻചെപ്പിനകത്തു വിലസീടും
മാണിക്യക്കല്ലിന്നുടപ്പിറപ്പേ!
ഓമനേ, നീയുറങ്ങെൻമിഴിവണ്ടിണ-
ത്തൂമലർത്തേൻകുഴമ്പെൻെറ തങ്കം!

II

തങ്കക്കിണ്ണം നീയെടുത്തൊരു കുട്ടക-
ത്തിങ്കലിട്ടും വിധമെൻ മകനേ!

Digitized By Kerala Sahitya Akademi

ചെങ്കതിരോനെയെടുത്തു സായങ്കാലം
വങ്കടലിലിട്ടു മുക്കിടുന്നു.
ദൂരെപ്പടിഞ്ഞാറായ് വാനത്തു മഞ്ഞയും
ചോരച്ചുവപ്പും കലന്ന കാന്തി
അക്കനാംസ്വാമിയെയാറാടിക്കും ദേവർ
വയ്ക്കും വെടിക്കെട്ടിൻദീപ്തിയാവാം.
പാരാം കടലാസ്സിൽ പാടേ പരക്കുവാൻ
പോരും കരിമഷി വാനിൽനിന്നും
താഴോട്ടു കുപ്പി കമഴ്ത്തിയൊഴിക്കുന്നു
തായാട്ടു കാട്ടുന്ന പൈതലേതോ.
ഓമനപ്പൂവ്വാദ്രിശൃംഗക്കാൽത്തട്ടേററ
ശീമക്കമെലപ്പന്തെന്നപോലെ
മാനത്തു പൊങ്ങിന പൌർണ്ണമാസിത്തിങ്കൾ
വാനവബാലർ കരസ്ഥമാക്കി.
അമ്പിളിവെൺകതിരെന്ന കപടത്താ-
ലൻപിലിരവാകുമംഗനയാൾ
തന്മടിയിങ്കൽ കിടത്തിയീലോകത്തെ-
യമ്മിഞ്ഞ നൽകിയുറക്കിടുന്നു.
വിൺപുഴത്തങ്കത്തരിമണലപ്പം വ-
ച്ചമ്പർകിടാങ്ങൾ കളിക്കുംപോലെ
അന്തമില്ലാതുള്ള താരങ്ങൾ മേൽക്കുമേ-
ലന്തരിക്ഷത്തിൽ വിളങ്ങിടുന്നു.
മാങ്കന്നിച്ചെന്തളിർത്തല്ലജം തിന്നൊരീ-
യാൺകോകിലപ്പൈതലെന്മകനേ!
തൻചെറുകണ്ഠമാം പീപ്പി പിടിച്ചൂതി
നിൻചെവിക്കിമ്പം വളർത്തിടുന്നു.
തൈമണിപ്പൂന്തെന്നൽ തള്ളിക്കടന്നൊരുൾ-
പ്രേമത്തഴപ്പെഴു'മായ'പോലെ
നിങ്കണിത്താരൊളി മേനിച്ചുടപ്പു തൻ
പൊൻകൈവിശറിയാൽപ്പോക്കിടുന്നു.
മംഗല്യാലങ്കാരവാടാവിളക്കായ് വ-
ന്നെൻഗൃഹമംഗളമൊളിത്തിടമ്പേ!

Digitized By Kerala Sahitya Akademi

നിൻനിഴലിൽപ്പടി കാൺമൂ ഞാൻ കുഞ്ഞുമി-
ളപ്പൊന്നിൻനിലവിളക്കിന്നരികത്തിൽ.
നന്ദനനേ! മനോനന്ദനനേ! നല്ല
നന്ദനാരാമനവമലരേ!
ഓമനേ, നീയുറങ്ങെൻമിഴിവണ്ടിണ-
ത്തൂമലർത്തേൻകുഴമ്പെന്റെ തങ്കം!

## III

താമരയല്ലിപ്പൊതിപ്പിഞ്ചിതൾമിഴി-
യോമനേ! ചിമ്മിയുറങ്ങീടും നീ
പാവയും പീപ്പിയും പമ്പരവും പിന്നും-
പാവങ്ങൾ—പാറവും കിടപ്പതൊന്നും
കാണുന്നീലല്ലോ; കുറയററ നിൻ പുറം-
പ്രാണങ്ങളല്ലീയിവററയെല്ലാം?
മുല്ലപ്പൂമൊട്ടൊളിപ്പല്ലിൻകുരുന്നുകൾ
മെല്ലവേ തെല്ലു വെളിക്കു കാട്ടി
ചെല്ലച്ചെറുചിരിക്കൊള്ളുന്നതാൽ തത്വം നീ
ചൊല്ലിത്തരുന്നു; ഞാൻ വിഡ്ഢിതന്നെ!
ആയായ്! ഈ മന്നൻകളിപ്പണ്ടങ്ങളെങ്ങോ? നി-
ന്നായതാനന്ദമുറക്കമെങ്ങോ?
നിദ്രയാം ദേവിതൻ വാത്സല്യപൂർണ്ണമാം
ഭദ്രപ്പൊൽക്കരത്താലോലത്തിൽ
ഞങ്ങൾക്കു ചിന്തിപ്പാൻപോലുമശക്യമാം
മംഗളമല്ലോ നിനക്കധീനം.
വാനത്തുനിന്നു വരിവരിയായെത്ര
വാനവമാനിനിമാരൊളിമാരോ
തിങ്കൾക്കളിർക്കതിർക്കോണിവഴിയായ് വ-
ന്നെൻകുഞ്ഞേ! നിന്നെയ് തലോടിനില്പൂ!
ബ്രഹ്മാനന്ദപ്രദമായ്ച്ചില പാട്ടുക-
ളമ്മാൻകിശോരമിഴിമാർ പാടി
മെല്ലവേ പീയൂഷവർഷം പൊഴിപ്പൂ നിൻ
ചെല്ലക്കുരുന്നുചെവിയിണയിൽ.

Digitized By Kerala Sahitya Akademi

ഫ്നു

വിണ്ണവർകോനുടെ പള്ളിവില്ലിൽപ്പെട്ടും
വണ്ണങ്ങൾകോലും കിളിച്ചുണ്ടുകൾ
കല്പകപ്പൂക്കളാൽകെട്ടിയണിപ്പാനെ-
ന്നപ്പൻ നൽകുന്നുണ്ടാവശ്യങ്ങളും.
പാലാഴിപെററ സുരഭിയാം പൈയിനെ-
ച്ചാലേ കറന്ന ചുടുനറുംപാൽ
അപ്പാലു കാച്ചിയുറച്ച തയിർ കട-
ഞ്ഞപ്പോഴേ നേടിയ വെണ്ണയുമായ്
മംഗല്യഗാത്രിമാരാമവർ നൽകുന്നു-
ണ്ടെൻകണ്മണിക്കു ഭുജിച്ചുകൊൾവാൻ.
വാരാശിമേഖലത്തയ്യലാളാണമ്മ;
നാരായണസ്വാമിയാകുമച്ഛൻ;
ദേവതമാരാകും ചേടിമാർ; ഓമന-
പ്പൂവൽമെയ് താരങ്ങളാം വയസ്യർ;
ഈവണ്ണമുള്ളോരാൽ പോഷിതനാകും നിൻ
കേവലസ്വപ്നസമൃദ്ധിസൌഖ്യം
എൻപാഴുറക്കപ്പാട്ടെന്തിന്നു ഭഞ്ജിപ്പൂ?
നിൻപാട്ടിൽ നീയുറങ്ങെൻെറ തങ്കം!
എന്മാംസസൃഷ്ടികളെത്രയോ ദൂരെയാ-
ണിമ്മാന്യഗാർഹികയോഗക്ഷേമം.
ശൈശവസ്വാപസുഖാവൃതനാം നിന-
ക്കാശീർവചസ്സെന്തു ഞാനരുളൂ!
എന്തധികാരമെൻ നാവിന്നതോതുവാൻ?
ഹന്ത! ഞാൻ മണ്ണിലെ മണ്ണുമാത്രം!
ത്രൈലോക്യശില്പി ഹിരണ്യഗർഭൻ തൻെറ
ചേലുററ സൃഷ്ടിസൌധത്തിൽനിന്നും
പുത്തനായ് വാർത്തു പുറത്തിറക്കും തങ്ക-
പ്പത്തരമാററൊളിവിഗ്രഹമേ!
ചേറുമഴക്കും ചെറുതും പുരളാത്ത
ചാരുകളേബരതല്ലജമേ!
പാഴാകും പാപനരകക്കടലിൻെറ
താഴത്തെത്തട്ടിൽക്കിടക്കുമെന്നോ

Digitized By Kerala Sahitya Akademi

നീയായ്‌ത്തൂവെൺമുഴുമുത്തിന്നുത്തമ-
ശ്രീയാന്ന ശുക്തികയാക്കി ദൈവം.
തന്ത്രവിധിയറിയാത്ത ഞാൻ നിൻ പൂജ-
യന്തഃകരണത്താൽ മാത്രം ചെയ്യാം.
എന്മകനേ! നിൻ വിശുദ്ധസംസർഗ്ഗത്താൽ
നന്മയെനിക്കു വളൎന്നീടട്ടേ.
സ്മേരമായ് സ്വാപത്തിൽ മിന്നും നിന്നാനന-
സാരസത്തെക്കണ്ടു ചാരിതാൎത്ഥ്യം
ചേരുമെനിക്കുതന്നേ സമ്പൂൎണ്ണമാം
താരകബ്രഹ്മമായ്ത്തീൎന്നിടട്ടേ.
കൈവെച്ചകോൽ ദൂരത്തുവച്ചോരു രാജാവേ!
വജ്രമിളക്കാത്തോരമ്പർക്കോനേ!
ഭീകരശക്തി വെടിഞ്ഞ കുമാരനേ!
യോഗബന്ധന്താത്ത ലോകഗുരോ!
ആരോമലേ! നിന്നെപ്പോലൊരു പൈതലി-
ബ്ഭാരതഭൂമിയിൽപ്പണ്ടാരിക്കൽ
കാന്തിക്കളിക്കതിൎക്കററയുതിൎത്തീടും
പൂന്തിങ്കൾക്കുട്ടനായ് വാനിലേറി.
നിന്നിൽ നിലീനമാം പ്രാഭവമോൎക്കുമ്പോൾ
നിന്നെയുമെന്നെയും ഞാൻ മറപ്പൂ.
ഓമനേ, നീയുറങ്ങെൻമിഴിവണ്ടിണ-
ത്തൂമലർത്തേൻകുഴമ്പെൻെറ തങ്കം!

## ൪. കബീരദാസൻ.

“മുണ്ടുവേണമോ മുണ്ടു? നാലണയ്ക്കാരെങ്കിലും
കൊണ്ടുകൊള്ളുവിൻ,ഒററച്ചില്ലി കൂടുതൽ വേണ്ട.”
ശുദ്ധസത്യമായുള്ള സൂക്തിയൊന്നീമട്ടോതി
മുഗ്ദ്ധരൂപനാമൊരു മുസ്ലിമിൻ ചെറുബാലൻ
കാശിതൻ പണ്യവീഥികണ്ണശഷ്ക്കുലികളെ-
പ്രാശിതപീയൂഷങ്ങളാക്കുവാൻ പ്രയത്നിപ്പൂ.

Digitized By Kerala Sahitya Akademi

കാപട്യം കൊണ്ടല്ലാതെ കൈകാര്യമില്ലാത്തൊരാ-
പ്പാപത്തിൻ പൂന്തോട്ടമാം പട്ടണപ്പാഴ്ച്ചന്തയിൽ
സത്യവാക്കാരോതുവാൻ? ഓതിയാലാർ കേൾക്കുവാൻ?
ഗർദ്ദഭസദസ്സിലോ ഗന്ധർവ്വഗീതോദ്യമം?
"നാലണയോടൊ! കട്ട നാറനാടൻശീലയ്ക്കു?
ബാല! നീയേതന്ധനെപ്പററിപ്പാൻ നടക്കുന്നു?
രണ്ടണ തരാം; ബാക്കിക്കിനിയും നീ ചെന്നൊരു
മുണ്ടങ്ങേപ്പുറത്തെങ്ങാൻ മോഷ്ടിച്ചു വിറേറ പററൂ".
ഇത്തരമോരോവിധം ഹാസ്യവാക്ക്നാരാചങ്ങൾ
ശുദ്ധനാമബ്ബാലൻതൻ സുകുമാരമാം ഹൃത്തിൽ
മേൽക്കുമേലാഞ്ഞു കുത്തിത്തിരുകിത്തുടങ്ങിനാർ
ഭോഷ്കതാൻ മുലപ്പാലായ് ഭുജിച്ച പുണ്യാജീവർ
വിശ്വപാവനിയായ ജാഹ്നവിതൻ തീരത്തിൽ
വിശ്വനാഥസ്വാമിതൻ ദിവ്യസന്നിധാനത്തിൽ,
സത്യദേവതേ! സാധ്വി! നിനക്കു രക്ഷാസ്ഥാനം
പ്രത്യക്ഷശൂന്യമെന്നോ! പാതകമേ പാതകം!

ബാലനാം പരിതപ്തമാനസൻ ചുടുബാഷ്പം
ചാലവേ തൻകൈമുണ്ടു നനയുംവിധം തൂകി,
മത്ത്യന്തരത്തിലോത്താൻ: "ദൈവമേ! ഹാ! ദൈവമേ!
സത്യവാക്കോതുന്നോനിച്ചന്തയിൽ തനിക്കള്ളൻ!!
നൂലിനും കൂലിക്കുമായ് നൂനം ഞാൻ കാൽരൂപയ്ക്കു
മേലിതിൽക്കണ്ടീ,ലതേ ചോദിപ്പാനോർത്തുള്ളൂ.
ഇഷ്ടചെററിതിൽപ്പരമില്ല ഞാൻ കൈക്രൂപ്പമെ-
ന്നിഷ്ടനമ്മമാ,ർവ്വരല്പലബ്ധസന്തോഷർ.
നാലണയിതേമട്ടിൽ ഞങ്ങൾക്കു നൽകീടുവാൻ
നാളെയും സർവ്വലോകനാഥനങ്ങിരിപ്പീലേ?
പിന്നെയെന്തിനി, ക്കെന്നെയാരെത്ര പുച്ഛിക്കിലും,
നിന്നെഞാൻ വെടിയില്ല; നിൻ മെയ്യാംസത്യത്തേയും."
എന്നവനോർത്തു വീണ്ടുമെഴനേററാവസ്ത്രം തൻ-
പൊന്നണികരങ്ങളിൽപ്പൂണ്ടു വിൽക്കുവാൻ നിന്നാൻ
നേരമന്തിയാവാറാ,യാരുമാ മുണ്ടുവാങ്ങാൻ
ചാരത്തു വരുന്നുമി,ല്ലെന്തൊരു ദുരദൃഷ്ടം!

Digitized By Kerala Sahitya Akademi

ആ വസ്ത്രമൂല്യംകൊണ്ടു തണ്ഡുലം വാങ്ങിവേണ-
മാവശ്യം കഴിയുവാൻ തനിക്കും പിതാക്കൾക്കും!
മുറവുമപ്പൊഴേക്കൊരു മുസൽമാൻ ഫക്കീർ വന്നു
ചെറുതേ ശങ്കവിട്ടച്ചെറുബാലനോടോതി:
"അപ്പനേ! തങ്കക്കുടം! ദൈവത്തെയോർത്തിങ്ങോട്ടാ-
വില്പനയ്ക്കുള്ള മുണ്ടു വെറുതേ നൽകേണമേ!
ശീതബാധിതനായിട്ടുഴും വൃദ്ധനെക്കാളു-
മേതുപാത്രത്തിൽ ചെന്നാൽ നിൻദാനം ഫലപ്പെടും?
നിന്നാണെ മടിക്കേണ്ട; നീയെനിക്കിന്നീവസ്ത്രം
തന്നാലേ മതിയാകൂ! താമസിപ്പതെന്തുണ്ണീ?
നാലണ നിനക്കേകും നമ്മെ കാത്തിടും ദൈവം;
ബാല! നീ ശങ്കിക്കേണ്ട! പാറുമുണ്ടിങ്ങിട്ടേക്കൂ!"
ആ ദ്ദാനം താൻ ചെയ്യുകിലപ്പനമ്മമാരുമ-
ന്നത്താഴമില്ലാതെ പോം; വയസ്സുചെന്നോരവർ;
ശർമ്മമുണ്ടാവാൻ പണി ദാനം താൻ ചെയ്യാഞ്ഞാലി-
ദ്ധർമ്മസങ്കടഖഡ്ഗധാരയിൽപ്പെട്ടിടവേ
ഹന്താതിമാത്രം ബാലനാമവൻ തൻ മാനസം
ചിന്താദോലാരൂഢമായ്ത്തീർന്നതിലെന്തത്ഭുതം?
"പാതി വസ്ത്രം ഞാൻ തരാമെന്നപ്പൂപ്പനു; മറ്റേ-
പ്പാതി വിറ്റരിവാങ്ങിയമ്മയെയേല്പിക്കണം;
അത്താഴപ്പട്ടിണിക്കു ഞാൻ തയ്യാ,റരക്കഞ്ഞി
മാതാപിതാക്കൾക്കു മാത്രമേകിയേ പററൂ
ഏകപുത്രൻ ഞാനവർക്കെൻ പ്രത്യാഗതി നോക്കി-
യേകാകമററങ്ങു വാഴ്വൂ ശുദ്ധമാനസരവർ."

എന്നവൻ തൻ വാക്കു കേട്ടേധമാനക്രോധനായ്
പിന്നെയും ചൊല്ലീടിനാൻ പിതൃസന്നിഭൻ ഫക്കീർ:
"പാതിമുണ്ടിനായേവൻ പ്രാർത്ഥിപ്പൂ, നൽകുന്നെങ്കിൽ
നീ തികച്ചും നൽകണം നിൻ മുണ്ടു മുഴുവനായ്;
അല്ലെങ്കിൽ നിന്റെയർദ്ധദാനമങ്ങിരിക്കട്ടേ:
നല്ല കുട്ടികളുണ്ടോ വേറെയും? നോക്കട്ടെ ഞാൻ."
എന്നോതിയിച്ഛാഭംഗഖിന്നനായ് വടി കുത്തി
മുന്നോട്ടു പോയീടുവാൻ മുതിരും സ്ഥവിരനേ

Digitized By Kerala Sahitya Akademi

വീണ്ടും വന്ദനംചെയ്തു ചൊല്ലിനാനബ്ബാലകൻ:
“പൂണ്ടുകൊൾകയേ വേണ്ടു, ഭദ്രസ്സം മഹാത്മാവേ!
ഇന്നത്തെ വാണിജ്യത്തിലെനിക്കു സിദ്ധിച്ചതാം-
മുന്നതലാഭത്താൽ ഞാനുത്തരോത്തരം ധന്യൻ,
ഒരുനാളത്താഴമൂ[illegible]മായാലെന്തെനി-
ക്കരുളുന്നു സൽപാത്രദാനൈകധനം ദൈവം!
ദൈവമേ സത്യരൂപ! ദൈവമേ ത്യാഗരൂപ!
ദൈവമേ ധർമ്മരൂപ! വിജയിപ്പൂതാക നീ!”
എന്നോതിത്തൻകോടിമുണ്ടെടുത്തു ഫക്കീറിന്നു
പൊന്നോമൽക്കുമാരകൻ പൊലിച്ചാൻ സമ്മാനമായ്.
രോമാഞ്ചതരംഗിതഗാത്രനായതു വാങ്ങി-
യാമാന്യമഹമ്മദസന്യാസി നടകൊണ്ടാൻ.
രിക്തപാണിയെന്നാലും കൃതകൃത്യനായ് ദൈവ-
ഭക്തനബ്ബാലകനും തിരിച്ചു ഗൃഹം പുക്കാൻ.

ആ വീട്ടിലപ്പോളങ്ങൊരാശ്ചര്യം! അകസ്മാത്താ-
യേവനോ സാർത്ഥവാഹനൊരുവൻ കണക്കെന്യേ
ആഹാരാദിവസ്തുക്കളവിടെക്കൊണ്ടുവന്നു
മഹാഭാഗ്യവാന്മാരാം ബാലൻതൻ പിതാക്കളെ
വേണ്ടവയെല്ലാം വേഗം വാങ്ങുവാൻ യാചിക്കുന്നു;
വേണ്ടവേണ്ടൊരുവകയെന്നവർ പിന്മാറുന്നു;
“അന്തിയായല്ലോ നേരം, മരിക്കും മറ്റും കൊണ്ടു
പന്തിക്കു വന്നെത്തിടും ബാലകൻ കഥീരിപ്പോൾ;
വേലചെയ്തുകിട്ടുന്ന കൂലിയൊന്നുകൊണ്ടത്രേ
കാലക്ഷേപം ഞങ്ങൾക്കു; കാംക്ഷയില്ലൊന്നിങ്കലും;
മറ്റുള്ളോരേകുന്നതു വാങ്ങിയാൽ കയർത്തിടും
മുറ്റുമബ്ബാലൻ, അവൻ മുഖത്തിൽ കറുപ്പാന്നാൽ
നഷ്ടജീവരാം ഞങ്ങൾ; ധർമ്മം ചെയ്യാനങ്ങേയ്ക്കോ
പട്ടണം മുഴുവനും പാത്രങ്ങൾ സുലഭങ്ങൾ;
ആകയാലിവയെല്ലാമപരർക്കാക്കാനുമ-
ങ്ങേകണ”മെന്നോതുന്ന ദമ്പതിമാരെ നോക്കി


Digitized By Kerala Sahitya Akademi

ആവണികശ്രേഷ്ഠൻ ചൊന്നാൻ: "അക്കപീരാജ്ഞിച്ചതാ-
ണീവകയെല്ലാ,മിതിൽ ഞാൻ വെറും സംവാഹകൻ."
എന്നുരചെയ്തപ്പമാനെങ്ങോ പോയദൃശ്യനായ്;
വന്നു കേറിനാനുള്ളിൽ ബാലനാം കപീരനും.
അത്താഴപ്പട്ടിണിക്കു ഹാ! താൻ വാങ്ങിയ ചീട്ടു
തത്താതമാതാക്കളെക്കാണിപ്പാൻ സന്നദ്ധനായ്
വന്നൊരബ്ബാലൻ കണ്ട കാഴ്ചയെന്തോതീടേണ്ടൂ?
കുന്നുപോൽ പൊന്നും നെല്ലുമന്നവും കറികളും!
എങ്ങനെയവ'യങ്ങു വന്നുചേർന്നതെന്നവൻ!
എങ്ങനെയവയവൻ നേടിക്കൊണ്ടതെന്നവർ!
സംഗതി ധരിച്ചപ്പോൾ സന്തുഷ്ടരായ് മൂവരും
മംഗലസ്വരൂപനാം ദൈവത്തെ വാഴ്ത്തിക്കൊണ്ടാർ.
പിന്നെയാരാത്രിതന്നെ ചുററിലും വസിപ്പോരെ-
ച്ചെന്നുകൂട്ടിക്കൊണ്ടു വന്നവർക്കാസ്സാമാനങ്ങൾ
ഒന്നൊഴിയാതെ നൽകിയുദഞ്ചദ്രോമാഞ്ചനായ്
തന്നുടെ ശയനീയം തേടിനാൻ കപീർദാസൻ.
ആദിത്യനുദിക്കവേ പിറെറന്നുമെഴുന്നേററു
പാതി തൻ തലേദ്ദിനം നെയ്തൊരുക്കിയ വസ്ത്രം
പൂർത്തിയാക്കിച്ചന്തയിൽ കൊണ്ടുചെന്നവൻ വിററു
പേർത്തുമത്താഴം തൻെറ പിതാക്കൾക്കുകൂട്ടീടിനാൻ.
അന്നാളത്തെയത്താഴമസ്സലാമമൃതവും,
മുന്നാളത്തേതു ഹാ ഹാ! മുഴുതിക്തകവുമായ്
അക്കപീരിന്നു തോന്നി—അല്ല തോന്നിച്ചു സാക്ഷാൽ
മക്കവും ശ്രീകാശിയും വാണിടും മഹേശ്വരൻ.

---

## ൭. ഒരു സ്വപ്നചരമം.

---

ദാരിദ്ര്യദാവശിഖി കത്തിയെരിഞ്ഞിടുന്നു;
ഭൂരിജ്വരച്ചുഴലി ചുററിയടിച്ചിടുന്നു;
പാരിച്ച പാരിനുടെ ഭാവുകപാദപത്തിൻ-
വേരിൽക്കടന്നു വിധി വെണ്മഴു വെച്ചിടുന്നു!



Digitized By Kerala Sahitya Akademi

ലോകം കിടന്നു കിഴുമേൽത്തകിടം മറിഞ്ഞു
ഭൂകമ്പഭൂതകരകന്ദുകമായിടുന്നു!
ഹാ! കഷ്ടമപ്പൊഴുതു പിന്നെയുമെന്തു കേൾപ്പൂ!
ശോകപ്പെരുങ്കടലിലേപ്പുതുവേലിയേററം. ൧

ഏതേതു ദുർവ്വിഷമരുത്തുകൾ കാലഭോഗി-
യൂതേണമെങ്കിലവ നിന്നിൽ മുഴക്കെയൂതി,
കാതേ! തുലഞ്ഞു തവ കന്മഷശക്തിയെന്നു
ഹാ! തേറി ഞാനഗതി; സംഗതി തെററിയല്ലോ; ൨

ഹാ ഹാ! രസജ്ഞകവിപണ്ഡിതസാർവ്വഭൌമ-
ശ്രീഹാരമദ്ധ്യമണി; ശിഷ്ടജനാഗ്രഗണ്യൻ;
വ്യാഹാരദേഹിയുടെ വത്സലഗർഭദാസൻ;
നീഹാരനിർമ്മലയശസ്സിനു നിത്യഗേഹം; ൩

എൻ പന്തളക്ഷിതിധവൻ; കവിതാരസാല-
ക്കൊമ്പത്തു മിന്നിയൊരു കോകിലചക്രവർത്തി;
ഇമ്പത്തിൽ മാതൃമൊഴിയെക്കനകാഭിഷേക-
സമ്പന്നയാക്കിയ മഹാൻ; ചരിതാർത്ഥജന്മാ; ൪

തേനായിടഞ്ഞ മൊഴിതൂകി മനീഷികൾക്കു
ഭൂ നാകമാക്കിയൊരു പുഷ്കലപുണ്യശാലി;
നാനാഗുണങ്ങളുടെ നർത്തനവേദി—ഹാഹാ!—
ഞാനാരൊടെന്തു പറയുന്നു—ചതിച്ചു ദൈവം!! ൫

(കുളകം)

ആയില്ല നാല്പതു വയ,സ്സഴലാന്നു ദീന-
പ്പായിൽ കിടന്നതു പരശ്രുതി കേട്ടതില്ല;
തീയിൽപ്പതിച്ച ജലബിന്ദുവൊടൊപ്പമെങ്ങോ
പോയിക്കഴിഞ്ഞിതവിടുന്നതിനുള്ളിലയ്യോ! ൬

ഞാനാമഹാനുമതുമട്ടവിട്ടന്നെനിക്കും
സ്നാനാശനസ്വപനകേളിവയസ്യരായി
ഈ നാൾവരയ്ക്കിളയിൽ വാണതു വിസ്മരിച്ചു
ഭൂനാഥമൌലി ഭുവനാന്തരപാന്ഥനായി! ൭

Digitized By Kerala Sahitya Akademi

സൌഹാൎദ്ദമെന്ന പദമെത്ര മഹ,ത്തതിന്റെ
മാഹാത്മ്യമെത്ര വിലയേറിയതെന്ന തത്വം
സ്നേഹാൎദ്രമായ മിഴികൊണ്ടവിടുന്നു തന്റെ
ദേഹാത്യയംവരെയെനിക്കറിയിച്ചുപോന്നു. ൯

ആമട്ടമന്നൊരവിടുന്നകലത്തുമാറി;
വാമത്വമാണു വിധി; വഞ്ചിതബന്ധുവായ് ഞാൻ!
ഹാ! മന്ദഭാഗ്യരിൽ മികച്ചവനാമെനിക്കെ-
ന്തീമൎത്ത്യജന്മമിനിമേലിരുളേണ്ടതുള്ളു! ൧൦

ഹാ! പന്തളംനൃപനു മദ്ധ്യവയസ്സിലീമ-
ട്ടാപത്തണഞ്ഞിടുവതാരു നിനച്ചിരുന്നു!
സ്വാപത്തിലും കരുതിയില്ലിതു ദൈവമേ ഞാൻ!
നീ പശ്യതോഹരരിൽ നിഷ്പ്രതിമാഗ്രഗാമി. ൧൧

വാരുററവാഴ്ചയവിടേയ്ക്കു വരും, നിനക്കു
പേരും തുലോം പെരുമയും പെട്ടു,മെന്നു ഞങ്ങൾ
ആരുംനിനച്ചതതിശീഘ്രമബദ്ധമാക്കി
കാരുണ്യമററ വിധി; കൈരളി! കഷ്ടകാലം!! ൧൨

പൂമെത്ത പൂകരുതു കൈരളി! മേലിൽ നിന്നെ-
ക്കൈമെയ് മറന്നു . . . . . . . . . . കമിതാക്കളില്ലേ
നാമെന്തു ചെയ്യുവതു! ദൈവവിധിക്കെവെക്ക-
മോമെന്നു മൂളുവതിനേ തരമുള്ളുവല്ലോ. ൧൩

ധീവന്മ്യ, വൈദുഷി, രസജ്ഞത, സൽകവിത്വം,
ശ്രീവൎദ്ധനത്തിനുതകും ശിവമായ ശീലം;
ഈ വശ്യവസ്തുനിര കൂട്ടിയിണക്കി വിശ്വ-
കാവൎജ്ജനത്തിനവിടുന്നവതാരമാണു. ൧൪

മായം വെടിഞ്ഞഹഹ! മാംസളഹൎമ്മ്യരത്ന-
ച്ഛായയ്ക്കു മിന്നിയൊരു നൽഗ്ഗുണതല്ലജങ്ങൾ
സായന്തനാൎക്കരുചിതട്ടിയ ശക്രചാപ-
ച്ഛായങ്ങളെന്ന കഥ ഞങ്ങൾ ധരിച്ചതില്ല. ൧൫

Digitized By Kerala Sahitya Akademi

നീയുററ നന്മ മുഴുവൻ നിനയാതെ നൽകി-
പ്പോയുള്ള പൂരുഷരിലീർഷ്യ വഹിക്കകൊണ്ടോ
ആയുസ്സവക്കളിട്ടപൊലമുക്തഹസ്ത-
സായുജ്യമേറുവതഹോ! ചതുരാസ്യബാഹോ? ൫൩

കന്ദപ്പസാദൃശിപെട്ടം കമനീയകായം;
നന്ദജ്ജനപ്രകരമാം നയനാന്തപാതം;
മന്ദസ്മിതാർദ്രവദനം; മധുരസ്വഭാവം;
സന്ദർഭശുദ്ധികലരും സരസോക്തിരീതി:— ൫൪

ആരോടു ചൊൽവതഴൽ ഞാ, നളവററബാഷ്പ-
പൂരോദരത്തിൽ മുഴുകം മിഴിയോടുകൂടി
ഓരോന്നിമേഷവുമിതൊക്കെ നിനച്ചു കേഴാ-
മീരോദനത്തിനിളവേതിവനുള്ള നാളിൽ! ൫൫

(യുഗ്മകം)

——(൦)——

## ൬. ദിവ്യസാന്ത്വനം.

"അയ്യോ! മാലോകരേ! ജീവൻ വെടിഞ്ഞോരെൻ
തയ്യോമൽകഞ്ഞിൻ തളിർമെയ് കാണ്മിൻ!
മാതാപിതാക്കളേ! ജായാപതികളേ!
ഭ്രാതാക്കന്മാരേ! ഭഗിനിമാരേ!
നെഞ്ഞലിവുള്ളോരേ! നിങ്ങളോടൊന്നു ഞാ-
നഞ്ജലികൂപ്പിയിരന്നിടുന്നേൻ;
പാവമിക്കുഞ്ഞിനെപ്പാലിപ്പിനാരാനും
പാവനജീവനഭൈക്ഷമേകി."

ശ്രോത്രം തുളയ്ക്കും കണ്ണ കണക്കീമട്ടൊ-
രാത്തനിനാദമഭൂതപൂവം
ശ്രാവസ്തിയാകും പുരിതൻ മുഖത്തിന്നു
വൈവണ്ണ്യമേകി വലിഞ്ഞുയന്നു.
ഉൽഗളൽ പഞ്ചമമാമൊരു ഗാനത്തിൽ
കക്കശാപസ്വരം വാച്ചപോലെ;

Digitized By Kerala Sahitya Akademi

ഉന്മീലൽസൌരഭമാമൊരുദ്യാനത്തിൽ
ചെമ്മീനിൻ ദുർഗ്ഗന്ധം ചേൎന്നപോലെ;
ഉദ്ദാമലാവണ്യമാമൊരു ഗാത്രത്തിൽ
ശ്വിത്രാമയവ്രണം പെട്ടപോലെ;
ആപ്പൂരിതൻമുത്താം പാല്പായസത്തിലീ
വേപ്പിലച്ചാറെടുത്താരൊഴിച്ചു?

ശ്രാവസ്തിയാം പാൽക്കടലിന്നു മംഗള-
ദേവതയായ 'വിശാഖാ'ദേവി
ആഭിജാത്യം വായ്പ്പോ,ളെങ്ങും ഗുണമൃഗ-
നാഭിപരിമളം വീശിനില്പോരം;
സാദരം തൻ ദഹരാകാശവീഥിയിൽ
വേദസ്വരൂപനെ വെച്ചു വാഴ്‌വോരം;
ആററുനോററുണ്ടായൊരുണ്ണിതൻ നല്ലുയിർ-
ക്കാററു കരാളമാം കാളസൎപ്പം
കൊത്തിത്തുരന്നു കുടിക്കവേ വല്ലാതെ
കത്തിയെരിയും കരളുമായി
അങ്ങനെയോരോ മുറവിളി കൂട്ടിക്കൊ-
ണ്ടങ്ങിങ്ങുപാഞ്ഞുപോയ്—അയ്യോ പാവം!
ലോകപ്രശസ്തമായ്ത്താൻ വളൎത്തീടിനോ-
രേകസന്താനത്തെത്തുഷ്ടദൈവം
പുത്തനൊഴുക്കറപ്പെട്ടിയിൽ വെച്ചതാ-
മൎത്ഥത്തെയേതോ മറവൻപോലെ
തട്ടിയെടുക്കവേ തായതന്നുൾത്തട്ടു
പൊട്ടിത്തകൎന്നതിലെന്തു ചിത്രം!

പാരിടമെങ്ങും തനിക്കു പരന്നതാം
കൂരിരുട്ടിൽക്കൂടിക്കോമളാംഗി—
ഹാ പശുവിൽ പശു—തൻകുഞ്ഞിനെക്കൈയിൽ—
ദീപം പൊലിഞ്ഞ തിരികണക്കെ
ഏന്തിനടന്നു നിലവിളിച്ചാരം മുഴ-
ഭ്രാന്തപോലപ്പുരവീഥിതോറും
പേശലഗാത്രിയാരം പേൎത്തുമിരപ്പതു
കാശ,ല്ലരിയല്ല; വസ്ത്രമല്ല;
പ്രാണനാ,ണാരതു നൽകുവാൻ? നൽകുക
വേണമെന്നോൎത്താലുമെന്തുമാൎഗ്ഗം?

Digitized By Kerala Sahitya Akademi

വില്പനയ്ക്കുള്ളോരു സാധനപങ്ക്തിയി-
ലുൾപ്പെട്ടതിലല്ലോ ജീവൻ ദൈവം!
ഭൈക്ഷമരുളുവാൻ വന്നവളുകൾക്കാശു-
യീക്ഷണം ചെയ്തു കുടുംബിനിമാർ
തണ്ഡുലപൂർണ്ണമാം തൽപാണിപാത്രത്തെ-
ക്കണ്ണുനീർകൊണ്ടു കഴുകി നിന്നു.
ബാലകർ വീഥിയിൽത്തങ്ങൾ തുടർന്നോരു
ലീലകളെല്ലാം ക്ഷണത്തിൽ നിർത്തി
കേവലമക്കാഴ്ച കണ്ടു വെറും മര-
പ്പാവകൾപോലെ പകച്ചുനിന്നു.
വൃദ്ധരായുള്ളവർ "വത്സേ! കരയരു-
തിത്ഥം" എന്നോതാൻ മുതിന്നിടവേ
മദ്ധ്യത്തിൽത്തൊണ്ടയിടച്ചയാൽ മൂകരായ്-
ക്കർത്തവ്യമൌഢ്യം കലർന്നുനിന്നു.
അംബുജനേത്രയാൾക്കാശ്വാസനം നൽകാൻ
മുൻപുഞാൻ മുൻപുഞാനെന്നു ചൊല്ലി
പാഞ്ഞ തരുണർ പരവശരായ്നിന്നു
കാഞ്ഞ കരളുമായ് കൈതിരുമ്മി.
മാമുനിമാരും മഹീശരുമെന്നല്ല—
മാടപ്പിറാക്കളും—അന്യക്കായി
ക്ഷിപ്രം ശരീരം ത്യജിക്കാൻ മടിക്കാത്ത
സൽപ്രജേ! ഭാരതരത്നഗർഭേ!
നിന്മക്കളൊമായുവാക്കളെവർക്കായ് ത-
ജ്ജന്മബലിക്കു തയ്യാറുതന്നെ;
ഹാ! വഴിമാത്രമറിയാതെ ചുറവുന്ന
പാവങ്ങൾ—പണ്ടത്തെപ്പോരല്ലല്ലോ!

ഇങ്ങനെ നേരം കുറെക്കഴിഞ്ഞപ്പോളാ-
മംഗല്യഗാത്രീമണിയേ നോക്കി
ഏകനലിവാർന്നരചെയ്തു: "സോദരി!
നീ കരയേണ്ട! നിനക്കു ഭൈക്ഷം
കൈവളത്തീടുവാൻ സംഘാരാമത്തിങ്കൽ
ദേവൻ തഥാഗതനുണ്ടിരിപ്പൂ.
മാരജിത്താകുമബ് ഭിക്ഷു സദ്ഗുണമാം
താരകബ്രഹ്മത്തിൻ സാക്ഷാദ്രൂപം.

Digitized By Kerala Sahitya Akademi

ന്നോലും ചെന്നുടൻ നീയബ്ഭഗവാനെ-
പ്പാർന്നാലും പത്തും പണിയുവോനേ.''
കാതിലമൃതം കനാക്കെത്തെളിക്കമാ-
സ്വാദിമ കോലും സുഹൃദ്വചനം
ആക്രന്ദനം നിത്തിക്കേട്ടാസ്ഥലത്തേക്ക
ശീഘ്രം ഗമിച്ചാൾ ശിരീഷഗാത്രി.

രോഗവും താപവും ദാരിദ്ര്യവും കൊണ്ടു
ലോകം വലവത്തു നോക്കി നോക്കി,
അന്തഃകരണമലിഞ്ഞലിഞ്ഞായവ-
യ്ക്കന്തംവരുത്തുവാനാഞ്ഞുഴറി,
കട്ടപ്പൊൻസാമ്രാജ്യക്കൈത്തച്ചെങ്കോൽ വെറും
പൊട്ടപ്പുല്ലാക്കിപ്പുറത്തു തള്ളി,
സങ്കടമേതും സഹിച്ചുകൊണ്ടീടുവാൻ
കങ്കടംകെട്ടിക്കടന്നുകേറി,
സന്താഗമാബ്ധിയും താനേ മഥിച്ചഗ്ര്യ-
നിർവ്വാണപീയൂഷകുംഭം നേടി,
ഭാരതവർഷപ്രശസ്തിമന്ത്രത്തിനു
പാവനമാകും പ്രണവമായി
നില്ക്കും ചരിതാത്മജന്മാവാം രാജർഷി;
ചിൽകുഹരത്തിലെസ്സിംഹ സിംഹം;
മാരനെക്കൊല്ലാതെ കൊന്നോരു സർവ്വജ്ഞൻ;
മാൻമിഴിയാൾ തോററ ഗാഢിസൂനു;
ഭൂതകാരുണ്യത്തിൻ പുഷ്കലവിഗ്രഹം,
ഭൂതലത്തിൻ പൂർവ്വപുണ്യഫലം;
ഹിംസാപിശാചിക്കു കൈകണ്ട മാന്ത്രികൻ;
സംസാരവ്യാധിക്കു ധന്വന്തരി;—
ദണ്ഡനമസ്കൃതി തേടുമദ്ദീനയാം
പുണ്ഡരീകാക്ഷിതൻ ബാഷ്പപൂരം
മുഗ്ദ്ധകാരുണ്യകടാക്ഷമാം നീലപ്പ-
ട്ടുത്തരീയത്താൽ തുടച്ചുമാററി
നാരാചവിദ്ധമായ് നട്ടംതിരിഞ്ഞോരി-
മാരാജഹംസത്തെക്കാത്തുകൊൾവാൻ
പണ്ടുഴറിനിന്ന പാവനമാം പാണി
രണ്ടുമയത്തിയാശിസ്സുനൽകി

Digitized By Kerala Sahitya Akademi

കാതിന്ന കാതരയാമവൾക്കേകീട്ടു-
മാതിഥ്യമേല്ക്കുവാൻ സജ്ജമാക്കി
അസ്സംഘാരാമശ്ലൂകബ്ഭ്രമം ശോഭിച്ചു
വാത്സല്യബാഷ്പസ്നപിതനേത്രൻ.

ഓതിനാൾ മന്ദം വിശാഖ: "ഭഗവാനേ!
മേദിനീവ്യോമത്തിൻ ഭാനുമാനേ!
അങ്ങയെച്ചൊല്ലിയിരിക്കുന്നു പേർത്തുമൊ-
രംഗനയന്ത്യശരണമററോൾ.
തൃക്കൺപാർക്കേണമേ ജീവൻ പിരിഞ്ഞതാ-
മിക്കുഞ്ഞുബാലകവിഗ്രഹത്തെ
ഡിംഭനാശത്താൽ മഹാത്മാവേ! മേലങ്ങേ-
ക്കുംഭദാസിക്കുഴി കുംഭീപാകം!
അയ്യയ്യോ! നാരിമാർ ഞങ്ങളെശ്ശുദ്ധമേ
ഹൈയംഗവീനഹൃദയമാരായ്
തീർത്തു വിരിഞ്ചൻ വിഷാദവിഷവഹ്നി
പേർത്തും ജ്വലിപ്പിപ്പൂ നാലുപാടും.
പൂരുഷർക്കുള്ള വിളയാട്ടുപണ്ടങ്ങൾ;
പാരിൻ വെളിപ്പുറം മാത്രം കാണ്മോർ;
ഹാ പരമാത്മപ്രകൃതികൾ; വേഗത്തിൽ
താപവും ഹർഷവും മാറിവായ്പോർ;—
മംഗല്യജീവിതസർവ്വസ്വമെന്നുള്ളു
ഞങ്ങൾക്കു മന്നിലപത്യമെന്ന്യേ?
സന്തതിയൊന്നല്ലോ സാധുക്കൾ ഞങ്ങൾക്കു
ഹന്ത! തപസ്സിൻഫലപ്രകാണ്ഡം.
മന്നിലുരുണ്ടു വരുന്ന മനോജ്ഞമാം-
മുന്നിക്കിടാങ്ങൾതൻ പൂവൽമേനി
പുത്തൻചെഞ്ചായം പുരട്ടും പുടവയാൽ
മുഗ്ദ്ധത ഞങ്ങൾക്കിരട്ടിക്കുന്നു.
പൈതലിൻ ശാഠ്യമിവർക്കു വിനോദനം;
രോദനം നൂതനവീണാഗാനം;
ലീലാസന്താഡനം കല്പകപ്പൂവർഷം;
ലാലാനിപാതം പയോഭിഷേകം.
നാളിൽ നാളിൽ ഞങ്ങളിങ്ങനേ ബാലരേ
ലാളിച്ചും പോററിയും നിശ്ശങ്കം


Digitized By Kerala Sahitya Akademi

ഏകാന്തസ്വപ്നസുഖാമൃതാസ്വാദത്താൽ-
കൈക്കാര്യംചെയ്തു കഴിച്ചു കാലം.
അങ്ങനെയുള്ളോരബല ഞാൻ — എന്നോടെ-
ന്തിങ്ങനെ കാട്ടുവാൻ ദുഷ്ടദൈവം?
*ധൂമോർണ്ണേ! മച്ചി നീ; അല്ലെങ്കിൽ നിൻപതി-
ക്കീമേദുരാംഹസ്സിൽ കൈയറയ്ക്കും.
മായാമയമിപ്രപഞ്ചം നിരന്തര-
മാ,യാമയം നൽകി ഞാൻ വലഞ്ഞേൻ,
മായാത നൂതനകീർത്തി പുലർത്തിന
മായാതനൂജ! തുണയ്ക്കണമേ!
എങ്ങീ നിരാശ്രയയായ വിധവ ഞാൻ?
എങ്ങീ ഹതദൈവവജ്രാഘാതം?
ആയുസ്സിക്കുഞ്ഞിന്നരുളണേ പാരിന്നു
തായും തകപ്പനുമായുള്ളോനേ!”

നാനാവികാരശബളിതമായിട്ടു-
മാനാരിമൗലിതന്നാക്രന്ദനം
ആകർണ്ണനംചെയ്തരുളിനാനന്തരം
ലോകക്ഷിത്തായുള്ള ലോകബന്ധു.
“ഹാഹാ! മൽസോദരി! ബാലമതിയാൽ നീ
മോഹാന്ധകൂപത്തിൽ വീണുപോയി.
ആതുരയാകും നീ കൺകൊണ്ടു കാണ്മീല;
കാതുകൊണ്ടേതുമേ കേൾക്കുന്നീല;
എന്നെ മറിച്ചു ധരിക്കൊലാ വത്സേ! നീ;
നിന്നെപ്പോൽ ഞാനൊരു മർത്ത്യൻ മാത്രം.
ജീവനഭൈക്ഷമരുളുവാൻ ഞാനൊരു
ദേവന,ല്ലായാലും ചെയ്കയില്ല.
കേവലമൊന്നു ഞാൻ ചോദിച്ചുകൊള്ളട്ടേ;
സാവധാനം നീ ശ്രവിച്ചുതാക.
ഈ നഗരിക്കകം നമ്മെക്കണക്കെത്ര
മാനവർ മേവുന്നുണ്ടെന്നു വിശാഖേ?
ഏഴുലക്ഷം ജനമല്ലേയിദ്ദേശത്തിൽ
വാഴുവ,തങ്ങേപ്പുറം കടന്നാൽ

---

* ധർമ്മരാജാവിന്റെ പത്നി.

Digitized By Kerala Sahitya Akademi

'കോടാനകോടി' വിഷയത്തേയും മുറ-
യ്ക്കീടാന്തിലെല്ലാം മർത്ത്യരേയും
ധാതാവിൻസൃഷ്ടി മഹത്ത്വം വിളിച്ചോതി
മാതാവാം ഭൂമി വഹിപ്പതില്ലേ?
പോരാഞ്ഞാലീ മദ്ധ്യലോകത്തിനു ചുററും
ധാരാളമായ്പ്പെട്ടും ഗോളങ്ങളിൽ
ബ്രഹ്മാവുതൊട്ടിങ്ങേയററമുറുമ്പോളം,
വന്മാമലതൊട്ടിളംപുല്ലോളം,
വിദ്ധ്യണ്ഡഭാണ്ഡപിച്ചണ്ഡപ്രകാണ്ഡത്തിൽ
സത്യസത്തരൂപപ്രതിമകളായ്
ജംഗമസ്ഥാവരാകാരത്തിലേതേതു
മംഗലവസ്തുക്കൾ വാഴ്പതില്ല?
ഏതാണിവയിലനശ്വരം? അക്ഷയം?
ഏതാണനാമയം? അപ്രകമ്പം?
കാണും വകയെല്ലാം ഞെട്ടററുപൂ; ലോകം
തൂണിളകീടിന പാഴ്ക്കുടാരം;
ഒപ്പം മറിഞ്ഞത്രേ വീഴേണ്ടതൊക്കയു-
മിപ്പൊഴോ—നാളെയോ—മറെറന്നാളോ!
അദ്ഭുമണിയേയും. നൂനം.വെറുമൊരു
വിദ്യുൽസ്ഫുലിംഗമാക്കുന്ന ദൈവം
അണ്ഡഗോളങ്ങളെക്കൊണ്ടു കളിക്കുന്നു
മന്ധമററനന്തം ചെപ്പും പന്തും.
ആകട്ടേ, മറെറാന്നു ചോദിക്കാം; വത്സ! നീ
ലോകവ്യൂഹത്തിലെസ്സൃഷ്ടികളിൽ
ഓരോന്നും നിൻ സ്വതനെന്നോക്ക; പോയോരീ-
യാരോമൽപൈതലിൻ ഭ്രാതാവെന്നും.
കൃത്രിമഭാവനയല്ലതു; ഹൃത്തൊന്നു
വിസ്തൃതമാകണമത്രേ വേണ്ടൂ.
കാററും വെളിച്ചവുമല്ലമതിനക-
മേററുകൊണ്ടാലെല്ലാം നേരെയാകും.
എത്ര തനുജർ മരിപ്പൂ നിനക്കപ്പോ,-
ളെത്ര തനുജർ ജനിപ്പൂ നിത്യം?

Digitized By Kerala Sahitya Akademi

ഒന്നിനെച്ചൊല്ലിക്കരകയും വേണ്ട മ-
റെറാന്നിനെച്ചൊല്ലിച്ചിരിക്കയും നീ.
രണ്ടും വരട്ടെയിരവും പകലുമായ്;
രണ്ടിലും തേടേണ്ട ഭാവഭേദം.
ദൈവത്തെയാവഴിക്കല്ലാതെ വെല്ലുവാ-
നാവതല്ലല്ലോ നമുക്കു ഭദ്രേ!
എന്നും വയസ്സു പതിനാറായുള്ളവ-
നൊന്നുമാത്രം മുനി മാർക്കണ്ഡേയൻ;
ഓരോ പുമാനേയുമക്കണക്കാക്കുവാ-
നാരോർക്കു,മോക്ഷവത്തുത്തമമോ?
അത്രയ്ക്കു ദീർഘായുസ്സാവശ്യമില്ലല്ലോ
മർത്ത്യർക്കു നിർവ്വാണസൌഖ്യം നേടാൻ.
ചിത്തം തെളിഞ്ഞാലരനിമിഷം മതി;
ചിത്തമിരുണ്ടാൽ യുഗങ്ങളും പോരാ.
വിസ്താരം ഏതിന്നു വായ്ക്കാതെയെങ്ങെങ്ങീ
ഹസ്താമലകം തിരഞ്ഞീല ഞാൻ?
എന്നിട്ടൊടുവിൽത്തെളിവുറെറാരെന്മതി-
യെന്നിലെദ്ദീപമെനിക്കു കാട്ടി
ഇന്നു ഞാൻ നിൽക്കുന്നു കാലുറച്ചൂഴിയി-
ലെന്നുടെ തത്വമറിഞ്ഞവനായ്.
സോദരി! ഞാൻ നിനക്കിപ്പോളരുളുന്ന
നൂതനജ്ഞാനവിലോചനത്താൽ
നോക്കുക വീണ്ടും നീ മുന്നിൽ; പരേതനാ-
മിക്കുമാരൻ നിനക്കാരു വത്സേ?
മാതൃസുതബന്ധമെന്നതിനെന്തർത്ഥം?
രോദിപ്പതേവർക്കാ,രെന്തിന്നായി?
ഭീതിയും ശങ്കയും താപവും താഴ്ത്താതെ
നീ തികച്ചും നിൻ സ്വയംപ്രഭയിൽ
മൂരിനിവർന്നെഴുന്നേൽക്കുക കല്യാണി!
പാരിടത്തിന്നു കെടാവിളക്കായ്!"

നിർവ്വാണപ്രാപകമീവാഗമൃതമ-
സ്സർവ്വാർത്ഥസിദ്ധൻ സമന്തഭദ്രൻ
കാരുണ്യസിന്ധുവിൽ നിന്നു ലഭിച്ചൊരാ-
ത്താരുണ്യശാലിനിതൻ ഹൃദയം

Digitized By Kerala Sahitya Akademi

നിശ്ചലം, മൃഷ്ടം, വികചം, വിശങ്കടം,
സ്വച്ഛരന്ധ്രജ്ഞാനത്തിൻ സ്വസ്തികമായ്
ലാലസിച്ചീടവേ ചൊന്നാൾ പ്രത്യുത്തരം
മൂലപ്രകൃതിപ്രതികൃതിയാൾ.
"സ്വാമിൻ! ജയിച്ചേൻ ഞാൻ; സ്വാമിൻ! ജയിച്ചേൻ
കാമിതം നേടിനേൻ കാരണാത്മൻ! [ഞാൻ
എൻകിടാവല്ലിതു; ഞാനിതിൻ തായല്ല;
ശങ്കിനിയല്ല ഞാൻ; തപ്തയല്ല;
തത്ത്വോപദേശത്താൽ ധന്യയായ്ത്തീർന്നേൻ ഞാൻ
ശുദ്ധോദനാന്വയശുക്ലഭാനോ!
ഇസ്സംഘാരാമത്തിൽ ഞാനും വസിക്കുന്നേൻ
സത്സംഗമോന്മുഖമെൻഹൃദന്തം."

ഏവം വിശാഖയെയാശ്വസിപ്പിച്ചോര-
ദ്ദേവൻ ജയിക്കട്ടേ ശാക്യസിംഹൻ.
അമ്മേ! ഭരതധരണി! ഭവതിതൻ
നെന്മേനിവാകമലർമടിയിൽ
ധന്യമുത്താനശയനമാർന്നോരാമൽ-
പ്പുണ്യം നുകർന്നവരെത്ര മക്കൾ
ശോകഘടാബ്ധികൾ തുല്യമായ് ലംഘിച്ച
ലോകഗുരുക്കളായ്ത്തീർന്നതില്ല!
എച്ചിലിലയ്ക്കു കടിപിടി കൂട്ടിപ്പൂ
പശ്ചിമദൈവതായ ശാസ്ത്രസംവാദം;
അപ്പൊട്ടമാനാമിരുൾപ്പാളികളിലൊരു
തീപ്പെട്ടിക്കോലിൻ വെളിച്ചംപോലും!
മദ്ധ്യാഹ്നഭാനുബിംബത്തിനേക്കാൾ തേജസ്സു-
റ്റദ്ധ്യാത്മജ്ഞാനമാം ദിവ്യദീപം
ആ നിൻകിടാങ്ങൾ കൊളുത്തിയതിപ്പൊഴും
ഹാനിപററാതെ സമുജ്ജ്വലിപ്പൂ.
മാതാവേ! മോഹാന്ധർ ഞങ്ങളും നിന്മക്കൾ,
ഹാ! താദൃശർക്കു സമാനോദര്യർ,
തിണ്ണമിടുക്കും തൊഴുത്തിൽക്കുളമ്പുംകൊണ്ടു.
തിണ്ണം തെളിഞ്ഞീടും സ്വാർത്ഥലുബ്ധർ!

Digitized By Kerala Sahitya Akademi

നിന്മക്കൾ ഞങ്ങളേ വേണ്ടുംപ്രകാരത്തിൽ
നിന്മക്കളാക്കിജ്ജഗത്തു പോററി
കാലവ്യത്യാസത്താലമ്മയ്ക്കു കൈവന്ന
വൈലക്ഷ്യം മാററട്ടേ ദേവദേവൻ.

———(ഠ)———

## ൭. ഭാരതീയപ്രാൎത്ഥന.

രണ്ടായി കൊല്ല,മടർകൊണ്ടുലകം കിടന്നു
തിണ്ടാടിടുന്നു; തിരുമേനിയിതെന്തുറക്കം?
കണ്ടാലുമിക്കെട്ടതി; കൺമുനയൊന്നുഴിഞ്ഞു
ഖണ്ഡാന്തകേ! ജനനി! ഭവ്യമിയററിയാലും. ൧

ഇയയാംഗലേയരെയുമായവരോടെതിൎക്കും
ഭൂയാതുധാനരെയുമൊന്നു തിരിച്ചുനോക്കി
നീയാക്കിണങ്ങുമിവരിൽ ജ്ജയലക്ഷ്മിയെന്നായ്
ന്യായാവകാശവഴി തീൎച്ചവരുത്തിയാലും. ൨

ഏതോ നിനച്ചിവിടെയോ പെട്ടമേവനോ ചെ-
ന്നേതോ ന്രുപൻെറ സുതനെക്കൊലചെയ്തുപോലും!
ഏതോ കണക്കിലുടനൂഴി തനിക്കു നേടാൻ
ചേതോഭിവാഞ്ഛ ബത! കൈസരുമാൻപോലും!! ൩

ത്തുററിൽപ്പുരം സമകം ചെന്നൊരുടമ്പടിക്കു
കാററിൽപ്പറപ്പൊരു വെറും കടലാസ്സുതുണ്ടും
നാററിൽപ്പതിഞ്ഞ വരയും സമമായി; വാക്കു
മാററിപ്പറഞ്ഞിടുകിലാ മാനവുമായിതിപ്പോൾ! ൪

പീരങ്കിയുണ്ടു; വെടിയുണ്ടകളുണ്ടു; ശാസ്ത്ര-
സാരം കിടക്കുമവിടെ,ച്ചലമൊന്നു മാത്രം
പാരം കിരീടമണിയോഷ്ണവലംബമെന്ന-
ന്നേരം കിശോരമതി കൈസർ നിനച്ചുപോയി! ൫

തഞ്ചാതെയെത്തിടുമരാതിയെ നോക്കി ലേശ-
മഞ്ചാതെകണ്ടബല ബെൽജിയഭൂമി ഏതിൽ

Digitized By Kerala Sahitya Akademi

അഞ്ചാമനാകുമൊരു ജോർജ്ജിനെയോർത്തിരുന്നു
പാഞ്ചാലപുത്രി ഭഗവാൻ ഹരിയെക്കണക്കേ. ൬

"പേടിക്കവേണ്ട സഖി! സിംഹപതാക മന്നി-
ലാടിക്കളിപ്പളവതിക്രമമബാധയില്ല;
കൂടിക്കഴിച്ചിലിനു ഞാൻ വരു"മെന്നു ചൊല്ലി-
യീടിൽക്കടന്നടരിനാംഗലനാട്ടമെത്തി. ൭

പാരല്പമെങ്കിലുമടക്കണമെന്നതല്ല;
ചോരത്തിളപ്പിൽ മിഴിമങ്ങൽ വളൎന്നതല്ല;
പോരത്രമേൽ ദുരിതമെന്നറിയായ്കയല്ല;
ധീരൎക്കു ധൎമ്മരതി സൃഷ്ടിയിലുള്ളതല്ലോ. ൮

ആരാണിതിങ്കലപരാധി? കുറെച്ചു യുക്തി
പോരാകിലപ്പുറവുമിപ്പുറവും കിടക്കും.
നേരാകമാനമൊരിടം; നെറികേടശേഷം
പാരാതെ മറ്റൊരിട; മിങ്ങനെയെങ്ങുമില്ല. ൯

ധൎമ്മംജയിപ്പതു, നശിപ്പതധൎമ്മമെന്നു
നൎമ്മത്തിനല്ല മറ പണ്ടരുളിച്ചെയ്കതെങ്കിൽ
ശൎമ്മത്തിനില്ല വഴി സൎവ്വവിരോധിയാമി-
ജ്ജൎമ്മന്യനാട്ടിനതു ഞങ്ങൾ ധരിച്ചിരിപ്പൂ. ൧൦

എന്നാലുമെത്രദിനമാ, യിനിയെത്രകൂടി-
ച്ചെന്നാകിലാണവധി? യീയടർമിന്നൽ തട്ടി
മന്നാകമാനമൊരുപോലെ കരിഞ്ഞിടുന്നു;
നിന്നാണെ സത്യമിതു നീയറിയേണമമ്മേ! ൧൧

പോരാളിമെയ്ച്ചുടുനിണപ്പുഴയങ്ങൊരേടം;
തോരാതെയുള്ള മിഴിനീർപ്പുഴ മറ്റൊരേടം;
പാരായപാരിലൊരു പാതിവരയ്ക്കുമിന്നു
നീരാടിടുന്നു നിലവിട്ടിവ രണ്ടിലൊന്നിൽ. ൧൨

പാരിച്ചിടുന്ന പണമൊക്കെയുമിക്കടുത്ത
പോരിൽപ്പൊരിഞ്ഞു പുകയാകുക കാരണത്താൽ
പാരിങ്കലെങ്ങുമൊരുപോലെ നടന്നു ഘോര-
മാരിദ്ര്യദേവത കളിച്ചു പുളച്ചിടുന്നു. ൧൩

Digitized By Kerala Sahitya Akademi

കോയിക്കൽത്തൊട്ടു കുടിലോളവുമുല്ലസിക്കു-
മീയിൻഡ്യയമ്മയുടെ മക്കളിലെത്ര വീരർ
സ്ഥായിക്കണഞ്ഞരികൾ നിർത്തിന 'വല്യതോക്കിൻ'
വായിൽപ്പതിപ്പു ജനനിക്കഭിമാനമേകി! ൧൪

ഏതായിടട്ടെ മൊഴി, യുള്ളൊരുപോലെയാണി-
ശ്വേതാസിതക്കു വിധിനൽകുവതെന്ന തത്വം
വീതാവലേപമടരിൽ ക്രിയകൊണ്ടു കാട്ടും
ഭ്രാതാക്കൾ നിങ്ങൾ ചരിതാർത്ഥരിലഗ്രഗണ്യർ! ൧൫

ഒററശ്ശരീരമുയിരോ, പണസഞ്ചി കാശോ,
ചെററങ്ങു പേറുകിലതിന്നവകാശലേശം
മററല്പമാക്കിവിടെ, യാംഗലചക്രവർത്തി-
യ്ക്കററംവരെയ്ക്കുമടിയങ്ങളധീനരമ്മേ! ൧൬

ആ മാനി ജോർജ്ജുനൃവരൻെറ കഴുത്തിലോമൽ-
പ്പൂമാലചേർത്തു ജയലക്ഷ്മി പുണർന്നിടാതേ
നാമാരു പിന്തിരിയു, മക്കടവെത്തുവോള-
മീമാതിരിക്കടെരിനിൻഡ്യ തയാറുതന്നെ! ൧൭

കേൾക്കുന്നു സാദ്ധ്വികൾ പുലർത്തിടുമാർത്തനാദം;
വായ്ക്കുന്ന ദുഷ്ടത വഹിപ്പൊരു വൈരിവൃന്ദം
തോൽക്കുംദിനം വരുവതു,ണ്ടതു നീ കനിഞ്ഞു
നോക്കുന്നുവെങ്കിലിനി വന്നതുതന്നെയമ്മേ! ൧൮

ആളെത്ര ചത്തു! പണമെത്ര തുലഞ്ഞു! പോരിൽ
നാളെത്രപോയി! നലമേറിടുമാംഗലേയർ
ചീളെന്നു നിൻകരുണയാൽ ജയമേത്തുകൊണ്ടും
നാളെയ്ക്കു നേർവതു നേട്ടമിന്നുതന്നെ: ൧൯

ഏതുഗ്രമൂർത്തിയെയുമെന്നുമടക്കിവയ്ക്കാൻ
ചാതുര്യമേറിന മിഴിത്തല തെല്ലിളക്കി
നീ തുറ്റുമിപ്പൊഴിതിലിപ്പടയെന്നു ചൊന്ന
ചാതുർദ്ദശത്തിനൊരു ശാന്തി വരുത്തുകമ്മേ! ൨൦

# വ്യ- ഹിര.

പാതിയും രാവിൽപ്പോയി; പാഴമാവാസ്യപ്പാമ്പു
വാ തുറന്നല്ലോ! പാരും വാനവും വിഴുങ്ങുന്നു;
അക്കൊടും മലമ്പാമ്പിൻ ക്രൂരിതൾക്കൊക്കോളത്തിൽ-
ച്ചിതെന്നിച്ചരാചരം സർവവും മൂർച്ഛിക്കുന്നു.
തന്മണാളനെത്തേടി രാത്രിദേവിയാൾ വാടി
നന്മുടിക്കെട്ടഴിഞ്ഞു നാലുപാടും ചിന്നുന്നു;
രണ്ടുയാമം കാത്തിട്ടും നാഥനെക്കാണാഞ്ഞിട്ടു-
ക്കൊണ്ടൽവേണിതന്മുഖം മേൽക്കുമേൽക്കറുക്കുന്നു.

രണ്ടുമൂന്നു താരങ്ങളുങ്ങിങ്ങു മങ്ങിക്കാണ്മൂ-
വിൺതാരകക്കാട്ടിലെത്തൈമിന്നാമിനുങ്ങുകൾ.
ആയവ താഴത്തേയ്ക്കു വീശിന നിഴൽ പോലെ
രാജഗേഹത്തിൽ ചില റാന്തലുമെരിയുന്നു.
തീരെയുൾക്കനംവിട്ടു ദീനരായ്ത്തരളരാ-
യാരെയപ്പോർ 'ഡ്രെസ്സ്'ണിപ്പാറാക്കാൻ പേടിക്കുന്നു?
ഇത്തരം ഭീ നിങ്ങൾക്കുമേകുവാൻ പോരുന്നേതാ
കുത്താക്കത്തിരുട്ടിന്റെ ക്രൂത്തടിക്കൊലാഹലം?
ആയതാവില്ല ഹേതു; പോകനാമകത്തേയ്ക്കു;
കായുമുള്ളോടങ്ങൊരു കാർവേണിയിരിക്കുന്നു.
ഹാനിയെന്തന്യായമായ്പ്പററിപ്പോയ്ത്തദാനനം
ഹാ! നിശീഥാംഭോജത്തിൻസാധർമ്മ്യംവഹിക്കുന്നു?

രാജമാനപ്രഭാവയത്തനചിയല്പം മുമ്പു
രാജസ്ഥാനസാമ്രാജ്യലക്ഷ്മിതൻസപത്നിയാൾ;
അപ്പൊഴോ ശത്രുക്കളാൽ വഞ്ചിച്ചുകൊല്ലപ്പെട്ട
തൽബ് ഭർത്താവിനെപ്പിരിഞ്ഞാർത്തയായ്ക്കേഴുന്നാൾ!
അയ്യയ്യോ! ചക്രവാകി! തീരാത്തതല്ലോ നിൻ രാ;-
വന്യജന്മത്തിൽ മാത്രമായതിൻസൂര്യോദയം.
നടകൊള്ളിപ്പൂനിന്നെ മടവാർമുത്തേ! വിധി
ചുടുകണ്ണീർ തൂകിച്ചു ചുടലക്കളത്തോളം!

Digitized By Kerala Sahitya Akademi

ആയതിൻ രോമന്ഥത്താ,ലല്ലവൾക്കപ്പോളധി,-
യായാതമാമെന്നോർത്താണന്യമാമത്യാഹിതം.
ആർത്തിപ്പെണ്ണിനെദ്ദൈവം തക്ക തോഴിമാരോടു
ചേർത്തല്ലാതയപ്പീല മർത്ത്യരെപ്പീഡിക്കുവാൻ.
ഭാഗ്യമാം സേതു പൊട്ടിപ്പാഞ്ഞിട്ടും കാളിന്ദി താൻ
പാക്കിലാപ,ത്തെന്നെങ്ങതൊററത്തുള്ളിയായ് വീഴ്‌വൂ?
കൈയിലുണ്ടവൾക്കൊരു കാഞ്ചനക്കററക്കിടാ-
വായപത്യത്തെപ്പെററിട്ടബ്ദം രണ്ടാകും മുന്നേ
മാന്യനാമതിൻ താതൻ മാരിതനായിപ്പോയി!
ശൂന്യമായിപ്പോയി തത്സാമ്രാജ്യസിംഹാസനം!
ആരകാണ്ഡത്തിൽ കൊന്നു മന്നനെ;ത്തജ്ജന്മാരിയ-
ഗ്ഘോരഘാതകൻ 'നക്രബാഷ്പ'വാരുണാസ്ത്രത്താൽ
പൌരരെബ്ബന്ധിച്ചയ്യോ! നിർല്ലജ്ജം വിശ്വസ്തയാ-
മാരാജ്യശ്രീയെത്തന്റെ ശുദ്ധാന്തമാക്കീടിനാൻ.
ഭൂമി തൃഷ്ണയാലെത്ര പൂതിഗന്ധമായ്! കാണ്മിൻ
സ്വാമിഹത്യയ്ക്കുമീതേ സാധ്വീ തൻ ബലാൽകാരം!

ചെന്തളിരുടലാടിപ്പട്ടടക്കിടക്കയ്ക്കും
തൻ ദഗ്ദ്ധമെയ്ക്കും നടക്കീശ്വരൻമുൻപേതന്നേ
ഹത്യതാനാത്മാവിന്നു നൽകായ്‌വാൻ വരച്ചിട്ട
സത്യവാഗ്രേഖപോലെ ശോഭിക്കും തദർഭകൻ;
താരുണ്യോഷഃകാലത്തിൽ സാമ്രാജ്യകിരീടമാം
സൂരനെശ്ശിരസ്സിങ്കൽ ചൂടേണ്ട പൂർവാചലം;
തൻകുലം വിളക്കിയും താങ്ങിയും നിന്നീടേണ്ട
മംഗല്യമണിദീപം, മദ്ധ്യമാണിക്യസ്തംഭം,
തൻകരത്തെവള്ളിയിൻതണ്ടത്തിട്ടും മണിത്തത്ത
കൺകുളിർക്കണിത്തൊത്തു; കൈവല്യപ്പൊന്നിൻകുടം:
ആയതിന്നത്യാപത്തൊന്നാരാവിലാസന്നമെ-
ന്നായതാക്ഷിയോടാരോ ചൊൽകയാണശരീരി.
അന്തരാത്മാവോ? കുലദൈവമോ? മററെന്തൊന്നോ?
ഹന്ത! തയ്യലാൾ കാണ്മൂ തദ്വാക്യം ഭൂതാർത്ഥമായ്.
എന്തുകൊണ്ടു പാടില്ല? ദുഷ്ടമർത്ത്യനാം ഹിംസ്ര-
ജന്തുവിൻതിന്മയ്ക്കുണ്ടോ മാനവും മര്യാദയും?

Digitized By Kerala Sahitya Akademi

താമരം കോടാലിയാൽ കണ്ടിച്ചു കൊടുക്കെയ്ക്കു
താമരക്കുരുന്നിനെ നുള്ളുവാൻ നഖം പോരേ?
അഞ്ചിടാ,തെല്ലു പാപഗോഴകൊണ്ടും മന്നന്റെ
പുഞ്ചിരിപ്പൂമ്പട്ടാരു പൂണ്ടിടാൻ മോഹിപ്പീല?
സൂനഗാത്രനാം തന്റെ സൂനുവിന്നന്നേട്ടിനം
സൂനക്കല്ലായിത്തീരാ സൂതിഗേഹത്തൊട്ടിലും.
'വാതില്ക്കലാരോ വന്നു മുട്ടുന്നു;' 'ശങ്കിക്കേണ്ട,
ഘാതകന്മാരല്ലത്തു; യാമികൻ ജഗൽപ്രാണൻ'.
'ജാലകം വഴിക്കാരോ നോക്കുന്നു;' 'പേടിക്കേണ്ട,
കാലദൂതരല്ലത്തു; കട്ടിക്കുരിരുൾപ്പിണ്ഡം.'

തന്നോടിമ്മട്ടോരോന്നു താനേ സല്ലപിക്കുമ-
പ്പൊന്നോമനത്തയ്യലിൻ പൂങ്കവിൾക്കണ്ണാടിയിൽ
നൂനമേതോ വൈവർണ്ണ്യം പൂത്തനായ് പുളപ്പതും
തൂനെറ്റിത്തിങ്കൾ വേർപ്പിൻതുള്ളിയിൽ കുളിപ്പതും
കണ്ടുകണ്ടംബരന്നു കല്യയാം തദ്ദാസിയാൾ
കൊണ്ടൽവേണിയോടൊന്നു കൂപ്പുകൈയായോതിനാൾ:-
"എന്തമ്മ! തമ്പുരാട്ടി! യെന്തിപ്പോളാലസ്യമെ-
ന്നെന്നോടു കല്പിക്കണേ! താമസിക്കൊല്ലേ തെല്ലും?
പണ്ട ടപഴകിയ ബാധകൾ വിട്ടുപണി-
കൊണ്ടിരിക്കുന്നു പുത്രൻ മാൽപ്പു! ശാഫിതേതയ്യോ!"
റാണിയോടിമ്മട്ടോതിത്തൻനെറ്റിവേർപ്പൊപ്പിനാൾ
പാണിത്തുവാലത്തുമ്പാൽ പാവമപ്പാവം ദാസി.

അന്യയല്ലല്ലോ സാർവഭൌമസംഘക്കുട്ടിയെ-
സ്തന്യപാനം ചെയ്യിക്കും ധാത്രിയാമത്തന്വിയാൾ.
തന്റെ നായികയ്ക്കൊപ്പം നവ്യവൈധവ്യവ്യഥ
ഹന്ത! പൂണ്ടങ്ങു വാഴ്വോൾ താനും തൻകിടാവുമായ്.
വാരിളന്തളിരൊളി വായ്ക്കുമക്കിടാവിൻമെയ്
വാരി മാറിൽ ചേർത്തണച്ചുമ്മവച്ചുപോമാറും.
ആ രണ്ടു മാതാക്കളുമാരോമൽ കുഞ്ഞുങ്ങളും
ചേരുന്നോർ തന്നെ തമ്മിൽ വൈരവും പൊന്നുംപോലെ.
തൻകിടാവിൻ ധാത്രിയാൾ ചക്രവർത്തിനിക്കെന്തു
കൈങ്കര്യം? തന്വിക്കവൾ തോഴിയും ജ്യേഷ്ഠത്തിയും!

Digitized By Kerala Sahitya Akademi

ഓതിനാൾ റാണി। “യയ്യോ! ഹീരേ! ഞാനെന്തോതേണ്ടു
ഖേദ,മെൻ ഹൃത്തീ രാത്രി കാളരാത്രിയായ്ക്കാണ്മൂ!
നിന്മണിക്കൈത്താരേപോലവർക്കുള്ളം കുളിർപ്പിപ്പൂ;
നിർമ്മലപ്പാലാലാക്കും നിത്യസൌഹിത്യം വായ്പൂ;
തിങ്കൾനേർമുഖം കോമളമകിടാ,വെന്നോമന-
ത്തങ്ക,മെൻ നേത്രാഞ്ജന,മെൻ പ്രാണാധികപ്രാണൻ
തൂവെൺപുഞ്ചിരിക്കതിർ തൂകിനുക। തൊട്ടിലിൽ-
പൂവൽമെയ് തണുപ്പിച്ച പുണ്യാത്മാവുറങ്ങുന്നു.
ഈ നിദ്രവിട്ടില്ല മേൽക്കണ്മിഴിപ്പെൻപൈതലി-
നാനന്ദഹാസംതാ,നന്ത്യമാമാഹ്ലാദനം;
എന്നു ഞാനറിഞ്ഞുപോയ് സൂക്ഷ്മമാ,യയ്യോ! പിന്നെ-
യെന്നുടപ്പിറപ്പ്! ഞാനേതുമട്ടുഴലേണ്ടു!
ഘാതകന്മാരുണ്ടതാ തയ്യാറായ് വാതിൽക്കൽ”ലെ-
ന്നോതിയും പൊട്ടിക്കരഞ്ഞോരോന്നു പുലമ്പിയും
താഴെ വീണുഴന്നിട്ടും തമ്പിയെത്താങ്ങിക്കൊണ്ടു
പാഴുറവുത്തര ദാസി ഭാവജ്ഞ ചൊന്നാളേവം:—

“ വേണ്ട വേണ്ടമ്മേ! ഖേദം; ഞാനിതിന്നൊരുവഴി
വേണ്ടപോലുണ്ടാക്കിടാം ; വിശേശൻ തുണയ്ക്കട്ടേ!
തന്നുണ്ണിത്തമ്പുരാൻ്റെ ചാരുവേഷഭൂഷക-
ളെന്നുണ്ണി പൂണ്ടിപ്പൊഴിത്തൊട്ടിലിൽക്കിടക്കട്ടേ!
ഏതൊന്നിനായ് മാത്രം ഞാ,നേകിനേൻ പിറപ്പവ,-
ന്നേതൊന്നു ചെയ്കാലവൻ പൌരനും പുമാനുമാം;
സ്വാമിക്കു വേണ്ടിത്തൻ്റെ ജീവനെ ത്യജിക്കുന്നൊ-
രാ മഹത്താം ധർമ്മത്തെ-യാത്മജന്മോദ്ദേശ്യത്തെ-
ഇപ്പോഴോ പത്തൻപതു വത്സരം കഴിഞ്ഞിട്ടോ
മൽപുത്രൻ സാധിച്ചാലേ മാതാവേ! മതിവരൂ!
പിന്നെ, 'ശ്ശുഭസ്യ ശീഘ്ര'മെന്നില്ലേ? നടക്കട്ടെ-
യിന്നു വേണ്ടതാം കാര്യമീ മുഹൂർത്താന്തിൽത്തന്നെ.
പങ്കമേ പററാത്തതാം പ്രായത്തിൽച്ചെയ്തീടട്ടെ-
യെൻകിടാവതിൻകൃത്യമേകാഗ്രഹൃദയമായ്.
തന്നെത്താൻ കുലത്തോടു തജ്ജന്മദേശത്തോടും
ധന്യമാക്കീടട്ടേയപ്പൈതലിൻ പ്രാണാധാരം.

Digitized By Kerala Sahitya Akademi

ഇപ്പോഴേ ചക്രവർത്തിനിക്കൊത്ത തമ്പുരാനെ ഞാ-
നിഷ്പുഷ്പമഞ്ജൂഷയിൽ മറെറാരു പൂമാലയായ്
വച്ചൊളിച്ചുകൊണ്ടുപോയ് വല്ലിടത്തും ചെന്നെത്തി
നിശ്ചയംവളർത്തുവാൻ നിന്തിരുവടിയാണേ!"

ഏവമോതിനാൾ ഹീര-യല്ലധീര-യെന്നിട്ടു
ദേവിയെസ്സാകൂതമായ് നോക്കിനാളരക്ഷണം.
ആ മഹാരാജ്ഞിയസ്തപ്രജ്ഞയായ്ക്കിടക്കുന്നു;
താമസിച്ചാലോ തെററി സർവ്വരക്ഷോപായവും;
നന്മയിൽപ്പെട്ടെന്നുണ്ണിത്തമ്പുരാന്റെ വേഷത്തിൽ-
ത്തന്മണിക്കിടാവിനെത്തങ്കത്തൊട്ടിലിൽച്ചേർത്താൾ,
കണ്ടാലും കരഞ്ഞാലും രണ്ടുമൊറ്റപ്പാതാനെന്നു
കൊണ്ടാടി വാഴ്ത്തിക്കൊണ്ടാളുകൾപ്പുറമാൽ സർവ്വേശനെ.
തന്മുഖം കുനിച്ചതിൽ താരിതൾക്കവിൾത്തട്ടി-
ലമ്മയൊന്നമ്മവച്ചാ,ളശ്രുമുത്തണിയിച്ചാൾ
ശീഘ്രമായ്പ്പിന്നെക്കൊച്ചുമന്നവൻതാൻ പൂമെയ്മേല
പൂക്കൂടയ്ക്കകത്താക്കിപ്പൂരിച്ചു മോദത്തോടും
മററു പൂമാലത്താഴ്ച്ചൂഴവേ പോയാൾ,കൊണ്ടു
തെററന്നഗ്ഗൃഹം വിട്ടു ധീരോദാത്തയാംസതി.
ജയിക്കു രാജഭക്തി നാരിയായ് ജനിച്ചോളേ!
ജയിക്കു രാജസ്ഥാന സാമ്രാജ്യം രക്ഷിച്ചോളേ!
എത്രമേലമാവാസ്യക്കൂരിരുട്ടെതിർത്താലു-
മുൾത്തിങ്കൾ മാർഗ്ഗം കാട്ടും; പോകനീ സഹോദരി!
ചേലിൽനിൻഭാരം സാക്ഷാൽ ശ്രീഭ്രകാന്തനെങ്കില-
ക്കാളിന്ദീപ്രവാഹം നിൻ കാൽപ്പടം നനയ്ക്കുമോ?
കേവലം ഭീരുവല്ല നീയിപ്പോ,ളേതോ മഹാ-
ദേവതാചൈതന്യംനിൻ ദേഹത്തിൽ സ്ഫുരിക്കുന്നു!

വീണില്ല ബോധം റാണി,ക്കപ്പോഴേയ്ക്കുമങ്ങെത്തി
പാണിയിൽ ഖഡ്ഗം പൂണ്ട പാപികൾ രണ്ടാളുകൾ;
പ്രാണിപീഡാരാക്ഷസീപാണിപീഡനം കോലും
ക്ഷോണിതൻ കളങ്കങ്ങൾ;മർത്ത്യമെയ്ക്കശാപ്പുകാർ;
കാലണയ്ക്കവന്റെയും കണ്ഠഖണ്ഡനംചെയ്തു
കാലന്നുണേകീടുന്ന കാരിരുമ്പിൻതുണ്ടുകൾ.

Digitized By Kerala Sahitya Akademi

കേറിനാർ തുറന്നിട്ട വാതിൽമാർഗ്ഗമായുള്ളിൽ;
തേറിനാർ മഹാരാജ്ഞി സുപ്തയെ,ന്നനന്തരം
തൊട്ടിലിൽപ്പുതുക്കെട്ടപ്പായ് നോക്കിനാരുറങ്ങുന്ന
കുട്ടിയെ-ദൈവത്തിൻെറ കോമളപ്രതിമയെ—
പാതിക്കൺമിഴിച്ചിട്ടും പാതി വാ തുറന്നിട്ടും
പാതിവെൺപൂപ്പുഞ്ചിരിപ്പാൽ മെയ്യിൽപ്പകർന്നിട്ടും;
ചേലിൽക്കേളികളെല്ലാം ചെയ്യാർ പൈതലിൻരണ്ടോമൂന്നോ
കാലണിത്തങ്കത്തളകളൊതിമ്പകളിലുകളൊടും.
ജന്തുജീവാപഹാരം നിത്യകർമ്മമായോരോ-
ടെന്തുതാനസാദ്ധ്യയ്ക്കും കേൾവിക്കും സാധിക്കാവൂ?
ചെന്തീക്കും ശുഷ്കമാകുമിന്ധനത്തോടാം പ്രിയം;
ഹന്തകാമമന്നോ തുല്യം ഡിംഭനും സ്ഥവിരനും!
മറെറന്തുരപ്പൂ? രണ്ടു മാരണകാർകൊണ്ടല്പം
തെററന്നു ഹാഹാ! തൻ കൈമിന്നൽവാളുലയ്ക്കുന്നു;
താഴുന്നു ചെന്നൊന്നതിൽത്താരൊളിത്തങ്കത്തിൻെറ
പാഴററ വായ്പോരിളങ്കന്ദകന്ദളത്തിന്മേൽ.
തൃഷ്ണയാം പിശാചിയെത്തൃപ്തയാക്കാനക്രൂരർ
പൊട്ടിച്ചു ശൈശവഗാത്രം താനതിൻ മുറിരണ്ടും
ചുററുഭാഗവും കാണപ്പെട്ടന്നാം, വഴിഞ്ഞൊട്ട
തെററിപ്പൂക്കളെപ്പോലെ, ചെഞ്ചോരക്കണങ്ങളാൽ.
സ്വാമിക്കായ് പ്രാണാഹുതി ശൈശവത്തിലേ നൽകു-
മാമണിക്കുഞ്ഞിൻ ദേഹിയംബരത്തിൽപ്പാഞ്ഞുപോയ്
പുത്തനാം നക്ഷത്രമായ്-ദൈവത്തിൻകരത്തിൽ നി-
ന്നിത്രിലോകിനേടിന കീർത്തിമുദ്രയായ്-മിന്നി.
"ചങ്ങാതി കാണെൻ വാളിൽച്ചോരമേ പുരണ്ടില്ല;
മങ്ങാതെ കാച്ചട്ടേയോ തെല്ലതു കഴുത്തുഞാൻ?"
"വേണ്ട വേണ്ടപ്പാ! പോരും; വേണമെന്നാലെൻവാളു
പൂണ്ടുപൊയ്ക്കൊൾകേകവേണ്ടു മന്നവൻ തന്മുന്നിൽനീ."
എന്നോതിക്കൊണ്ടു ദുഷ്ടർ തൽഗൃഹം വിട്ടീടിനാർ;
പൊന്നോമലാളാം റാണിയും മൂർച്ഛവിട്ടെഴുന്നേററാൾ.

ഭീമമാമക്കാഴ്ച ദേവി തൻ കനീനികാ-
തോമരംപോലെകണ്ടാൾ; വാവിട്ടു മുറയിട്ടാൾ;

Digitized By Kerala Sahitya Akademi

ഫീരതൻ ലോകോത്തരസ്വാമിഭക്തിയോർത്തപ്പോ-
ളാരുൾക്കമഗാത്രിക്കാധിയായിരം മടങ്ങേറി.
"എന്തപൂർവ്വസാഹസം ചെയ്തു നീ ഹാഹാ! ഫീരേ?
ഹന്ത! നിൻ പൈതലെന്റെ മൌഢ്യത്താൽ മരിച്ചല്ലോ!
ആരാണെന്റെയും കുഞ്ഞിനായ് തൻകിടാവിനെബ്ബലി-
യ്ക്കാരേകും പെറ്റമ്മമാർ? ഭീമം നിൻ സ്വാർത്ഥത്യാഗം!
എൻകിടാവിന്റെ കുറ്റം മന്നനായ്പ്പിറന്നതാം;
നിൻകിടാവെന്തു ചെയ്തു മൂഢഗർഭമായ്ത്തീരാൻ?
ഹാ, ജഗത്തിൻ മംഗലപ്പൊൻവാടാവിളക്കു നീ;
രാജസ്ഥാനേശവംശപ്രതിഷ്ഠാപയിത്രി നീ;
ത്യാഗസാമ്രാജ്യത്തിന്റെ ധന്യചക്രവർത്തിനി;
ഭൂഗർഭപൂർവ്വപുണ്യശുക്തികാമുക്താമണി!
ഫീരേ! മദ്വയസ്യേ മൽസോദരി! മന്മാതാവേ!
പരേഴരണ്ടാലും നിൻ പാദകാന്തിക്കൊക്കുമോ?
ഓമനേ! തനിത്തളിർത്താങ്കമേ! ഹാഹാ! നിന്റെ-
കോമളപ്പൂമെയ്യിലോ ഘോരമാം ഖഡ്ഗം വീണു?
പാതിയേ വിരിഞ്ഞുള്ള പൈതലേ! നിന്മുട്ട നീ,-
യെത്തുമട്ടയ്യോ! പറന്നെത്തുന്ന വാനിൽപ്പിന്നെ?
നവ്യമാം സന്താനത്തിൻ നാമ്പടച്ചല്ലോ വിധി!
ദിവ്യനിർഝരവക്ത്രം ചെങ്കല്ലാൽ പടുത്തല്ലോ!'
എന്നരച്ചു പിന്നെയും മോഹിച്ചാൾ മഹാരാജ്ഞി-

* * * * *

വന്നുദിക്കുമോ വേഗം വല്ലമട്ടിനും സൂര്യൻ?

പോരും നീ ഞെളിഞ്ഞതു പൊട്ടക്കൂരിരുട്ടേ! നിൻ
മാരണശംഖൂതുന്ന മന്ദ്രമായ്പ്പൂങ്കോഴികൾ.
ധർമ്മദ്രോഹിയാം നിന്നെത്തച്ചുകൊല്ലുവാൻ തന്നെ
കർമ്മസാക്ഷിസ്വാമിതൻ കല്യാണകാല്യോദയം.
ചെന്തീയിൽപ്പഴുപ്പിച്ച മുദ്ഗരം ചിത്രായസം
നിൻതലയ്ക്കോങ്ങുന്നു ലംബാപലക്ഷം വിളു.
നിൻകള്ളക്കരിമ്പൂച്ചു നീങ്ങിപ്പോയ് ലോകത്തിലു-
ലംകരിക്കയായ് വീണ്ടുമസ്പഷ്ടനിദ്രമാം ബോധം!

Digitized By Kerala Sahitya Akademi

അത്യുൽക്കടാംഹശ്ശാഖിയപ്പൊഴേ ഫലം കായ്ക്കു-
മിത്തത്വമാ പ്രത്യൂഷം വ്യക്തമായ് വ്യാഖ്യാനിച്ചു.
യോഗ്യനായ് രാജ്യം വാഴും ദ്രോഹിതാൻ തത്സ്വാമിതൻ
പാഴ്ക്കൃതാന്തനെന്നപ്പോൾ പൌരന്മാർ ബോധിക്കയായ്;
തൽസുതൻതന്നെക്കൊൽവാൻ ധാർഷ്ട്യവാനാമപ്പാപി-
ക്കൌൽസുക്യം തലേദ്ദിനം വാച്ചതും ധരിക്കയായ്.
സംഘംചേർന്നദ്ദുഷ്ടനെസ്സക്രോധം വധിച്ചാരാ-
സ്സംവർത്തകാലോന്മീലച്ചണ്ഡസപ്താർച്ചിസ്സുകൾ.
ചേണുററ സിംഹാസനം വാഴുവാൻ ദൈന്യം വാച്ച
റാണിയെത്താൻ കല്പിച്ചാർ രാജഭക്താഗ്രേസരർ.

റാണിയും മന്ത്രീന്ദ്രരാൽ ചൂഴപ്പെട്ടുടൻ ഹീര
വാണിടും ഗൂഢസ്ഥാനം പ്രാപിച്ചാൾ ദുഃഖാർത്തയായ്.
ശങ്കവിട്ടാമങ്കതന്നങ്കപര്യങ്കത്തിങ്കൽ
തങ്കുന്ന തൻകൺമണി രിംഖൽതങ്കക്കിങ്കിണി.
തന്റെ വംശസ്ഥാപനം സാധിച്ച തൻദാസിയെ-
യിണ്ടൽ പൂണ്ടശ്രു വാർത്തു മാറിൽച്ചേർത്തണച്ചവൾ.
ഉണ്ടായ വൃത്താന്തമൊട്ടുക്കോതിനാളൊരുമട്ടിൽ-
തൊണ്ടയിൽ തടഞ്ഞിടും വാക്കാലുമാംഗ്യത്താലും.
ആ വർത്തമാനം കേട്ടാളാദ്യന്തം മനസ്വിനി
ഭാവഭേദമേശാതെ, ധന്യയായ് സംതൃപ്തയായ്.
തന്മണിക്കുഞ്ഞിൻ നഷ്ടം തപ്തബാഷ്പം വീഴാതെ-
യമ്മങ്ക കാതാൽ വാങ്ങിജ്ജന്മസാഫല്യം പൂണ്ടാൾ.
'ഹീരേ! മദ്ധീരേ! പോകാം കോലകത്തേ'യ്ക്കെന്നോളു-
മാരാജ്ഞിയാളെത്തടുത്തപ്പുറമണത്തിനാൾ.
'സ്വീകരിച്ചാലും ശീഘ്രം! സ്വീകരിച്ചാലും ദേവി!
ലോകാനന്ദകന്ദമാമീയോമൽക്കിടാവിനെ.
ഈ മണിത്തിങ്കൾത്തെല്ലിൻ പൂനിലാവിനാൽ മേന്മേൽ
വ്യോമവും പാരും നേടും ശൈത്യവും ധാവള്യവും.
കുട്ടനെക്കൈയാൽ വാങ്ങിക്കൊണ്ടുപോയ് കൊട്ടാരത്തിൽ
ഭട്ടിനി! വളർത്താലും! ഭാവുകം ഭവിക്കട്ടേ!
ഞാനെന്റെ ജന്മോദ്ദേശം സാധിച്ചോൾ; മേലെന്തെനി-
ക്കൂനമററനുഷ്ഠിപ്പാനൂഴിയിൽ കൃത്യാന്തരം?

Digitized By Kerala Sahitya Akademi

അങ്ങതാ!—വാനത്തുനിന്നൻപാർന്നനിൻതായെ,യെൻ
മംഗലപ്പൊൻപൈതലേ! മാടി നീ വിളിക്കുന്നോ?
എൻമുലപ്പാൽ ഞാൻ നിനക്കേകുവാനിതാവന്നു!
കണ്മണി! കരയാതെ കാൽക്ഷണം കിടക്കണേ!”
എന്നോതിയെങ്ങോ പോവാൻ തയ്യാറായ് നിന്നാൾ ഹീര;
തന്നോടു ചൊല്ലും തത്ത്വം രാജ്ഞിയും ധരിച്ചീല.
“ഹീരേ! ഹാ! ഹീരേ! നീയെന്തോതുന്നു പിച്ചും ഭ്രാന്തും?
പോരേ പോരെന്നോടൊപ്പം കോലകത്തേക്കെൻ സഖി!
ഇത്തങ്കത്തിനാരമ്മ നീയല്ലാതെന്നോമനേ!
ദുഗ്ദ്ധാന്നദാനംകൊണ്ടും മൃത്യുഭീത്രാണംകൊണ്ടും?
വാഴിപ്പൻനിന്നെത്തന്നെ റാണിയായ് ഞാനെന്നിഷ്ട-
തോഴി! യയ്യോ! വേർപെട്ടുപോകൊല്ലേ! പോകൊല്ലേ! നീ”
ഓരോന്നു ചൊന്നാൾ റാണി, ഹീരതൻ ചെവികളിൽ
തീരെയാവാക്യങ്ങൾക്കു ചെന്നെത്താൻ സാധിച്ചീല;
സ്വാമിഭക്ത്യാദർശമായ് ശോഭിച്ചോരദ്ദാസിയാൾ
കാമമാത്മജപ്രേമം മൂർച്ഛിക്കും മാതാവപ്പോൾ.

രാജ്ഞിയെസ്സാഷ്ടാംഗമായ് മേൽക്കുമേൽ വണങ്ങിയ
പ്രാജ്ഞി--പോരല്ലാപ്രാജ്ഞ--യാസ്ഥലം വെടിഞ്ഞുടൻ
തോക്കുവിട്ടു പാഞ്ഞീടുമുണ്ടയെക്കാൾ വേഗത്തി-
ലൂക്കെഴുംസമീപത്തെയാററിൽപോയ് ച്ചാടീടിനാൾ.
പേർത്തുമാസ്ഥലത്തുണ്ടാംബുൽബുദങ്ങൾ ചെയ്തതാ-
മൗർദ്ധ്വദേഹികപ്രസംഗാന്തത്തിങ്കൽ മാത്രമേ
റാണിക്കും മറവുള്ളോർക്കുമങ്ങെത്താൻ കഴിഞ്ഞുള്ളൂ;
ക്ഷോണിമന്ദഭാഗ്യയായ്; തദ്ദീപം പൊലിഞ്ഞുപോയ്.
ചെന്നവർ പുഴക്കുവക്കല്ലറയ്ക്കകം ചേർത്താർ
കണ്ണുനീർക്കണക്കൂടമുല്ലത്തുമലർമാല്യം.
ഏററവും വിലപിച്ചു വാങ്ങിനാർ പിന്നെത്തിരി-
ച്ചാറേറാളുമന്നയാത്രയെന്നല്ലോ പരമൊഴി.

* * *

ഹീരയെദ്ദഹിപ്പിച്ച ദിക്കിൽത്തൽസ്മൃതിക്കായി,-
ച്ചാരുവാമൊരാലയം റാണിയാൾ തീർത്തിനാൾ.

Digitized By Kerala Sahitya Akademi

അന്നൻമഠത്തെക്കാണാമാററുവക്കത്തിപ്പോഴും
മന്നാംപാന്ഥാശ്രമത്തിൻ മഞ്ജുളാലേഖ്യംപോലെ.

—(0)—

## ൯ മഹാമേരുവിന്റെ മനസ്താപം

———

മേരുമേരുവെന്നുള്ള പേരുപൂണ്ടില്ലേ മഹാ-
ചാരുരൂപനാമൊരു ശൈലരാജൻ?
അജ്ജഗജ്ജ്യോതിസ്സാകമദ്രിതൻമേൽപ്പണ്ടൊരു
കൊച്ചുടസ്ഥാക്കുരുവിക്കൂടുകെട്ടി.
വേരിലും സ്കന്ധത്തിലും കൊമ്പിലും പുതുമഞ്ഞ-
ത്താരിടതിങ്ങിനിൽക്കും കണിക്കൊന്നയിൽ
ഓമനമന്ദാകിനിത്തൂമലർമണംതൂകും
തൈമണിക്കുളിർക്കാററിൻ തലോടലേൽക്കെ
പാടിയും പക്ഷം വിരിച്ചാടിയും ബ്രഹ്മാനന്ദം
നേടിയും വാണീടുമച്ചെറുകിളിയെ
സ്വപ്നസൌഖ്യത്തിൽനിന്നും ശ്രോത്രശല്യമാമേതോ
തപ്തദീർഘശ്വാസിതം തടഞ്ഞുണർത്തി.

ആ നെടുവീർപ്പു സാക്ഷാലദ്രിസാമ്രാട്ടാം തത്-
സാനുവിൻ ഹൃത്തട്ടിൽനിന്നുയർന്നതത്രേ.
ആശ്ചര്യമത്യാശ്ചര്യമായതിൻ മൂലമെന്തെ-
ന്നാച്ചെറുപക്ഷിയോർത്തോർത്തമ്പരന്നു.
ഏതും പൊരുൾതിരിയാഞ്ഞെറുമാ യാതനതൻ
ഹേതു ഹേമാദ്രിയോടു ചോദ്യംചെയ്തു.
"എന്തിതെന്തെൻപിതാവേ! കേൾപ്പതെൻചെവി? ദുഃഖം
നിന്തിരുമേനിയിലും നിലീനമെന്നോ?
സാനുവും നിതംബവും ശൃംഗവുമാമൂലാഗ്രം
നൂനമങ്ങേയ്ക്കു പൊന്നും മണിയുമല്ലേ?
സൂര്യബിംബവും സാക്ഷാൽ ശൌരിതൻ തൃച്ചക്രവു-
മാര്യനാമങ്ങേയ്ക്കിലംശകലമല്ലേ?

Digitized By Kerala Sahitya Akademi

ഇത്ത്രിലോകിത്തയ്യലിന്നങ്ങല്ലേ മാർത്തട്ടിലേ
മുത്തണി...............യും കെടാവിളക്കും?
നന്ദനാരാമംവിട്ട നാഥരൊത്തെത്തും നാക-
സുന്ദരിമാർക്കങ്ങല്ലേ സുഖൈകഗേഹം?
കാമമെന്തങ്ങേക്കിനിക്കൈവരേണ്ടതൊന്നുള്ളു
കാമനീയകക്കതിർക്കളിത്തിടമ്പേ?”

ഓതിനാൻ പ്രത്യുത്തരമുത്തമാദ്രീന്ദ്രൻ “അഴ-
ലേതെനിക്കെന്നോ? കേൾ നീ! കിളിക്കിടാവേ.
മുന്നം ഞാനുണ്ടായനാൾ മുററുമെൻ മെയ്യിങ്കലും
നിന്നൊടൊപ്പം രണ്ടുസ്സൽച്ചിറകിരുന്നു.
അച്ചിറക് -അയ്യയ്യോ! മൽഭാഗ്യവിപര്യയമേ! -
വജ്രമുലച്ചു വെട്ടിക്കളഞ്ഞു ശക്രൻ.
ഞാനവനോടൊന്നിനും പോയതി,ല്ലെന്നനപായ-
മൂനപക്ഷമാക്കാനന്നുഴറി വജ്രി.
ആവഴിക്കേററു ഞാനും ഹാ! ശതകോടിപാത-
മാവതെ,ന്തന്നു മുതൽക്കിവണ്ണമായി.
എന്തിനു ദൈവമെനിക്കേകിയാപ്പക്ഷദ്വന്ദ്വം?
എന്തിനു പിന്നീടതു തിരിച്ചെടുത്തു?
സൂരദഗ്ദ്ധമാം പക്ഷം സുന്ദരം വീണ്ടുമാർന്നു
ശൂരസമ്പാതി വത്സൻ സുകൃതിതന്നെ;
ആവിധമൊരു മോക്ഷമാരെനിക്കേകുന്നു? ഞാൻ
ഹാ! വിധേ! ജീവച്ഛവം കടശ്ശിയോളം!
വാസവൻ വാനോർകുലനാഥനെന്നെത്തൻസുഖ-
വാസഗേഹമായ്ത്തീർപ്പു മഹാമദാന്ധൻ;
ആയിരമുണ്ടെങ്കിലുമക്ഷിയെന്നുൾത്തട്ടിലെ-
ത്തീയവൻ കാണുന്നീല ദയാദരിദ്രൻ.
ആർപ്പും വിളിയുമാളും തദാപ്തുക്കൾക്കെൻ നെടു-
വീർപ്പുകേൾപ്പാനുണ്ടാമോ ശ്രവണരന്ധ്രം?
വേണ്ട,വരെന്നെക്കൊണ്ടേ മേൽക്കുമേൽ സുഖിക്കട്ടേ;
വേണ്ടമട്ടതിൻപുണ്യമെനിക്കു ചേരും.
മുപ്പുരം ലോകങ്ങളേ മുററുമിട്ടുലയ്ക്കവേ
ചിൽപുമാൻ ശർവനെന്നെക്കുലവില്ലാക്കി
ഇന്ദ്രനെപ്പാലിച്ചില്ലേ? വെന്നതാരന്നേദ്ദിനം?
ഛിന്നപക്ഷനാം ഞാനോ? കുലിശഭൃത്തോ?

Digitized By Kerala Sahitya Akademi

പാദപം പാദപമായ് നിൽക്കുകിൽക്കുളിർ നൽകും;
പാഴ്‌വിറകായ്പ്പതിച്ചാൽ കുളിരകററും;
ചേലാലുമതിന്മട്ടു മാകിലും സത്തുക്കൾതൻ
വേലയൊന്നത്രേ നൂനം—പരോപകാരം.
ആകയാൽ ശതമന്യുവാശപോലെന്മെയ്യിൽ വാ-
ണാകവേ പുണ്യഫലം ഭുജിച്ചിടട്ടേ;
നഷ്ടമെല്ലാമങ്ങോർക്കും ലാഭമെല്ലാമെനിക്കും
വിഷ്ടപേശൻ നൽകുന്നു വിചിത്രവൃത്തൻ!
എങ്കിലും വല്ലപ്പൊഴുമെൻ ചിറകില്ലെന്നുള്ള
സങ്കടം തള്ളിക്കേറിത്തലക്കൊള്ളുന്നു;
പക്ഷമൂലം ശൂന്യമായ്പ്പാർത്തുകാണവേ ചിത്തം
തൽക്ഷണം വല്ലായ്മയ്ക്കു വശപ്പെടുന്നു.
വത്സ! നീ പക്ഷം വിരിച്ചാടവേ നിന്നെക്കണ്ടു
മത്സമാധാനത്തിന്നൊരിടച്ചിൽ വന്നു.
പള്ളിവില്ലാക്കീടിന ഭർഗ്ഗനൊരമ്പായെന്നെ-
ത്തള്ളിവിട്ടീലല്ലോ! ഞാൻ തനിച്ചപാപി!!
അങ്ങനെയായിരുന്നാലക്ഷണം വീണ്ടുമൊരു
ജംഗമമായേനേ ഞാൻ; ജയം പൂണ്ടേനേ.
അന്തരിക്ഷത്തിൽപ്പറന്നർദ്ധനിമേഷം വാഴ്‌വാൻ
ഹന്ത! പററീലല്ലോ! ഞാൻ ഹതവിഭവൻ!
എന്നതുനിൻകാഴ്ചയാലെൻ മനമോർത്തത്രേ ഞാ-
നിന്നേടുവീർപ്പിട്ടതെൻ സഹോദരനേ!
ഹാ! ചരമായ്പ്പിറന്നു ഞാൻ വെറുമചരമാ-
യീ ജഗത്തിലെത്രനാളംകഴിച്ചുകൂട്ടും?
ജന്മമയ്യയ്യോ! പാഴാമിമ്മലയ്ക്കുപയോഗം
പൊന്മണികളാലെന്തു വരേണ്ടതുള്ളൂ?
ഭാരമേ ഭാരമിവ പാരിന്നുമെന്മേനിക്കു-
മാരിവയ്ക്കായ്ത്തിരിച്ചെൻ ചിറകുനൽകും?
ഇവയെ നീ കേട്ടതായ് വയ്ക്കയേ വേണ്ട; പാട്ടു
കീഴ്‌ക്കടേപോലെപ്പാടാനാകുക കുഞ്ഞേ!"

ഏവമോരോന്നുചൊല്ലിദ്ദേവതാത്മാവാകുമ-
സ്ഥാവരസാർവ്വഭൗമൻ വിരമിക്കവേ

Digitized By Kerala Sahitya Akademi

"ദൈവമേ! നിഷ്പക്ഷൻ നീ; നിൻ വരവിതരണ-
മേവനിലും തുല്യം." എന്നെടുത്തുകൂറി
ത്തോടി വിട്ടർത്തി വീണ്ടുമീശ്വരനെപ്പുകഴ്ത്തി-
പ്പാടിയുമാടിയുമപ്പതത്രി വാണു.

:o:

## ൧൦ ഒരു വീരമാതാവു.

പെരുമ്പടപ്പാഴി പടന്നിരുന്ന
പെരുമ്പടപ്പൂഴിയിൽ മുമ്പൊരിക്കൽ
കോയിക്കലുച്ചയ്ക്കമറേത്തിനായ്ച്ചെ-
ന്നിരുന്നു രാജന്യകുമാരനേകൻ. ൧

അടക്കലും തേടിനൊരഗ്രജക്ക-
ള്ളനന്തരോദന്തമറിഞ്ഞിടാതേ
പൊന്നുണ്ണിതൻ പൂങ്കവിളം വിട്ടിരുന്നു
താരുണ്യമർപ്പിച്ച ചുമപ്പുചായം. ൨

ദുരന്തചിന്താവിഷമജ്വരത്താൽ
ദൂനൻ നൃപന്നപ്പൊളടിക്കലത്തിൽ
കായം കുറെ കൈക്രിയ കാട്ടിയാലും
പ്രാണൻ രണക്ഷോണിയിലായിരുന്നു. ൩

മനസ്വിനീമൌക്തികമാലയായ
മാടക്ഷമാമണ്ഡലഭാഗ്യലക്ഷ്മി
തൻതൈക്കിടാവിങ്കലണച്ചിരുന്നു
താൽപര്യവിസ്താരിതദൃഷ്ടിപാതം. ൪

ഓടിക്കിതച്ചെത്തിന ദൂതനേക-
നൊരോലയപ്പോൾത്തിരുമുമ്പിൽവച്ചു:
അവന്റെ കണ്ണീരിൽ നനഞ്ഞൊരക്ക-
ഷ്ടത്തപ്രകാശാക്ഷരമായിരുന്നു. ൫

Digitized By Kerala Sahitya Akademi

ഒററക്കരം സ്വല്പമൊരന്നഗോളം;
മററക്കരം മർമ്മഗപത്രബാണം;
ഇമ്മട്ടിലെല്ലാം പ്രഭുവിൻ വയസ്സു-
ന്നേറെക്കവിഞ്ഞാൽപ്പതിനെട്ടുമാത്രം! ൱

സ്വാദർശലാടാക്ഷരമാലതൻെറ
സൂക്ഷ്മപ്രതിച്ഛന്ദകമെന്നപോലെ
കാണായൊരപ്പത്രമെടുത്തുനോക്കി
കരംത്തുടിപ്പേററിന കാശ്യപീന്ദ്ര. ൧

"പകച്ചിറങ്ങിപ്പടവെട്ടിയെൻെറ
രണ്ടേട്ടരും പെട്ടൊളികഴിഞ്ഞു;
അങ്കം നടക്കുന്നു മുറയ്ക്കു; തായേ!
ഞാനെന്തുമേൽ വേണ്ട,മതോതിയാലും." ൨

എന്നോതിവീർപ്പേററിയിടയ്ക്കു വാക്കു
തട്ടിത്തടഞ്ഞോരു കഴുത്തുയർത്തി
തപ്പുത്രൻ തങ്ങും മിഴിരണ്ടുമോമൽ-
ത്തങ്കക്കുടം തായുടെ നേർക്കയച്ചു. ൩

സന്ധ്യാംബരംപോലെ മകൻെറ നോട്ടം
ശങ്കാതമിസ്രാങ്കമിയന്നു കാൺകെ
തണ്ടാർ തളന്നാമ്പൽവിരിഞ്ഞിടാത്ത
വാപിക്കു നേരായ് ജനനിക്കു വക്ത്രം. ൱൪

ആ വീരമാതാവിനതേവരയ്ക്കു-
മപത്യവാത്സല്യമനോരമങ്ങൾ
ആലാക്കിൽ നേത്രങ്ങൾ പകർന്നു കാണാ-
യാക്ഷേപരൂക്ഷേക്ഷണലക്ഷിണങ്ങൾ. ൱൫

വളഞ്ഞ ചില്ലിക്കൊടി ഫാലത്തിൽ വച്ചും
വഹ്നിസ്ഫുലിംഗം മിഴികൊണ്ടുതീർത്തും
മകൻെറനേർക്കമ്മ വലിച്ചുവിട്ടാൾ
വാഗ്രൂപമായുള്ളൊരു വജ്രബാണം. ൱൬

Digitized By Kerala Sahitya Akademi

“‘എന്തോതി നീയെൻമകനേ? ‘മരിച്ചു
രണ്ടുപേരും; ഞാനറിയേണ്ടുവേണം?’
എന്നോ നിനക്കമ്മയെ—യെന്നെ—നോക്കി-
ച്ചോദിക്കുവാൻ തോന്നിയ ചോദ്യമിപ്പോൾ? ൬൩

ആദ്യം കുലാധാരകരാകുവാൻ ര-
ണ്ടാണ്മക്കളുണ്ടായ് ച്ചരിതാർത്ഥയാം ഞാൻ
തദ്ദൃഷ്ടിദോഷം മറവാനൊടുക്കം
പെൺപെട്ടയെപ്പെററൊരു പൊട്ടിയായി! ൬൪

കാഴ്ചയ്ക്കുളും പൂരുഷനെന്നുതോന്നി;
കാര്യംവരുമ്പോളൊരു ഭീരുമാത്രം!
തങ്കത്തിന്നും പൂച്ചിന്നുമുള്ള ഭേദം
ശാണോപലാന്ദോളനവേള കാട്ടി!! ൬൫

അന്തഃപുരത്തിന്നകമക്കിടാവു
കണ്ണും നിറച്ചിന്നു കരഞ്ഞിടട്ടേ;
അല്ലാതെയെന്തെൻ രസനയ്ക്കുരയ്ക്കാം?:—
അവീരയാം ഞാനസഹായയല്ലോ. ൬൬

‘ഞങ്ങൾക്കുമാനം കുലദൈവ’മെന്നു-
ള്ളാദർശവാക്യം പൊരുളുള്ളതാക്കി
മാടക്ഷമാനാഥരിതേവരയ്ക്കും
വാണോർ; അതയ്യോ! നിഗളോക്തി മേലിൽ!! ൬൭

തട്ടത്ത നിൻ ജ്യേഷ്ഠരെ വെട്ടിവീഴ്ത്തി-
സ്സാമൂതിരിപ്പാടടരാടിടുമ്പോൾ
കണ്ണുംമിഴിച്ചിങ്ങനെനിൽക്കയെന്നോ
കർത്തവ്യമൌഢ്യാന്ധരിലഗ്രഗൻ നീ? ൬൮

തേജോധനം ക്ഷത്രിയജന്മമാണു
ജഗത്തിൽ നീയിന്നു ചരിപ്പതെങ്കിൽ
എൻപൈതലേ! നിൻ കരളിന്നിതല്ല
സന്ദേഹദോലാവിഹൃതിക്കു കാലം. ൬൯

Digitized By Kerala Sahitya Akademi

ദ്ദൂരത്തിലെങ്ങോ പടപോല്യ,മിങ്ങു
പൊക്കുന്ന വെള്ളക്കൊടിനിൻകപോലം!
ഇത്താളിലോ മാററലർ നിൻകുലത്തിൻ
കീർത്തിക്കൊലച്ചീട്ടു കുറിച്ചിടേണ്ടൂ? ൧൦

ഈ മാടരാജാന്വയ, മെന്റെ കുക്ഷി,
മരിച്ചോരേട്ടക്കു സഗർഭ്യഭാവം,
നിൻജന്മ,മിച്ചോന്നതിനൊക്കെ മേന്മ-
യേകുന്ന ലണ്ടാപഥമേകമല്ലോ! ൧൧

ശ്വാസംവിടും ശുഷ്കശവങ്ങളെത്ര
മണ്ണോടു മണ്ണായ് മറവാർന്നിടാതെ
പെററമ്മയാം പാരിനു മാലണയ്പ്പൂ
ഭൂയിഷ്ഠദുർഗ്ഗന്ധമലീമസങ്ങൾ! ൧൨

അഖണ്ഡചൈതന്യജനസ്സമൂല-
മക്ഷയ്യസൽകീർത്തിവപുസ്സു നേടി
കാലാഞ്ചലം ലംഘിപ്പവരേറെയില്ല
കല്യാണധാമാക്കൾ മൃകണ്ഡുപുത്രർ. ൧൩

ശ്വസിച്ചു ചാകുന്നതിലെത്രമെച്ചം
മരിച്ചു ജീവിപ്പതു മന്നിടത്തിൽ!
അതോർത്തു നീ ചെയ്യുക നിന്റെ ധർമ്മം;
അങ്ങേപ്പുറത്തേക്കധികാരി ദൈവം! ൧൪

മാടക്ഷിതിഭൃൽപദിതൻപുകൾപ്പ-
ട്ടൂരാതിദുശ്ശാസനനാരഴിക്കും?
അസ്സാധ്വിതന്നാർത്തനിനാദമെത്തീ
പൂർണ്ണത്രയീശശ്രുതിമണ്ഡലത്തിൽ.” ൧൫

ആദ്യത്തിൽ നിന്ദാരസതിക്തമായു-
മനന്തരം വത്സലരുച്യമായും
തന്മാതൃവാഗാമലകീഫലത്തെ
മന്നന്റെ കർണ്ണം സുഖമായ് ഭുജിച്ചു. ൧൬

Digitized By Kerala Sahitya Akademi

അടിക്കലം വിട്ടെഴുന്നേററു ശീഘ്രം
കൈവരറുക്കൂടിക്കുഴക്കാതെ മന്നൻ
തൻവാൾവലിച്ചൂരിയലച്ചുകൊണ്ടു
സാംഗ്രാമികക്ഷോണിയിലേക്കു പാഞ്ഞു. ൨൭

കണ്ണീർക്കണത്താൽ നനയാതിരുന്ന
കൈയക്കുമാരൻ രണഭൂവിലെത്തി
പ്രക്ഷാളനംചെയ്തു വിപക്ഷസേനാ-
കണ്ഠസ്ഥലീഗൈരികനീരധാരത്തിൽ. ൨൮

അടക്കള്ളപ്പോയ് കയ്യിലുല്ലസിച്ചോ-
രരാതിഭൂപാലയശോമൃണാളം
അന്നാൾ ബുഭുക്ഷയ്ക്കുടിപെട്ടിരുന്നോ-
രാ രാജഹംസം വഴിപോലശിച്ചു. ൨൯

രണാങ്കണത്തിങ്കലസുക്കളററു
വീണാൻ നൃപൻ സാധിതപൂരുഷാർത്ഥൻ;
കല്യാണമാല്യം ജയലക്ഷ്മി ചാർത്തീ
വീരവ്രണം മിന്നിന തൽഗളത്തിൽ. ൩൦

## ൧൧. തത്ത്വചിന്ത.

മന്നവൻ തന്മുടിത്തങ്കക്കിരീടത്തിൽ
മിന്നിത്തിളങ്ങുന്ന വൈരങ്ങളേ!
ഒന്നു വല്ലപ്പോഴുമോർക്കുകപോലുമി-
ല്ലന്നതർ നിങ്ങൾ കഴിഞ്ഞ കാര്യം.
ആദിത്യരശ്മിയടുക്കലണയാത്ത
പാതാളലോകപ്പടുകുഴിയിൽ
ക്രൂരിരുട്ടിൽപെട്ടു, ദുർവിഷക്കാററേററു,
ചേറിൽപുതഞ്ഞൊരു മേനിയുമായ്
അങ്ങെങ്ങോ ദൂരത്തനേകായിരം വർഷം
മങ്ങിമയങ്ങിക്കിടന്നോർ നിങ്ങൾ.

Digitized By Kerala Sahitya Akademi

സാഹസവൃത്തിയിൽ സാധകം ചെയ്യോരാ
ലോഹഖനിക്കൂലിവേലക്കാരൻ
കഞ്ഞികുടിക്കാതെ കായം വയറോട്ട
പത്തുത്തുങ്ങിക്കീററയിൽ ച്ചുററി
താഴത്തിറങ്ങിത്തളരാതെ നങ്ങളെ-
ത്തപ്പിയെടുത്തു കരയ്ക്കു കേററി
ശാപവിമോചനം നിങ്ങൾക്കു നൽകിയാ-
ത്താപസപ്രായൻ കൃതാർത്ഥനായി.
ഹാ! നിങ്ങൾ—വജ്രഹൃദയങ്ങൾ—തെല്ലുമ-
പ്രാണിദയാർദ്രനെച്ചിന്തിപ്പീല.
അന്യോപകാരികൾക്കായത്തുകൊണ്ടേതും
ഖിന്നതയില്ലവനിദ്ദിനവും
നിങ്ങൾക്കുദാസരരായോരെ മേന്മേലാ
വൻകുണ്ടിൽനിന്നു കരേററിടുന്നു!
നിങ്ങൾക്കു മാതാവാമാകരഭൂവില്ലേ?
മംഗലശീലയാമാക്ഖനിയാൾ
നിങ്ങൾ വിധിബലം മൂലമിന്നാന്നിട്ടും
ത്യാഗമാം സ്ഥാനവും നന്ദികേടും
രണ്ടുകൾക്കകിൽ സന്തോഷസന്താപബാഷ്പങ്ങൾ
വാക്കാ സമ്മിശ്രമായ് കണ്ണിൽനിന്നും.

വാർമഴവില്ലൊളി നാലുപാടും വീശു-
മോമനസ്ഫടികക്കലങ്ങളേ!
പാൽക്കടൽ പെൺകടക്കൺമധുസേവിച്ചു
കീഴ്ക്കട തീരെ മറന്നിടൊല്ലേ!
ആയൊളി തെല്ലൊന്നകത്തേക്കും പാറിപ്പി-
നല്ലെന്നാൽ നിങ്ങൾ കരിക്കട്ടകൾ!
ഓമനസ്സീമന്തിനീമണിയാളുടെ
കോമളകൈശികതല്ലജത്തിൽ
വാനത്തുഷസ്സിൽദ്ദിനമണിപോലേറും
വാസനരോസാമലരുകളേ!
തിങ്കാംമുഖിമണിയാൾതൻ വലമ്പിരി-
ശ്ശംഖൊളിക്കൊന്റുമതല്ലികയിൽ

Digitized By Kerala Sahitya Akademi

വണ്ണവും വർണ്ണവും ചേർന്നുവിളങ്ങിടും
വെൺനറുമെഴുകതികക്കല്പകളേ!
കാന്തമാർത്തങ്കലത്തങ്കപ്പതക്കത്തിൻ
മാന്തളിർച്ചുഞ്ചൊടി........കണക്കേ
ദർപ്പണക്കുപ്പികൾക്കുള്ളിൽത്തിളങ്ങിടു-
മത്ഭുതമുന്തിരിസ്സത്തുകളേ!
പൈമ്പാൽമൊഴിയാളിളങ്കൈവിരലുകൾ
കമ്പികൾതൻവഴിക്കോടിക്കവേ
ഭൂരിപീയൂഷത്താൽക്കർണ്ണം കുളിപ്പിക്കും
വാമൊളിത്തങ്കവിപഞ്ചികളേ!
നട്ടുവളർത്തിയോരുദ്യാനപാലനോ
മുങ്ങിയെടുത്തോരു മുക്കുവനോ
യന്ത്രം കറക്കിവിടും പണിക്കാരനോ
ഹന്ത! വാർപ്പം തീർക്കും ശില്പിതാനോ
നിങ്ങളാലോർക്കപ്പെടുന്നില്ല ലേശവു,-
മിങ്ങനെ തന്നെയോ ലോകധർമ്മം?
നന്ദിയാം വാക്കിലേ രണ്ടക്ഷരങ്ങളിൽ
മിന്നും പൊരുളിനെക്കൈതൊഴുവിൻ!

എന്തിനു ഞാനിതുരയ്ക്കുന്നു? ചിന്തിച്ചാ-
ലെന്തുണ്ടിവയ്ക്കുമെനിയ്ക്കും ഭേദം?
കല്ലോ, കരടോ, കടലാടിയോ, കള്ളി-
മുള്ളോ, മുരിങ്ങയോ, മൂർഖപ്പാമ്പോ,
ഈയലോ, പാററയോ, മൂട്ടയോ, ഞാഞ്ഞൂളോ,
പേനോ, കൊതുകോ, കുഴിയാനയോ,
മറേറാ വടിവാർന്നു ഹാ! ഹാ! പടുകുഴി-
പാറിക്കിടന്നോരു പാപിയെന്നെ
അങ്ങങ്ങോ ദൂരത്തുനിന്നു തിരഞ്ഞെടു-
ത്തിങ്ങനേ പൊക്കിക്കരയ്ക്കുകേററി
എൻതമ്പുരാനേ! ഭഗവാനേ! പോററ് ! നീ
നിൻ തിരുവുള്ളപ്പെരുവെള്ളത്തിൽ
തേച്ചുകഴുകിത്തുടച്ചു വെടിപ്പാക്കി-
യാശ്ചര്യമാകുമീ രൂപമേകി

Digitized By Kerala Sahitya Akademi

സർവ്വചരാചരസാമ്രാജ്യപ്പൊൻചെങ്കോ-
ലെൻ വലംകൈയിൽ സമർപ്പിച്ചീലേ?
മോഹാന്ധകൂപത്തിൽ മുങ്ങിയും പൊങ്ങിയും
ഹാ ഹാ! കൃതഘ്നശിരോമണി ഞാൻ
സത്യസ്വരൂപനേ! സർവ്വലോകങ്ങൾക്കും
കർത്താവേ! ഭർത്താവേ! സംഹർത്താവേ!
രക്ഷിതാവങ്ങയെയോർക്കാതെയെൻജന്മം
കുക്ഷിംഭരിയായ്ത്തുലയ്ക്കാമെങ്കിൽ
കല്ലിനും പൂവിനും നന്ദിയില്ലെന്നു ഞാൻ
ചൊല്ലുന്നതിൽപ്പരം മൌഢ്യമുണ്ടോ?
എന്നെ ഞാൻ നന്നാക്കാനോർത്താൽ മതി; പിന്നെ-
യന്യവസ്തുക്കളും നേരെയാകും.
ശീമക്കമലമേ! റോസേ! നറുമുത്തേ!
കോമളമുന്തിരിസ്സത്തേ! വീണേ!
നൂനം ഭ്രാതാക്കളേ! നിങ്ങളെ ശ്ലാഘിപ്പാൻ
ഞാനല്ലധികാരി; തെറ്റിപ്പോയി
മാപ്പെനിക്കേകുവിൻ! നാമെല്ലാം നന്നാവാ-
നൊപ്പം കനിയട്ടെ ചിത്സ്വരൂപൻ.

## ൧൨. കാവ്യപ്രഭാവം.

തപമനവധി ചെയ്തു താന്തനായി-
ത്തനതുടജത്തിൽ വസിച്ചിരുന്ന ശുക്രൻ
ഭയദമൊരശരീരിവാക്കു കേട്ടാൻ
പ്രളയഘനാഘനഗർജ്ജനം കണക്കേ. ൧

"ബലി പടയിൽ മരിച്ചു; പേർത്തുമങ്ങേ-
പ്പെരുമ നിലച്ചു; ജയിച്ചു ദേവരാജൻ;
കഥയിനിയുമിതൊട്ടറിഞ്ഞതില്ലേ?
കവിയഥവാ പകലും കിനാവുകാണ്മോൻ! ൨

Digitized By Kerala Sahitya Akademi

കരുതുക കരണീയം'' എന്ന വാക്യം
കടുവികടസ്ഫുടമുത്തരോത്തരോച്ചം
ജവമൊടു ഗഗനത്തിൽനിന്നുയർന്നു
ജലധിയിൽനിന്നു ഹലാഹലംകണക്കെ. ൩
(യുഗ്മകം)

മുഖരിതഹരിദന്തരാവചസ്സിൻ
മുഖവുരയാം ചെറുവാക്യമൊന്നുമാത്രം
മുനിയുടെ ചെവിയിൽത്തറച്ചു മൂറം
മുനയൊരു മൂന്നുകലർന്ന വേലുപോലെ. ൪

ഭൃശമുടനൊരുഞെട്ടൽ ഞെട്ടി, വാനിൽ
ഭൃഗു നിലവിട്ടു പകച്ചുനോക്കിനിന്നു;
വിളറി കവിൾ; വിയർത്തു നെററി; മങ്ങീ
മിഴി; ഗതചേതനനായി മാമുനീന്ദ്രൻ. ൫

പുനരപി ധൃതസംജ്ഞനായ ദാന്തൻ
സ്ഫുടമിടനെഞ്ഞടി വിട്ടുമാറിടാതെ
ഒരുവിധമെഴുന്നേററു ചിന്തചെയ്താ-
നൊടുവിൽ—''ഇതെന്തൊരകാലവജ്രപാതം? ൬

ബലി-ശരി, മമ ശിഷ്യൻ-ഏതുദിക്കിൽ-
പ്പുടയവനിപ്പൊ? ഴരാതിയേതൊരുത്തൻ?
അടരിനു വഴിയെന്തു? തോൽവിയെന്ന-
ല്ലപമൃതിക്കുടിയേതുമട്ടിൽ നൽകി? ൭

വിധി, നിജതനയൻ സനൽക്കുമാരൻ
വിധൃതവിരോചനസഖ്യനെന്നുകാണ്മൂ;
അഴൽ മഹിതകയാധുജാനപായത്തി-
ന്നരുളുകയില്ലസുരാരി സത്യസന്ധൻ; ൮

വിള ബലി തനതിഷ്ടദേവനെന്നായ്
വിഷമശരാരിയെ വിശ്വസിച്ചിരിപ്പൂ;
ദൃഢമവനൊടു വൈരമേതു സൃഷ്ടി-
സ്ഥിതിലയകൃത്തുകരം മൂന്നുപേക്കുമില്ല. ൯
(യുഗ്മകം

Digitized By Kerala Sahitya Akademi

അസുരരൊടു സുരർക്കു ചേർച്ച പാർത്താ-
ലസുലഭമെങ്കിലുമസ്സഹോദരന്മാർ
അവികലമൊരു സന്ധിചെയ്തുകൊണ്ടി-
ന്നടരവർതമ്മിലുമത്ര ശീഘ്രമല്ല. ൭൦

ശതമഖനൊരുവേള പോരിടട്ടേ;
ശകലിതമാവതവന്റെ ഗാത്രമല്ലേ?
ഇഹ ബലി മൂർത്തിയാന്റെപോലും! എന്തു-
ണ്ടിനിയധരോത്തരമൊന്നെനിക്കു കേൾപ്പാൻ! ൭൧

കളവു പറകയോ കടന്നൊരുത്തൻ?
ഖലനവനെൻകഥ കേട്ടുകേൾവിയില്ലേ?
വഴിയതിനുമരിപ്പം; എങ്ങു നിന്നോ
വരുവതു വന്നു; ചുരുക്കമത്ര തന്നേ.” ൭൨

അരഞൊടിയിട താൻ സമാധിയാർന്നാ-
ലറിയുമശേഷ;മതിന്നു ശക്തിയെന്യേ
പരമതുമിതുമേവമോർത്തു ചിന്താ-
പരവശനായ് ഭഗവാൻ പരാപരജ്ഞൻ. ൭൩

മമതയിൽ മനതാർ മയങ്ങി മായാ-
മലിനമഹാന്ധ്യവിലന്ധനായ്പ്പതിച്ചാൽ
മറയുടെ കര കണ്ട മാമുനിക്കും
മനുജകൃമിക്കുമശേഷമെന്തു ഭേദം? ൭൪

“ഇവിടമിനിവെടിഞ്ഞു ശിഷ്യരെക്ക-
ണ്ടിതിനുടെ മേല്പണി നോക്കിടേണ”മെന്നായ്
ഝടിതി മുനി നിനച്ചു ചെന്നുചേർന്നു
ചരമശിലോച്ചയചാരുശൃംഗഭൂവിൽ. ൭൫

മയനുടെ കരശില്പസീമയായും,
മഹിതമഹീധരമൌലിഭൂഷയായും,
അവിടെയതിമനോജ്ഞഹർമ്മ്യമൊന്നു-
ണ്ടരിയ വിരോചനജാധിവാസഗേഹം. ൭൬

Digitized By Kerala Sahitya Akademi

ചപലത ലവമററു മിന്നുപോര-
ച്ചുരമഗിരീശശരാശ്ശതാക്കബിംബം
കടുതരവിവൃതാസ്യമാം തമസ്സാൽ
കബളിതമായ് ക്കരിതേച്ചപോലിരുന്നു. ൭

തുരുതുരെയവിടത്തിൽ നിന്നുപൊങ്ങും
തുമുലരവം, മുനിയൊട്ടടുത്തനേരം
കടലിന്നടെയിരമ്പലല്ല മററും
കുരുളുഗരാതിവിലാപമെന്നറിഞ്ഞു. ൮

തവിട്ടപൊടിതകന്നു താഴെവീഴും
തനതുമനോരഥമേട നോക്കിനേക്കി
തരളമതി തപസി പാഞ്ഞുചെന്നാ
ദനുജകലാധിപരാജധാനിതന്നിൽ. ൯

അതിനകമുശനസ്സുണഞ്ഞനേര-
ത്തഹഹഹ! കണ്ടതുകാഴ്ച്ചയെന്തുചൊൽവൂ?
കഠിനം!—അസുരർതന്നവസ്ഥയക്കും
കരളുരുകുംപടി കഷ്ടമായിരുന്നു. ൧൦

ഉടലൊടു തല വേർപിരിഞ്ഞു; വക്ഷ-
സ്സുടവുകലന്നു, കരോടി ചൂർണ്ണമായി,
കഴൽ കരമിവയററസൃക്കിൽ മുങ്ങി-
ക്കവി പല ശിഷ്യകളേബരങ്ങൾ കണ്ടു. ൧൧

നടുപദവിയിൽ വിപ്രചിത്തി, ജംഭൻ
നമുചി, വലൻ, മുതലായ സൈന്യനാഥർ
തടിയിടിപൊടിയായ് ക്കിടപ്പു ഹാ ഹാ!
തപനതനൂജനികേതനാദ്ധ്വനീനർ. ൧൨

വളരെയസുരവീരർ ഗോർദ്ദ്ര, മന്ത്രം
വപയിവ വൈകൃതമായ് വെളിക്കു ചിന്നി
ചുടുനിണവുമണിഞ്ഞു ഹാ ശയിപ്പൂ
ചുവടുമറിഞ്ഞ മരാമരങ്ങൾപോലെ. ൧൩

Digitized By Kerala Sahitya Akademi

അപ്പൊഴുതു,മധീശരായിരുന്നോ-
രവരെയകമ്പടിസേവചെയ്തുകൊൾവാൻ
ബഹുഭടർ കുതികൊണ്ടു തുള്ളിനിൽപൂ
വെറുമപമൂർദ്ധകളേബരാവശിഷ്ടർ! ൨൪

തടവിനിടപെടാതെ സഞ്ചരിക്കും
ദനുജബലം സകലം സമൂലഘാതം
ശിവശിവ! ചിതറിക്കിടപ്പു ചുററും
ശിലയിലടിച്ചുതകർന്ന കപ്പൽപോലെ. ൨൫

ദനുസുതരിതുമട്ടു താറുമാറായ്-
ത്തറയിൽമറിഞ്ഞു മലർന്നൊരന്നികേതം
പരമരമനയെന്ന മട്ടുമാറി-
പ്പുടചുടലക്കളമായ്ച്ചമഞ്ഞിരുന്നു. ൨൬

അതിനകമൊരിടത്തസഹ്യമേൽപ്പാ-
നസുരകുലേശനവാപ്തകാലധർമ്മൻ
ശിഥിലതനു കിടപ്പു ജിഷ്ണുശസ്ത്രം
ചിറകുമുറിച്ചു ശിലോച്ചയംകണക്കേ. ൨൭

ധമനിനിരയറഞ്ഞു സന്ധിബന്ധാ
തവിട്ടുപൊടിഞ്ഞു, വെളിക്കു ബുക്ക ചാടി,
ഗളമിടയിൽ മുറിഞ്ഞു, തുണ്ടുതുണ്ടായ്-
ക്കരളു ഞെരിഞ്ഞു, കശേരുകാസ്ഥി പൊട്ടി, ൨൮

തലയുടെ വെളിയോടുടഞ്ഞു, ചുററും
തറയിലതിന്നകമാർന്ന ചോര ചിന്നി
നലമുടയ മുഖം ചതഞ്ഞു, ഹാ ഹാ!
നയനമുടഞ്ഞു; രദോൽക്കരം നുറുങ്ങി, ൨൯

പരവശനിലയിൽ പ്രതിപ്രതീകം
പരപരിഭൂതി പരം വിളിച്ചുചൊല്ലി
ഒരു കണപമെഴുന്നതാണു ദൈത്യ-
ക്കുടയവനാം ബലിപോലും!—എന്തു മാററം! ൩൦

(വിശേഷകം)

Digitized By Kerala Sahitya Akademi

ത്തുടയുടെയൊരിടം പൊഴക്കിയന്നും,
തചരിതമിരുണ്ടൊരിടത്തൊരു കട്ടയായും,
സ്ഫുടതരമതിൽനിന്നു ചെമ്പരുത്തി-
പ്പൂവുമലർനീരെതിർചോര ചിന്നിടുന്നു. ൩൧

ബലിമഹിഷി വിശിഷ്ടയായ വിന്ധ്യാ-
വലി പവിത്രൻ വികൃതോത്തമാംഗപിണ്ഡം
മടിയിൽ മമതയാന്നെടുത്തണച്ചും,
മനതളിർ മൂർച്ഛയിൽ മഗ്നമാക്കിവച്ചും, ൩൨

വിധിയെയപലപിച്ചു, മാത്തനാദം
വിവിധമുയർത്തിയു,മശ്രുധാര വാർത്തും,
തളിരൊളിതന്ന തല്ലിയും തൊഴിച്ചും,
തറയിലുരുണ്ടു പിരണ്ടു കേണിടുന്നു. ൩൩

(യുഗ്മകം)

അഴൽനിഴൽ കണികണ്ടിടാതിരിപ്പോ,-
നസുരജഗത്തിനനന്തരാവകാശി,
അരികിൽ മുറയിടുന്നു ബാണനും വീ-
ണഹഹ! കിശോരനപേതതാതപാദൻ. ൩൪

അചലമതി ജിതേന്ദ്രിയൻ ഗഭീര-
ഗ്ഗുണിമണി തുല്യസുവർണ്ണചൂർണ്ണഖണ്ഡൻ
ഭൃഗുവിനുമവയൊക്കെ നോക്കിയപ്പോ-
ളശ്രുമഴ വന്നു; വരാതെയെന്തു ചെയ്യും? ൩൫

പലതവണയതിന്നുമുമ്പുമോരോ
പടയിൽ മഘാരികളോടു തോററു മാറി
അസുരരവശരായ്ത്തിരിച്ചനാളു-
ണ്ടവയെ മഹർഷിയപസ്മരിച്ചതല്ല. ൩൬

അടരിരുതലവാ,ളതിൽപ്പെടുമ്പോ-
ളുപജയമാക്കു വരല്ല; വന്നിടട്ടെ;
പരമൊരുവക ഭാഗമിന്നതെന്നായ്
ബലിയറിയി,ല്ലതുമന്നറിഞ്ഞിടട്ടെ;

Digitized By Kerala Sahitya Akademi

അഴൽവരുമൊരുവന്നു; വന്നുവെന്നാ-
ലതിനൊരുമാതിരി കൈകണക്കു കാണും;
ഇരുളധികമെഴും കറുത്തവാവി-
ന്നിരവിലുമിത്തിരി നാട്ടുവെട്ടമുണ്ടാം; ൩൭

അടിമുതൽ മുടിയോളമററമററു-
ള്ളശരണരാവമദൃഷ്ടപൂർവ്വമേവം
അസുരസമുദയത്തിനാകമാനം
ഹതവിധിനൽകിയതന്നൊരിക്കൽ മാത്രം. ൩൮

(വിശേഷകം)

തുരുതുരെ മിഴിനീർ വഴിഞ്ഞിട്ടും മെയ്
തുകിലിനെഴുന്നൊരു തുമ്പിനാൽ തുവർത്തി
വലിയൊരു നെടുവീർപ്പുമിട്ടു വിന്ധ്യാ-
വലിയുടെ മുന്നിലണഞ്ഞു മാമുനീന്ദ്രൻ. ൪൦

“കരുണയൊടണിമെയ് തലോടി, വത്സേ!
കരയരു”തെന്നു പറഞ്ഞുകൊണ്ടു കാര്യൻ
കരതലമവൾതൻ ശിരസ്സിൽ വച്ചാൻ;
കമനിയുമങ്ഗതാസു കൺമിഴിച്ചാൾ. ൪൧

വിരവൊടു മിഴിരണ്ടുമോമനക്കൈ-
വിരലുകൾകൊണ്ടു തുടച്ചു മുന്നിൽ നോക്കി
കുലഗുരു സവിധസ്ഥനെന്നറിഞ്ഞാ-
ക്കുവലയദൃക്കെഴുന്നേററു കൂപ്പുകൈയായ്. ൪൨

ജലമൊരുപടി ശീഘ്രമർഘ്യപാദ്യാ-
ചമനവിധിക്കുതകുന്ന നേത്രയുഗ്മാ
അരിയ ഗുരുപദങ്ങളിൽപ്പതിപ്പി-
ച്ചരിയവർമുത്തഭിവാദ്യമാചരിച്ചു. ൪൩

‘‘മതി മതി മകളേ! വിഷാദ’’മെന്ന-
മ്മതിമുഖിയാളൊടു ഗൽഗദസ്വരത്തിൽ
അരുളി നിജകരങ്ങൾ മൌലിയിൽ ചേ-
ർത്തവളെ നിതാന്തമനുഗ്രഹിച്ചു ദാന്തൻ ൪൪

Digitized By Kerala Sahitya Akademi

കവിയുടെ കരുണാബലത്തിനാൽ തൻ-
കദനനിരുദ്ധഗളത്വമൊട്ടുമാറി
കരളെരിയുമൊരന്നു താംഗി ബാഷ്പ-
സ്ഖലിതപദം ചിലതപ്പൊഴുച്ചരിച്ചു:— ൪൫

"തിലകിതഭൃഗുവംശ! ദീനബന്ധോ!
ദിതിജഗുരോ! ഭഗവാൻ ത്രികാലവേദി;
അടിമലരവലംബമാത്തയാമീ-
യടിയനതിൽപ്പരമെന്തുണർത്തിടേണ്ടു? ൪൬

ഹരിയെ വിബുധബന്ധുവാക്കിയാലെ-
ന്തരിയ ഗുരുത്വദഹനായ് ഭവാനെ നൽകി
നിയതി നിരവലംബർ ദൈത്യരിൽത്താൻ
നിയതമണയ്പ്പു നിതാന്തപക്ഷപാതം. ൪൭

കതിപയനിമിഷങ്ങൾ വേണമെങ്കിൽ
ഖലർ സുരരെത്തുണചെയ്തിടട്ടെ കാലൻ;
കനമെഴുമസുരർക്കു താങ്ങലില്ലേ
കവി കരുണാനിധി കാലകാലശിഷ്യൻ? ൪൮

'അദിതിജപതിയാകവോനെയങ്ങോ-
ട്ടജഗരമാക്കി വെളിക്കു തള്ളുവാനും,
അരമൊരു പറയന്റെകൂടി വേറി-
ട്ടമരുലകം പണിചെയ്തുകൊള്ളുവാനും, ൪൯

കഴിയുമനഘരാം തപോധനന്മാർ
കഴൽതൊഴുമങ്ങു കനിഞ്ഞു കാത്തിടുമ്പോൾ
കദനമെവിടെനിന്നുമെത്തിടട്ടേ;
കരബദരീകൃതകാംക്ഷിതാർത്ഥർ ഞങ്ങൾ.' ൫൦

ഇതുവരെയുമിവണ്ണമോർത്തിരുന്നോ-
രിവരെയുമിന്നു കിനാവിൽ നിന്നുണർത്തി
അരിയൊരു നിജശക്തി ബോദ്ധ്യമാക്കും
ഹതവിധിതന്നെയവാപ്തചാരിതാർത്ഥ്യൻ! ൫൧

(വിശേഷകം)

Digitized By Kerala Sahitya Akademi

വിഗതപിതൃകനിഷ്ഠമാരനന്ത്യേ!
വിധവ ഭവൽപദപത്മഭംഗിയാം ഞാൻ;
വിഷയമിതുമനാഥ;മെന്തുവേണം
വിമതകലത്തിനിതിൽപ്പരം വിനോദം? ൬൨

കരുതി മരുവിടുന്നു നാമൊരണ്ണം;
കരഗതമായ്ച്ചമയുന്നു മറ്റൊരെണ്ണം.
അമൃതമനുഭവിപ്പതിന്നു പോയാ-
രസുര,രവർക്കു ലഭിച്ചതാത്മനാശം. ൬൩

ശരിയിതു ഭവിതവ്യശക്തിയാവാം;
ശചിയുടെ 'ശുക്ര'ദശാവിലാസമാവാം;
അടിയനതറിയേണ്ട; വേണ്ടതെന്തെ—
ന്നവിടെ നിനയ്ക്കുകിലത്തലസ്തമിക്കും. ൬൪

ശകലവുമസുരാനന്വയത്തിനാപ-
ത്തനമവിടുന്നറിയാത്ത തത്വമില്ല;
ദനുഭവർ പരിപാലനീയർ യുഷ്മ-
ച്ചരണയുഗൈകശരണ്യർ തമ്പുരാനേ!" ൬൫

പലതുമവളിവണ്ണമോതി വീണ്ടും
പദതളിരിൽപ്പരിതപ്തയായ്പ്പതിക്കേ
പരിണതകരുണാകുലാന്തരംഗൻ
പകരമുരച്ചുതുടങ്ങി ഭാർഗ്ഗവർഷി. ൬൬

"അരുതരുതഴൽ! ശുക്രനല്ലയോ നി-
ന്നരികിലണഞ്ഞ,തവൻ സജീവനല്ലേ?
അതു മതി മകളേ! നിനക്കു മാലേ?-
തരഞ്ഞൊടി നീയൊരു പേക്കിനാവു കണ്ടു. ൬൭

അവിരതമഭിവാദനത്തിനാശി-
സ്സരുളുകിൽ നിത്യസുമംഗലീപദം ഞാൻ
മകളുടെ വിഷയത്തിലുച്ചരിപ്പൂ;
മമ മൊഴി സത്യവ്രതർക്കു ഭൂഷണമല്ലേ? ൬൮

Digitized By Kerala Sahitya Akademi

അദിതിജർ സുധ തെല്ലു സംഭരിക്കാ-
മതൊരു പവിത്രി ഹരിച്ചുകൊണ്ടുപോകാം;
അമൃതഘടമെഴുന്നതസ്മദീയ-
ക്കപരമഖണ്ഡതപോബലാഭിധാനം. ൫൯

പരിമൃദിതപരേതരാജദർപ്പൻ,
പശുപതി മൽഗുരു ഭക്തപാലനോൽക്കൻ,
മൃഡനുടെ വരമെങ്ങു? തുച്ഛമാമീ
മൃതസഞ്ജീവനമെ,ങ്ങുതാൻ ത്രിനേത്രൻ. ൬൦

അസുരപതി മദീയശിഷ്യനെന്നു-
ള്ളറിവുവെടിഞ്ഞളികത്തിലാത്മയോനി!
അതുമിതുമറുതാളമായ് വരച്ചാ-
ലണകകലാലലിലഗ്രഗണ്യനങ്ങോർ! ൬൧

ചില ചെടി കവരം മുറിച്ചു വിട്ടേ
ചിതമൊടു വാച്ചു തഴച്ചിടുന്നതുള്ളൂ;
പരകൃതപരിഭൂതി ദാനവക്കും
പരമതുമട്ടിലുദർക്കഭവ്യഹേതു. ൬൨

അരഞൊടി പിരിയാത്ത ഞാനഹോ നി-
ന്നനുകനെയന്നനുയാത്ര ചെയ്തതില്ല;
അവിരതമവിടവകപാദപങ്ക്തി-
ന്നനുശയസസ്യമവശ്യഭാവിതന്നെ. ൬൩

അതിനിതു ഫലമാട്ടെ; തോറവനാമെ-
ന്നരികളുരസ്സുതളീകവീഴവടം
മഹിതസുരനദിക്കു മന്നിലെ ഞാൻ
മണലണകൊണ്ടൊരു മാർഗ്ഗരോധമുണ്ടോ? ൬൪

കരയരുതു കുമാരി! കാൺകവേണ്ട
കളി ചിലതൊക്കെ നിനക്കു? കൺമിഴിക്കൂ!
മധുരതരമഹേന്ദ്രജാലവിദ്യ-
മരകതപിഞ്ഛരിക മറുപോമതല്ലി.” ൬൫

Digitized By Kerala Sahitya Akademi

ബഹുവിധമിതുമട്ടുരച്ചു കാവ്യൻ
ബലിദയിതയ്ക്കു വിശേഷസാന്ത്വമേകി,
ശവമൊരു വസനത്തിനാൽ മറച്ചാൻ;
ശ്രവണപുടങ്ങളിൽ മന്ത്രമുച്ചരിച്ചാൻ; ൬

അവയവതതി പാണികൊണ്ടു തൊട്ടാ-
നവിവൊടനന്തരമാനനം മുകന്നാൻ;
ഒട്ടവി‘ലുണരുകെൻെറ വത്സ,കനെന്നാ;—
നൊരുനിമിഷത്തിലിതൊക്കയും കഴിഞ്ഞു. ൭

(യുഗ്മകം)

ഝടിതി “പശുപതേ! മദേകബന്ധോ!
ജയ ജയ ദേശിക! ഭാർഗ്ഗവാന്വയേന്ദോ”
ഇതി വിവിധവചസ്സുരച്ചുകൊണ്ടു-
ന്നിളയെ വെടിഞ്ഞെഴുന്നേററു ദാനവേന്ദ്രൻ. ൮

ചതവുടവിവയില്ല മെയ്യിലെങ്ങും;
ശകലമിടയ്ക്കൊരു പോറൽ പോലുമില്ല;
ചടവൊരു ലവമില്ല; നെററിയിന്മേൽ
ശ്രമജലബിന്ദുവുമൊന്നുകൂടിയില്ല! ൯

ശിരസ്സിൽ മകുടത്തൊടും നിറുകയിൽ ത്രിപുണ്ഡ്രത്തൊടും
കഴുത്തിലിഴമുത്തൊടും കരതലത്തിലസ്ത്രത്തൊടും
കടന്നു ഗുരുവിൻെറകാൽത്തളിരിലാശു സാഷ്ടാംഗമായ്-
പ്പതിച്ചു സുരവൈരികംസകശനിപാണിവൈരോചനി. ൧൦

——(൦൧)——

# ൧൩. കന്യാകുമാരിയിലെ സൂര്യോദയം

———

നിത്യനായുള്ള ഭഗവാനേ! പോററി! നീ
സത്യത്തൂണൊന്നു നടുക്ക നാട്ടി;
മൂററും നീലാംബരംകൊണ്ടു മേൽക്കെട്ടിയും
ചുററുവെള്ളിയടപ്പട്ടും കെട്ടി;

Digitized By Kerala Sahitya Akademi

സുതസുധാകരവൈദ്യുതറാന്തലും
താരകഗ്ലോബ്ബും മുകളിൽത്തൂക്കി!
ആഴിയാം മാഹേന്ദ്രനീലക്കൽ ചുററിലു-
മൂഴിയാം പച്ചക്കൽ മദ്ധ്യത്തിലും
മേനിയിൽ റച്ചുറപ്പിച്ചു വിളങ്ങുമീ
മാനുഷഗോളമണിക്കൂടാരം
നാലുവഴിക്കും മനോജ്ഞമിരുപത്തി-
നാലുമണിക്കൂറുമേതുനാളും!
എങ്കിലുമെൻ വിഭോ! നേരം പുലരുമ്പോ-
ളെൻകരളാംതാമരത്തൂമലരിൽ
ചെങ്കതിരോൻറെ തിരപ്പുറപ്പാടേകും
വൻകുതുകോന്മാദമൊന്നു വേറെ!
നിന്തിരുമേനിയെ നേരിട്ടു കണ്ടു ഞാൻ
ബന്ധവിമുക്തനായ്ത്തീരുവോളം
അന്യപ്രകൃതിപ്രദർശനമെന്തെന്നെ-
ധന്യനാക്കാനുള്ളു തമ്പുരാനേ!
പാരിച്ച വാനിൻനിഴൽപോലെ മൂടിയ
ക്രൂരിരുൾക്കട്ടിക്കരിമ്പടത്തെ
തന്മെയ്യിൽ നിന്നു വലിച്ചകലെക്കള-
ഞ്ഞിമ്മഹീമണ്ഡലപ്പൊൻമണ്ഡപം
മൂരിനിവിർന്നെഴുന്നേററാരു നോക്കതാ!
നേരേ കിഴക്കോട്ടു നോക്കിനില്പൂ.
അന്തി തുടങ്ങി വെളുപ്പോളം കൂത്താട്ടം
പന്തിയിലാടിത്തളർന്ന ചന്ദ്രൻ
തൂനക്ഷത്രങ്ങളാം ചങ്ങാതിമാരോടും
വാനക്കളിത്തട്ടു വിട്ടുപോയി.
അങ്ങിങ്ങുതാരങ്ങളൊന്നുരണ്ടൊട്ടൊട്ടു
മങ്ങിത്തിളങ്ങി മയങ്ങിക്കാൺമൂ:
മാതാവായ് വേറിട്ടു മാർഗ്ഗം തിരിയാതെ
ഖേദിക്കും ഖേചരബാലർപോലെ;
തെററിത്തറയിൽപ്പതിച്ചു വിൺമങ്കത-
ന്നൊററക്കൽമൂക്കുത്തിവൈരം പോലെ;
എന്തിന്നു ശങ്കിച്ചു നിൽക്കുന്നു വത്സരേ!
പിന്തിരിഞ്ഞങ്ങടങ്ങാനോടിക്കൊൾവിൻ;

Digitized By Kerala Sahitya Akademi

ജ്യോതിസ്സുചക്രാപനെഴനള്ളമാറായി;
പാതയിൽ നിന്നു വിലകിക്കൊൾവിൻ.
മന്ദാനിലൻ നവമാർജ്ജിനിയാൽ തൂത്തും
മന്ദാകിനിപ്പുഴ നീർ തളിച്ചും
മന്ദാരശാഖി മലർനിര വർഷിച്ചും
നന്നായ്‌വിളങ്ങമീയഭ്രവീഥി
കഞ്ജരനേർനടമാരുടെ നർത്തന-
മഞ്ജുളമഞ്ജീരശിഞ്ജിതത്താൽ
മാറെറാലിക്കൊള്ളേണ്ട കാലമായ്! ക്രൂട്ടരേ!
മെററാരു ദിക്കിൽ മറഞ്ഞുകൊൾവിൻ.

ചിക്കെന്നു നോക്കുക! ചൊവ്വേ കിഴക്കോട്ടു
ചക്രവാളത്തിൻെറയററത്തായി—
മോദിയിൽ സാഗരം വിട്ടുകരയേറി
ക്രീഡിക്കും യാദോനികരം പോലെ;
അല്ലെങ്കിലാഴിയിൽ വാനോർ കൃഷിക്കായി-
ത്തല്ലിയുറപ്പിച്ച മുട്ടുപോലെ ;
പോരെന്നാൽ തൻതല തെല്ലൊന്നുയർത്തിട്ടും
വാരുററ മൈനാകശൈലം പോലെ;
നീളെസ്സമുദ്രത്തെത്തൊട്ടുകിടക്കുന്ന
നീലവലാഹകമാലകളിൽ
ഇരുടെഴും ചീനാംശുകത്തിൻെറയററത്തു
പാടലപ്പട്ടുകസവുപോലെ
തങ്കക്കരക്കിട്ടു തുടങ്ങി പുലർവേല-
മങ്കയാൾ ചുററിലും മന്ദമന്ദം.
ചേണാർന്ന നീലക്കൽക്കുമെണത്തിൻ മീതെ
മാണിക്യരത്നം പതിക്കുകയോ;
ശാണോപലത്തിൽ തെരുതെരെയോരോ പൊൻ-
നാണയമാററുര നോക്കുകയോ;
വൻശജപങ്ക്തിയെ പ്രാങ്മുഖമായ് നിർത്തി-
ത്തങ്കത്തലക്കെട്ടണിയിക്കയോ;
വാരൊളിക്കാർമുകിൽപ്പാത്രത്തിലോമന-
ത്താരത്തനിദ്രവം കാച്ചുകയോ;

Digitized By Kerala Sahitya Akademi

ഭാവിപ്പതെന്തു നീ? ദേവതേ! കൊണ്ടലിൽ
സ്ക്രൂവച്ചു മിന്നലുറപ്പിക്കയോ?
താപിഞ്ഛകാനനം ചുററിപ്പിടിപ്പോരു
ദാവച്ചെന്തീയോ തഴച്ചു നില്പൂ?
ജ്യോതിസ്സിതിങ്കൾ ജ്വലിക്കുന്നു. കാർമ്മുകിൽ,
പാതി കരിഞ്ഞ ഹവിസ്സുപോലെ.
ഈ മഹാമംഗലപ്പണ്ഡികയിൽ പരം-
മാമോദോന്മാദപരവശരായ്
കാമം വയസ്യമാർ പ്രാചിതൻ മേനിമേൽ
കാശ്മീരഗന്ധദ്രവം തളിപ്പൂ
ഹന്ത! പൂവ്വാശാനതാംഗിക്കു തൂക്കഴൽ-
പ്പൊൻതളിരിന്നു ചെമ്പഞ്ഞിച്ചാറായ്;
ആകാശമദ്ധ്യത്തിന്നത്ഭുതമാം പത്മ-
രാഗാമലമണിമേഖലയായ്;
മാറിടത്തിന്നു പരിമളധോരണി;
പാരം പനിനീർപ്പൂമാലികയായ്;
തങ്കക്കവിൾത്തടങ്ങൾക്കു തുടുതുടു-
പ്പങ്കുരിപ്പിച്ചീടും ശോണിതമായ്;
തേന്തൂവും ചുണ്ടിന്നു ശീമച്ചെഞ്ചായമായ്;
തൂനെററിക്കോമനച്ചിത്രകമായ്;
ജീമൂതമേചകസീമന്തവീഥിക്കു
കോമളസിന്ദൂരരേഖയുമായ്;
ശശ്വൽപ്രകൃതീശ്വരി വിതറീടുമീ-
വിശ്വസമ്മോഹനശോണചൂർണ്ണം
ശാതക്രതവദിഗംഗനാമണ്ഡന-
മേതേതെല്ലാംമട്ടിയററുന്നീല!
സ്മേരയാം പ്രാചീഭഗവതി! യിപ്പുതു-
വീരവാളിപ്പട്ടണിഞ്ഞ നിന്നെ
ഓരോ ദലവും നിൻ നാഥനാമിന്ദ്രൻത-
ന്നാമോമൽക്കണ്ണിന്നു തുല്യമായി
നീളേവിരിഞ്ഞു നിറം കലർന്നീടുന്ന
ചേലുററ ചെന്താമരമലരാൽ
നീരന്ധ്രമായുള്ള പൊയ്കയായ്ക്കാണുന്നു
ദൂരത്തു നില്ക്കുമെൻ ചിത്തഭൃംഗം.

Digitized By Kerala Sahitya Akademi

മാറിത്തുടങ്ങി നിറമതാ! കുങ്കുമ-
ച്ചാറു സൌവർണ്ണദ്രവമായ്ത്തീർന്നു.
ചക്രവാളാഗ്രത്തിൽ പ്രത്യഗ്രജ്യോതിസ്സിൻ
പ്രക്രമമേതോ പരിസ്ഫുരിപ്പൂ.
മഞ്ഞയും ചോപ്പും കറുപ്പും വെളുപ്പുമായ്
മഞ്ജിച്ചുമേവീടുമാപ്രദേശം
ആകവേ ഹാരിദ്രവാരിയിലാറാടി
ലോകമനോഹരമായ്‌ലസിപ്പൂ.
അങ്ങോട്ടു നോക്കുവിൻ! വ്യോമവും സമുദ്രവും
ഭാഗിയിൽ മേളിക്കും ദിക്കിൽ നിന്നും
പൊന്മയമായൊരു സാധനം പൊന്തുന്നു;
കണ്മിഴി രണ്ടും തുടച്ചുകാണ്മിൻ!
ആദിക്രമ്മത്തിൻ നടുമുതുകോ? ദിവ്യ-
ശ്വേതരക്താംബുരുഹബിസമോ?
കത്തും കരിങ്ങാലിക്കാതൽച്ചിരട്ടയോ?
പുത്തൻദീപാരാധനത്തട്ടമോ?
ഓമനക്കല്ലുകൊത്തുമലർച്ചട്ടിയോ?
ഹോമബലിക്കല്ലിൻ മേലെത്തട്ടോ?
വാനറാക്രീഡാവളരവഞ്ചിയോ?
വാരിധിയാടിടും കാവടിയോ?
തൃക്കടൽമങ്കതൻ കേളിവ്യജനമോ?
ശുക്രന്റെ കൊററക്കുടശ്ശീലയോ?
വർത്തുളത്തങ്കപ്പുതുത്താലമോ? പരി-
ശുദ്ധപീയൂഷമണിക്കുംഭമോ?
പൊന്തിക്കഴിഞ്ഞു മുഴുവനിത്തേജസ്സു
സിന്ധുവിൻപൂർവ്വഭാഗത്തുനിന്നും.
ആഴിതൻവീചീമണിമാളികയിലി-
ത്താഴികപ്പൊൽക്കുടമാരു വച്ചു?
പ്രാണനശ്വാസമടക്കിജ്ജലസ്തംഭം
കാണിക്കയീ മഹായോഗിയേവൻ?
കാച്ചിയുറച്ചു സുരഭിതൻ ദുഗ്ദ്ധത്തിൽ
വാച്ചിടും വെണ്ണയിതാരുരുട്ടി?
ചക്രവാളത്തിൻ പ്രഭാതസമാധിക്കു
പുഷ്കലപത്മാസനം കണക്കേ

Digitized By Kerala Sahitya Akademi

ചേലററ മിന്നുമദ്ദിവ്യമഹസ്സല്ലോ
ബാലദിവാകരദേവബിംബം!
കൈകളുയർത്തുവിൻ! കണ്ടും കുനിക്കുവിൻ!
കൈവല്യമൂർത്തിയെക്കുമ്പിട്ടുവിൻ!
ജ്യോതിരനന്താവേ! സവിതാവേ! വിശ്വൈക-
ചൈതന്യദാതാവേ! മൽപിതാവേ!
സത്യപുമാനേ! ഭഗവാനേ! ഭാസ്വാനേ!
പ്രത്യക്ഷദൈവമേ! ലോകബന്ധോ!
ദണ്ഡംവെടിഞ്ഞെന്നെക്കാത്തുകൊള്ളേണമേ!
ദണ്ഡനമസ്കാരം തമ്പുരാനേ!!
അന്തിയിലിന്നലെയയ്യോ! മഹാത്മാവോ!
നിന്തിരുമേനി നിരസ്തപങ്കൻ
വന്തിരപ്പത്തിയുയർത്തിയ പശ്ചിമ-
സിന്ധുവാം രാഹുവിൻ വക്ത്രത്തിങ്കൽ
ഹന്ത! പതിക്കവേ ലോകം മുഴുവനു-
മന്ധതാമിസ്രത്തിലാണ്ടുപോയി!
കാമിക്കോ പാമ്പിന്നോ കള്ളനോ മൂങ്ങയ്ക്കോ
കാമിതം നൽകിടും രാത്രികാലം
പൂരുഷചര്യ്യ ചരിക്കുന്ന ഞങ്ങൾക്കു
തീരുന്നു വിശ്രമത്തിന്നുമാത്രം.
വീണ്ടും തിരുമേനി ഞങ്ങളെപ്പാലിപ്പാൻ
വേണ്ടും വെടികയിലെത്തിയല്ലോ!
എത്രദൂരം ഭവാനുള്ളിയിട്ടിട്ടീണ-
മെത്ര തിരമാല ലംഘിക്കേണം:
എത്ര യാദസ്സാം ദ്രഷ്ടത്തും കടക്കണ-
മിത്രവേഗം വന്നിവിടെപ്പററാൻ?
മേക്കുവശത്തു മറഞ്ഞതാം പൊൽപ്പന്തു
ലാക്കിൽക്കിഴക്കുവശത്തെച്ചെപ്പിൽ
മാററിമറിച്ചു പുറത്തുകാട്ടും കാല്യ-
മാഹേന്ദ്രജാലം മഹാവിശേഷം.
ദേവ! ഭവാൻെറ വിയോഗത്തിങ്കൽ ദ്യോവും
ഭൂവുംകരുപ്പുടുപ്പാന്നിരുന്നു;

Digitized By Kerala Sahitya Akademi

ദുഷ്ടനിയതിച്ചിലന്തി നെടുനീളെ-
കെട്ടിയ മാറാലമാല പോലെ.
പേർത്തും തൽസൂതൻ ഗരുഡാഗ്രജൻ വന്നു-
ത്തൂത്തുതുടച്ചു കളകമൂലം
ലേശമിങ്ങെങ്ങും സമക്ഷത്തു കാണ്മീലാ-
മൂശേട്ടതന്നുടെ മൂടുപടം.
ബാഡവതീയിൽ ഭവാനരുക്കീടിന
ഹാടകപുണ്യദ്രവപ്പുഴയിൽ
നീരാടിക്കൊള്ളുവാൻ സജ്ജമായ് നില്ക്കുന്നു
പാരായപാരെല്ലാം ഭാനുമാനേ!
നീളെബ് ഭവാനെ പ്രതീക്ഷിച്ചുനിൽക്കുമീ-
ത്രൈലോക്യത്താമരപ്പൂഞ്ചോലയിൽ
ഓമനത്തൂക്കൺ കടക്കോണയച്ചാലും
പ്രേമസർവ്വസ്വമണിത്തിടമ്പേ!
തന്നുൾക്കള്ളത്തിലെ വാഞ്ഛപോലീലോക-
വൃന്ദാവനത്തിൽ വിഹരിക്കുവാൻ
ശീഘ്രമായ് കെട്ടഴിച്ചിങ്ങോട്ടു വിട്ടാലും
ഗോക്കളെയൊക്കെയും ചിൽപ്പുമാനേ!
　　ആനന്ദമാനന്ദം! എന്തൊരൊഴുക്കു
ഭാനുബിംബത്തിൽനിന്നുൽഗളിപ്പൂ!
പെട്ടെന്നു മേരുവിൽനിന്നു ഭ്രംശിക്കയാൽ
പൊട്ടിയൊലിക്കും ശിലാദ്രവമോ?
വാനവാരാമത്തിൽ ഗന്ധവാഹശ്രേഷ്ഠി
വാററിയെടുക്കും മലർത്തൈലമോ?
അപ്സരസ്ത്രീകൾ കല്ലർ....ചിപ്പൂശും
ശില്പമലയജകർദ്ദമമോ?
അശ്വിനീദേവർ കുറുക്കിയരിച്ചിടും
വിശ്വജീവാതുമരുന്നുചാറോ?
ആയിരമല്ല പതിനായിരമല്ല
മായമററംബുജബന്ധുബിംബം
മാററും നിറവും മനസ്സാൽ മതിക്കുവാൻ
മാനുഷർക്കാവതല്ലാത്ത മട്ടിൽ
കോടാനുകോടിക്കണക്കിന്നു തൂകുന്നു
പാടലപ്പൊൽക്കതിർക്കന്ദളങ്ങൾ.

Digitized By Kerala Sahitya Akademi

നേർററു കത്തീടും വട്ടപ്പൂക്കററിയോ?
ക്രൂരമ്പു തീരാത്ത തൂണീരമോ?
ഓരോ കതിരും ഭഗവാൻ മിഹിരന്റെ
ചാരുകരമാണ്, തിങ്ങുനീട്ടി
പ്രാസാദശൃംഗത്തിൽപ്പാരിൻപതിയേയും
പാഴ്ക്കപ്പപ്പാട്ടിൽപ്പറയനേയും
താനൊന്നുപോലെ തലോടിയിത്തമ്പുരാൻ
ദീനതപോക്കിസ്സുഖിപ്പിക്കുന്നു.

ഈറസ്സുദ്രസായനഭുക്തിയാൽ വൈവശ്യം
വാശ്ശുളും നീങ്ങിന ലോകർ വീണ്ടും
വേഗേരയും തലയും മുറുക്കുന്നു;
പോകുന്നു ജീവിതപ്പോക്കളത്തിൽ.
അങ്ങനേ പോകുവിൻ കൂട്ടരേ! നിങ്ങൾക്കു
മംഗലം നൽകും മരീചിമാലി.
നാഴിക മുപ്പതുണ്ടല്ലോ; തരിമ്പതു
പാഴിൽക്കളയായ്വിൻ ഭ്രാതാക്കളേ!

അങ്ങയാം വാരൊളിക്കൊന്നമലർത്തൊത്താ-
ലെൻകൺ കണികാണ്മതെൻപിതാവേ!
ഭൂവിലെനിക്കെന്തിനിബ്ഭയം? ധീരനായ്
ജീവിതയാത്രയ്ക്കൊരുങ്ങട്ടേ ഞാൻ.
അർണ്ണവഹോമകുണ്ഡത്തിൽനിന്നിക്ഷണം
സ്വർണ്ണമയമായ പാത്രവുമായ്
പൊങ്ങും ഭവാന്റെ കിരണമധുരാന്നം
മംഗലമൂർത്തേ! ലഭിക്കമൂലം
ഞാനെൻ ത്രിവിധകരണസന്താനങ്ങ-
ളൂനപ്പെട്ടുകയില്ലെന്നുറച്ചേൻ.
ഏതോ മണിയൊന്നു സത്രാജിത്തിന്നങ്ങു
ജാതാദരം പണ്ടരുളിപോലും!
ഹാഹാ! ദിനമണി, യന്തരിക്ഷമണി,
ലോകത്തിൻകണ്മണിയാം ഭവാനേ
ഹസ്താമലകമായ്ക്കാണുമെനിക്കിന്നു
മററമണി ചരൽക്കല്ലുപോലെ.

Digitized By Kerala Sahitya Akademi

നട്ടുച്ചനേരത്തു യാജ്ഞവൽക്യന്നങ്ങു
ചട്ടററ വേദമുപദേശിച്ചു;
യാതൊരുപദേശവും വേണ്ട, താവക—
പാദപരിചര്യ ചെയ്യുകിൽ ഞാൻ
പാകാരിപുത്രനാകായ്കിലും ദ്രോണക്കൊ-
രേകലവ്യനായ് ക്രമത്തിൽത്തീരും.
കർമ്മസാക്ഷിൻ; ഞാൻ ഭവാനെന്നിനവുമെൻ
കർമ്മമോരോന്നിനും സാക്ഷിയാക്കി
കാലംനയിക്കട്ടേ; കാലാവസരത്തിങ്കൽ
കാലൻ കയപ്പുതു കണ്ടിടട്ടെ.
വേദസ്വരൂപ! ഭഗവാനേ! യജ്ഞയേ
മാതൃകയാക്കി നടന്നിടുകിൽ
ഐഹികപാരത്രികഭയബാധയി-
ദ്ദേഹിയെയെങ്ങനെ തീണ്ടിടുന്നു?
ദേവ! മനുഷ്യക്രമിമാത്രമെങ്കിലും
ഭാവനാദത്തപതത്രനായ ഞാൻ
ഒട്ടൊട്ടുമിന്നിത്തെളിഞ്ഞും തവൽപ്രാഭവ—
മൊട്ടൊട്ടുമങ്ങിയൊളിഞ്ഞും കാണ്മൂ.
എൻകരാംക്കണ്ണു മുഴവൻ വിളക്കുവാൻ
നിൻകനിവുണ്ടാകിൽ ഞാൻ ജയിച്ചു;
സച്ചിൽസ്വരൂപനേ! തങ്കമണിത്തേരിൽ
പച്ചക്കുതിരകളേഴും പൂട്ടി
ചമ്മട്ടിയുമേന്തി നിൽക്കുന്നു സജ്ജനായ്
തന്മനസ്സിന്നിണങ്ങുന്ന സൂതൻ.
സാററട്ടെഴുന്നള്ളത്തിന്നു സമയമായ്;
പോരുംനിരത്തിനേൻ പാട്ടിതാ ഞാൻ.
കാരണപൂരുഷ! കല്യാണവിഗ്രഹ!
കാമിതദാനൈകകല്പശാഖിൻ!
ആര്യ! ഭവാൻെറ തുണയാലെൻ ഹൃത്തൊരു
സൂര്യകാന്തിപ്പൂവായ് വായ്പൂതാക!
ആമലർപ്പൊന്നരിമ്പാലെൻപരിസര-
സീമ നിതാന്തം ലസിപ്പൂതാക!

Digitized By Kerala Sahitya Akademi

ത്വൽകടാക്ഷശ്രീകളിന്ദജാവീചിയി-
ലിക്കും ഭദ്രേ സൻ കളിപ്പൂതാക.

## ൧൮. കപിലവാസ്തുവിലെ കർമ്മയോഗി.

ഭാഗീരഥിയും കളിന്ദകുമാരിയു-
മേകീഭവിക്കും പ്രയാഗതന്നിൽ
ആരാധനീയനാം ഭിക്ഷുവൊരാൾ വാഴ്വൂ
നാരായണന്റെ നവാവതാരം
പഞ്ചരമാറ്റൊളിത്തങ്കനേർമേനിയിൽ-
പ്പുത്തൻമഞ്ഞപ്പട്ടുടുപ്പു ചാർത്തി
മിന്നുമിപ്പുണ്യവാൻ പാരിലെക്കൂരിരുൾ
വെന്നു വിളങ്ങും വിഭാകരനാ?
ചില്ലികളാംജോടിയിൽ കാമക്രോധങ്ങളെ
മല്ലിൽമടക്കിയോരെപ്പൊഴുതിൽ
വെല്ലുവിളിപൂണ്ടു വിശ്രാന്തിനേടിന
വില്ലുകൾപോലെ സമുല്ലസിപ്പൂ.
തെല്ലുമഴക്കലിളക്കവും തന്നുള്ളി-
നില്ലെന്നു കണ്മിഴിക്കണ്ണാടികൾ
കാണിപ്പൂ കാരുണ്യമൂറുമുറവുകൾ
കാന്തിക്കതിർചിന്നും താരകകൾ.
കല്ലിലും നെല്ലിലും കാട്ടിലും നാട്ടിലും
ചെല്ലുന്നേടത്തും നിനപ്പേടത്തും
തന്നെയേ കാൺകയാൽ ദ്രാന്തന്നു വക്ത്രാബ്ജം
മന്ദഹസിതമരാളരമ്യം!
ഇദ്ധന്യനാരെന്നു ചൊല്ലേണമോ? സാക്ഷാൽ
ബുദ്ധഭഗവൽപാദങ്ങൾതന്നെ.
മൈത്രിയാം ഗായത്രീമന്ത്രത്തിൻ മാഹാത്മ്യം
ധാത്രിയിലോതിജ്ജനത്തിനെല്ലാം
കാപഥം കൈവിടാൻ ദേശികനായിത്തീർന്ന
കാപിലാവസ്തുവിൻ കർമ്മയോഗി

Digitized By Kerala Sahitya Akademi

ഏകാകിയായ് നദീതീർത്തിര കന്ന
ലോകാഭ്യപപത്തിബലശീക്കൻ.

എത്തിനാനന്ദിക്കിലപ്പോളൊരു പാപി
പത്തിയുയർത്തിനപാമ്പുപോലെ
തിന്മവിത്തൊന്നേ വിതച്ചിട്ടം കൊയ്യിട്ടും
ജന്മം തുലയ്ക്കുന്ന പാഴ്കൃഷകൻ.
തൊള്ള തുറന്നാൽത്തൊഴിയുന്നതിലെല്ലാം
വെള്ളള്ളിനാററവും വേപ്പിൻകൈപ്പും—
അത്തരമുള്ളോരസത്തങ്ങേയററത്തേ
മദ്ധ്യമലോകമഹാകളങ്കം
കൈരണ്ടുമേവക്കാ കാണുമ്പോഠംക്കുമ്പിപ്പോം
കൈവല്യമൂർത്തിതന്നന്തികത്തിൽ
തെല്ലും മടിയാതെ ചെന്നോരോ പേവാക്കാം
കല്ലും കൊഴിയുമെറിഞ്ഞുനിന്നാൻ.

"ഒട്ടും തലയ്ക്കോരകംപുറമില്ലാത്ത
നട്ടച്ചഭ്രാന്തനോ നിൽപ്പൂ മുന്നിൽ?
തങ്കക്കിരീടം തറയിലെറിഞ്ഞൊരു
വങ്കൻ മികച്ച മരത്തലയൻ
തെണ്ടിത്തിരിയുന്നു തെക്കും വടക്കുമി-
ന്നാണ്ടികളഞ്ഞുള്ളോരണ്ണാൻപോലെ
പാരെഴുത്താണിയാൽപ്പാളപിടിക്കുവാൻ
പാരിന്നുടയോൻ പരണ്ടികൊണ്ടാൽ
അത്തലയെമ്മട്ടരശ്ശുമുടിചൂടും?
അട്ടയ്ക്കു പെട്ടതു പൊട്ടക്കുളം!
പാതിയുറക്കത്തിൽ ഭാര്യയെക്കൈവിട്ട
പാതകി പച്ചക്കലിക്കോമരം
ലോകം നന്നാക്കുവാൻ ചാടിപ്പുറപ്പെട്ട
മോഹമേ!! നിന്നെത്തൊഴുതേ പററൂ
കാഷായവസ്ത്രത്താൽ കാപട്യം മൂടിക്കൊ
ണ്ടാഷാഢഭൂതികരംക്കഗ്രഗണ്യൻ

Digitized By Kerala Sahitya Akademi

പാടേ സനാതനധർമ്മസരണിയിൽ-
കാട്ടും പടലും കലർത്തിടുന്നു.
പിട്ടുപിശിട്ടും പിരട്ടുപിണ്ണാക്കുമി
മൊട്ടത്തലയൻ പ്രസാദമായി
മട്ടും മതിയും മറന്നണയുമെട്ടും-
പൊട്ടുംതിരിയാത്ത പിള്ളക്കേകി
നല്ലോരു നാട്ടിന്നു നാശം പിടിപ്പിച്ചു
പുല്ലോളം പോരാത്ത പുള്ളിക്കാരൻ.
ഏതുമറിയാത്തോൻ സർവ്വജ്ഞനായ്ത്തീർന്നു;
ബോധംനശിച്ചവൻ ബുദ്ധനായും.
കാലം കിടന്നു കരണംമറിയുന്നു!
വാലങ്ങുകേറിത്തലയാകുന്നു!!
മാററിയെക്കണ്ട മഹാപാപം തീരുവാ-
നാററിലിറങ്ങിക്കുളിക്കട്ടേ ഞാൻ."

അമ്മട്ടുതൻ നാവാമായസച്ചക്കില-
ധർമ്മരാജർഷിയെക്കൊട്ടയാട്ടി
അമ്പോ! ഞെളിഞ്ഞവൻ നിന്നാൻ കൃതാർത്ഥനായ്!
ശംഭോ! മഹാദേവ! ശാന്തം പാപം!!
കാടിമ്മട്ടോതുമക്കണ്ണററ പാതാള-
ക്കാടിക്കുഴിപ്പാഴ്ക്കൂട്ടുനീർക്കീടം
ആകാശഗംഗയിൽത്തത്തിടും ഹംസത്തിൻ
ലോകാതിഗമഹത്വമെന്തുകണ്ടു?
ദുർവ്വാരകോപത്താലേതു മഹർഷിയും
ദുർവ്വാസസ്സാകുമാ വാക്കുകേട്ടാൽ
ക്ഷാന്തിക്കധിഷ്ഠാനദേവതയും ക്രോധ-
ഭ്രാന്തിൽക്കൊടുംകൃത്യയായിപ്പോകും.
വേകാനപ്പാമരൻ മേന്മേൽവിറകുക-
ളാകാശത്തോളമടുക്കിക്കൂട്ടി
വീശിയുമൂതിയും നോക്കി പണിപ്പെട്ടു
വാശിയിലാവത്തുമപ്പുറവും.
പാഴീറത്തീപ്പൊരി പാറുന്നീലങ്ങുങ്ങു;
കീഴിലെപ്പോലെതാൻ മേലും ബുദ്ധൻ!

Digitized By Kerala Sahitya Akademi

നിർവ്വാണോപജ്ഞാതൃനിർദ്വന്ദ്വാനന്ദം
നിർവ്വാതവിക്രിയരത്നദീപം.
ഘോരക്രോധാപസ്മാരത്തെച്ചവിട്ടുന്ന
മാരജേതാവിനാ വാക്കോരോന്നും
മാതൃമുലപ്പാൽ നുകരും മണിക്കുഞ്ഞിൻ
മാഴമഴലമൊഴിയായ്ത്തീന്നു.
പേക്കൂത്തു മുന്നിൽനിന്നോരോന്നു കാണിക്കു
മാക്രുളപ്പാപിയെശ്ശാക്യസിംഹൻ
പ്രേമം വഴിയും കടമിഴികൊണ്ടൊന്നു
തൂമയിൽ നോക്കുകമാത്രം ചെയ്താൻ.

താനങ്ങോട്ടെത്ര തകത്താലും ദാന്തനിൽ
മൌനവും മന്ദസ്മിതവുമെന്യേ
കാണാഞ്ഞു മറെറാന്നും, തെല്ലു പകച്ചാനെ-
ക്കാററിനെത്താഡിക്കും കൈയുടയോൻ.
"മണ്ണുമല്ലിസ്സത്വം ചാണകവുമല്ല;
പെണ്ണുമല്ലാണുമ,ല്ലെന്തുകഷ്ടം!
പൌരുഷമെന്നതിൻ പേരുമറിയാത്ത
കാരുവിന്നേർപ്പെട്ട ദാരു മാത്രം!
ചൂടുള്ള ചെഞ്ചോരത്തുള്ളിയൊന്നെങ്കിലു-
മോടുന്നില്ലക്ഷോരു നാഡിയിലും;
അല്ലാഞ്ഞാലാസ്യമൊരല്പം കറുക്കണ്ടേ?
മല്ലാടാൻ നാക്കു തരിച്ചിടണ്ടേ?
വച്ചുകണക്കിനു തന്നെയിരിക്കുന്നു
പച്ചച്ചിരിയും ചിരിച്ചു പാഴൻ.
പോക്കററ പൊട്ടശ്ശവത്തിൻെറനേക്കോ ഞാൻ
വാക്കമ്പുമേന്മേൽ വലിച്ചുവിട്ടു?
ബുദ്ധ! മതി നിന്നബദ്ധച്ചിരി,യിതു
ന്നുത്തരംമുട്ടിയാൽ കൊഞ്ഞനമോ?
വാവാ നമുക്കല്പം വാദിച്ചുനോക്കിടാം;
നീ വാ തുറന്നൊന്നു കണ്ടോട്ടേ ഞാൻ."
എന്നായ് മട്ടത്തൊരെതിരാളി; ബുദ്ധനോ
നിന്നാൻ ചലിയാതെ മുന്നെപ്പോലെ.

Digitized By Kerala Sahitya Akademi

ശീതകൃപാമൃതശീകരസേചന-
ചാതുരി വായ്ക്കും കടാക്ഷത്തോടും.

മന്നിടം മാരി പൊഴിച്ചു കുളുർപ്പിക്കാൻ
വന്നിട്ടും വാരിദങ്ങൾക്കതെല്ലും
നെഞ്ചകത്താൾച്ചളം വഷ്ടീ, ലവയ്ക്കൊപ്പം
പഞ്ചയും പാഴ്മണൽക്കാടുമല്ലോ.
അന്യാനുകൂല്യമാമർത്ഥമൃതിക്കുന്ന
ധന്യാത്മവിശാലജ്ജീമൃജ്ജികളെ
ഇജ്ജഗന്മംഗളത്തിന്നായ് ജ്ജനിക്കുന്ന
സൽപൂർണ്ണജന്മാക്കൾ ധൃഷ്ടാദൃശർ.
പൂഴി പുരളാത്ത പൂമേനി പൂണ്ടുമ്മോ-
ത്തുഴികനകക്കതിരവരേ!
കൂകട്ടേ ക്രോഷ്ടാക്കൾ; മോങ്ങട്ടേ മൂങ്ങകൾ;
ലോകത്തെത്തമ്മേന്തക്കൃമികൾ കണ്ടു
ഉന്മിഷൽകന്മഷദുർമ്മഷിദ്ദൂഷിത-
മിമ്മഹീമണ്ഡലമാകമാനം
വെണ്മ മുഴപ്പിച്ചും നന്മ തഴപ്പിച്ചും
ജന്മം കൃതാർത്ഥീകരിപ്പൂ നിങ്ങൾ

കായുന്ന ചേതസ്സാം കമ്രാക്ഷയപാത്ര-
മായതിൽനിന്നു മേൽ പൊങ്ങിപ്പൊങ്ങി
തൂയ കനിവുപാൽ പുഞ്ചിരിമെയ്യാർന്നു
പായുന്നു ദേവന്റെ മുന്നിലെങ്ങും.
ചാരത്തു നിൽക്കുന്ന സൌഗതാക്രോഷ്ഠാവിൻ
കാരൊളിമെയ്യിലാ മന്ദഹാസം
കാമം പതിക്കുന്നു കൌശേയച്ചാത്തായു-
മോമൽപ്രസാദപ്പൂമാലയായും.
തന്മേനിയേതോ പുതുതാം തണുപ്പാർന്നു
ജന്മസാഫല്യം ലഭിച്ചപോലെ
നിന്നാനവനും വിശുദ്ധിസോപാനത്തി-
ന്നൊന്നാംപടി നോക്കിക്കാലുയർത്തി
സമ്പൂർണ്ണാനുഗ്രഹം ശാക്യമഹർഷിയും
തൻപൂർവ്വനിന്ദകന്നേകിടുവാൻ

Digitized By Kerala Sahitya Akademi

പച്ചിരസനയാം വാങ്മയകോശത്തിൻ
വെള്ളിരദനത്തഴുതു നീക്കി.

"സ്വാഗതം ഭ്രാതാവേ! സ്വാഗതമങ്ങേയ്ക്കു
സ്വീകരിച്ചാലുമെന്നാതിഥേയം.
അങ്ങയെക്കാണ്മാനവസരംവന്നതു
മംഗലത്തിന്നൊരു മാർഗ്ഗമായി
മാധവദേവനെപ്പണ്ടു ഭൃഗുപോലെ
ക്രോധത്തിലെന്നെപ്പരീക്ഷിക്കുവാൻ
ആവിർഭവിച്ചുള്ളൊരാചാര്യനായങ്ങേ-
ക്കു്ഭാവിച്ചുകൊണ്ടേൻ ഞാനായുഷ്മാനേ!
മാരനെ.രിക്കലെൻ രാഗത്തെശ്ശോധിച്ചു;
വീരനാമങ്ങിന്നെൻ ദ്വേഷത്തെയും
രണ്ടുമൊന്നുള്ളത്തിലില്ലെന്നു സൂക്ഷ്മമായ്-
ക്കണ്ടുകൊണ്ടല്ലോ സഖാക്കൾ നിങ്ങൾ.
നല്ലോരു നാക്കു വെറുതേകഴച്ചുതായ്
തെല്ലൊരുത്തുമാഴ്കൊല്ലേ തെററായ്സൌമ്യൻ;
ആ നികഷത്തിലെന്നുൾപ്പൊന്നുരപെട്ടു
ഹാനി പിണയാതെ മിന്നിയല്ലോ
നന്മയും തിന്മയും ശ്ലാഘയും നിന്ദയു-
മെന്മനസ്സിന്നെല്ലാമേകരൂപം.
കല്ലും കരിമുള്ളും മണ്ണും മരത്തുണ്ടും
പുല്ലും പുഴുവുമെൻ സോദരങ്ങൾ.
തക്കമററാകയാലങ്ങു വമിച്ചോരു
കക്കശാക്രോശനമെൻചെവിയിൽ
തൂകുകയായ് മേന്മേൽ തൂനറുംപൂവേരി
കോകിലകാകളീപാകത്തിങ്കൽ.
വന്നാലും വത്സ! ഭവാനെൻ സമീപത്തി-
ലെൻനാവിന്നങ്ങയെക്കണ്ടനേരം
മൌനവ്രതത്തിന്നു പാരണയായുള്ള
മൌഖര്യചര്യക്കു ഭാവിക്കുന്നു.
വിശ്വജയത്തിന്നു ജിഹ്വ മനുഷ്യന്നു
ശശ്വൽപ്രകൃതിപ്രകൢപ്തമായി

Digitized By Kerala Sahitya Akademi

വാക്യോരു വാളല്ലോ; കാമിതം സർവ്വം
കാര്യോരു കല്പകവല്ലിയല്ലോ.
അയത്തുകൊണ്ടു കഴുത്തറുത്തീടുവാ-
നായിത്തുടങ്ങീടുമാത്മഘാതി
നിർവ്വാണമാകും പുമർത്ഥം ലഭിക്കുവാൻ.
നിർവ്വാഹംകാണാത്ത നിത്യബദ്ധൻ.
എത്രയും കാഴ്ചയിൽ മൂർച്ച കുറഞ്ഞിട്ടു-
മത്രയും കാര്യത്തിൽ മൂർച്ചകൂട്ടും;
അങ്ങനെയുള്ളൊരീ വായുധംകൊണ്ടൊരു-
മങ്ങവതാളത്തിൽ ക്രീഡിക്കൊല്ലേ!
നാലാമതാകമിത്തിരിന്ദ്രിയത്തിന്നു
നാമം രസജ്ഞയെന്നല്ലീ ബന്ധോ!
നഞ്ചിൽപ്പചിച്ചാൽ നളപാകമാകിലും
രഞ്ജിപ്പീലെന്നതറിയുന്നീലേ?
ആഗന്തുകയ്ക്കായിട്ടുപ്പിക്കുമെമ്പ് ഭക്ഷ്യം
ലോകരുചികരബാഹ്യമായാൽ
ആയതിൻസ്വാമി ഗൃഹസ്ഥനതെത്രയും
കായമനഃക്ലേശഹേതുവല്ല?
പോരാ! രസന പൊഴിക്കും ദുർവ്വാക്യങ്ങൾ
ഘോരാശിചാരജദുർഭ്രതങ്ങൾ;
നേർക്കുമവ ചെന്നെതിരാളിയോടല്ല;
തോൽക്കുമ്പോഴേക്കും തിരിഞ്ഞുകേറും.
മാനത്തു തുപ്പിയാലല്പമുയരെപ്പോയ്
ന്യൂനമത്തുപ്പൽ തൻമാറിൽവീഴും.
കാററിനെതിരായെറിയും മണൽത്തരി-
യേററുകിടക്കും തൻകണ്ണിൽത്തന്നെ.
വാനാററംകൊണ്ടു വസുധയടക്കുവാൻ
ഹാ നാം നിനയ്ക്കുവതെത്രമോശം!
ലാക്കിന്നു കൊള്ളാൻ കരുത്തകണ്ണയ്ക്കില്ല;
മൂക്കിനെത്തോല്പിക്കാൻ മാത്രം കൊള്ളാം.
നന്മയ്ക്കോ തിന്മതൻ നാമ്പടപ്പിക്കാവൂ;
വെണ്മയ്ക്കോ ക്രൂരതർ വെന്നിടാവൂ.
ഉഷ്ണത്തെയുഷ്ണം ശമിപ്പിപ്പീലെന്നത്രേ
ശ്ലക്ഷ്ണസദാചാരവൈദ്യതത്വം.

Digitized By Kerala Sahitya Akademi

തണ്ണീർതലയ്ക്കാടിത്തീഭ്രാന്തടക്കണ-
മെണ്ണമേലോടിക്കടലിൻഭ്രാന്തും;
എന്നകണക്കിലരിശപ്പിശാചിനെ
വെന്നിടാൻ ക്ഷാന്തിദേവിക്കേ പററൂ.
പാൽക്കതിർ പാരിൽ പരത്തും പനിമതി
നായ്ക്കുര കേട്ടു നടുങ്ങുന്നില്ല;
ശങ്കവിട്ടാ നായ്ക്കൾ ചാടിക്കളിക്കവാ-
നങ്കണം വെങ്കളിയിട്ടിടുന്നു.
മേഘച്ചുരുൾ വഴിമറച്ചീടട്ടേ;
രാഹുവിൻ നാക്കിണ നക്കീടട്ടേ;
താനതിലൊന്നും കലുങ്ങാതെ പൊങ്ങുന്ന
വാനത്തെത്തിങ്കൾ നമുക്കാദർശം.
എണ്ണമററാകാശവീഥിയിൽ മിന്നുമീ-
യണ്ഡഗോളങ്ങളശേഷമയ്യോ!
കാലചക്രക്കറക്കത്തിൽ തെറിക്കുന്ന
ലോലസ്ഫുലിംഗങ്ങൾ മാത്രമല്ലീ?
ആയവയിലൊരണുവാമവനിയിൽ
കായം ഞൊടിക്കൊന്ന മർത്ത്യകീടം
തൻകോപവഹ്നിയിൽ സർവം ദഹിപ്പിപ്പാൻ
സങ്കോചം തേടുന്നീ,ലെത്ര ചിത്രം!
എങ്ങുകിടപ്പൂ പുരുഷാർത്ഥപ്രാപ്യസ്ഥാനം!
എങ്ങു കാമക്രോധകാളഗർത്തം!
നേരററതാമീ പ്രഹസനത്തിന്നൊരു
ദ്ദൂമനസ്കാരമെന്നേവേണ്ടൂ!”

എന്നുരചെയ്തു നിറുത്തി മഹാമുനി,-
യൊന്നുമറിയാതെ ശ്രാവകനും
കണ്ണീർപ്പുഴയിൽ മുഴുകിന മെയ്യോടും
ബന്ധുനമസ്കൃതി പൂണ്ടിതന്നാൾ.
കാളിയശീർഷത്തിൽ കാൽത്താരണി ചേർത്ത
ബാലമുരളീധരനെയാകെ
കോൾമയിർപ്പൂമ്പട്ടു ചാർത്തിക്കുതികൊള്ളു-
മോമനക്കാലസഹോദരിയെ

Digitized By Kerala Sahitya Akademi

അച്ഛസ്ഫടികനിറംതേച്ചു വാഴിപ്പാ-
നിച്ഛകലശമലക്കരങ്ങൾ
പേർത്തുമുയർത്തിപ്പെരുത്താശിസ്സേകിനാൾ
ബുദ്ധന്നു ശുദ്ധയാം ഗംഗാദേവി.

---

## ൧൭. വിചാരധാര.

ആകാശവും ഭൂമിയുമൊപ്പമക്ക-
ന്നന്തിക്കതിർപ്പൊന്നിലലങ്കരിക്കെ
ഓത്തുന്ന തൻപൈതലൊടുമ്മറത്തി-
ലൊരോമനപ്പെൺകൊടിയിപ്രകാരം. ൧

"നീ ചേക്ക്! തങ്കക്കുടമേ! ആ വരുന്ന
'നീലിപ്പുലക്കള്ളി'യിൽ നിന്റെ നോട്ടം!
കണ്ണിന്നു തീണ്ടൊതിടുവാൻ മറന്ന
കാലേയകാലം കനിവറ്റതല്ല. ൨

തടിച്ചു പുൽക്കെട്ടു ശിരസ്സിലൊന്നു
താങ്ങിത്തളർന്നെത്തിടുമി "ക്കിടാത്തി"
തൃണത്തിലും തൻ നില താഴെയെന്നു
തീർത്തോതീടുന്നുണ്ടു ജനത്തൊടെല്ലാം. ൩

ജനിച്ചനാൾതൊട്ടു ജഗത്തിലെങ്ങും
സ്നേഹം ലഭിക്കാത്തൊരിവൾക്കു പാർത്താൽ
ചപ്രത്തലക്കെട്ടു ദീർഘമല്ല;
തള്ളക്കുമേഴം ദുർഗ്ഗതി പിള്ളകൾക്കും.

ഇവൾക്കു ദാരിദ്ര്യഫലത്തിൽ മേന്മേൽ
ചിന്താവ്യഥക്കാളകൾ ചേർത്തുപൂട്ടി
ദൈവം ഉഴുതന്നോരുഴവിന്റെ ചാലു
കാണാം ചുളുക്കാർന്ന കപോലഭൂവിൽ. ൪

Digitized By Kerala Sahitya Akademi

മുട്ടിന്നുമേലോളമിറക്കമെന്ന്
മുഷിഞ്ഞമുണ്ടൊന്നിവർതന്നരയ്ക്കൽ
ദിങ്നാരി കൊണ്ടൽപ്പൊളിപോലെ ചുററി
'മാനം'മറയ്ക്കുന്നിതു വല്ലപാടും. ൬

പ്രത്യൂഷകാലംമുതലന്തിയോളം
പാടത്തിലോരോ പണിചെയ്തു നിത്യം
പ്രഭാകരൻതൻ കരമേൽക്കുവോരി-
പ്പാവത്തിനംഗം പ്രചുരാന്ധകാരം! ൭

തൂവേർപ്പണിത്തുള്ളികൾ കൊണ്ടിവർക്കു
നെററിത്തടത്തിൻ വളർമുത്തുപട്ടം!
പാടത്തിലെപ്പാഴ്ച്ചളിനീരുകൊണ്ടു
പാടീരപങ്കദ്രവം! എന്തുചെയ്യാം!! ൮

കണ്ടാൽവെറും പ്രാകൃതയാമിവർക്കു
കൈവന്നിടും മേന്മയൊരല്പമേക്കും;
അതാരുചിന്തിപ്പവർ? ചർമ്മദൃഷ്ടി-
ക്കഗോചരൻ പ്രാണദനാം സമീരൻ. ൯

ചരാചരം സർവ്വവുമൊപ്പമേതു
പെററമ്മതൻ ലാളനമേൽക്കമൂലം
ജീവിപ്പൂ; കല്യാണിനി ധാത്രിയാമ-
ദ്ദേവിക്കു ശുശ്രൂഷികയിക്കുമാരി. ൧൦

പ്രകൃത്യധീശിത്രി വഹിക്കുമോമൽ-
പ്പലാശവർണ്ണാഞ്ചിതകേശപാശം
ശരിക്കു ചീകിച്ചിട ചേർപ്പെടുത്തും
വിദഗ്ദ്ധസൈരന്ധ്രിയുമിക്കുമാരി. ൧൧

മൌലിക്കുമേൽ ബാലതൃണം ചുമന്നു
വരുന്നൊരിസ്സോദരിയെന്റെ കണ്ണിൽ
തലയ്ക്കു ശഷ്പാഭരണം ധരിക്കും
സർവ്വംസഹാദേവികണക്കിരിപ്പൂ. ൧൨

Digitized By Kerala Sahitya Akademi

ഇതാ പുറപ്പെട്ടു തൊഴുത്തിൽനിന്നു
ഹമ്മാരവം ശ്രോത്രമനോഭിരാമം.
ഘ്രാണത്തിനാൽ ഗോവു ഭുജിച്ചുപോയി
തദന്നപൂർണ്ണേശ്വരിതൻ പ്രസാദം. ൫൨

ഏതിന്റെ മെയ്യാന്നിട്ടമൂഴിമാതിൻ
സ്തന്യം ലഭിക്കെപ്പൃഥു ധന്യനായി;
ഏതിൻ ചുരന്നോരകിടാതിഥേയൻ
കംഭോദ്ഭവന്നക്ഷയപാത്രമായി; ൫൩

ഏതിന്നുവേണ്ടി, ക്രതുയൂപബന്ധം *
കൈക്കൊണ്ടു വാജശ്രവസാത്മജാതൻ;
സുദർശനം ദൂരെവെടിഞ്ഞു പൂത്താൻ-
കോലേന്തിയാവാടിമണിക്കിശോരൻ; ൫൪

ഇയാർഷധർമ്മം തുടരുന്ന നമ്മൾ-
ക്കേതിന്നുമേൽ ദൈവതമൊന്നുമില്ല;
ഇബ്ഭാരതോർവ്വിക്കിയലും യശസ്സി-
ന്നേതിൻ കൃപാനുഗ്രഹമാദിമൂലം; ൫൫

അഗ്ഗോ,വഹിംസാവ്രതചാരുചര്യ-
യ്ക്കാദർശ,മന്യോപകൃതിപ്രവീണം;
അനന്തകല്യാണഗുണാഭിരാമം:—
അതിന്നു തീൻ നൽകിന കൈയ്ക്കു കൃപ്പാം! ൫൬
(കുളകം)

ഇസ്സാധു കൈക്കൊൾവു മനസ്സിൽ മോദം
ഗോവിന്ദ ഗാരുത്മതരത്നമേകി;
മഥിക്കവേ പണ്ടു സമുദ്രവീചി
ഗോവിന്ദനക്കൌസ്തുഭമെന്നപോലെ. ൫൭

* നചികേതസ്സ്.

Digitized By Kerala Sahitya Akademi

ഈയർഹണം നന്ദിനിയാൾക്കു പണ്ടു
സുദക്ഷിണാദേവി കുറെദ്ദിനങ്ങൾ
നടത്തിവേണ്ടുന്നതു നേടി; നീലി!
നിനക്കിതോ നിസ്പൃഹനിത്യകർമ്മം. ൧൯

ഗോവിന്റെ കുക്ഷിക്കകമേ ചരിച്ചു
ഹിരണ്യഗർഭാം സവർണ്ണശഷ്പം
മുറയ്ക്കു ശുദ്ധാകൃതി പൂണ്ടുകൊണ്ടു
ഭദ്രാഭിഷേകാർഹത നേടിടുന്നു. ൨൦

ഇപ്പോഴ്ച്ചിറച്ചേറു റിടുത്തിടുന്ന
ചെന്താമരപ്പൂമണിമച്ചിനുള്ളിൽ
പാലാഴിവിട്ടെത്തിന പത്മനാഭ-
പ്രാണാധികപ്രേയസി പാർത്തിടുന്നു. ൨൧

മൽസ്തന്യവും മാമക 'നീലി' നൽകും
ശഷ്പം ഭുജിക്കും പശുവിന്റെ പാലും
നിന്നെപ്പുലർത്തീടുകകൊണ്ടു കുഞ്ഞേ!
ദ്വൈമാതുരൻ നീ, യതിനില്ല വാദം. ൨൨

മേലുള്ള ജന്മങ്ങളിൽ മംഗലങ്ങ-
ളിവൾക്കു മേളിപ്പതിനീശനോടായ്
പ്രാർത്ഥിച്ചുനിൽക്കും പശുവിന്റെ പാട്ടു
നീയേററുപാടാൻ നിതരാം നിബദ്ധൻ. ൨൩

നിജാഹ്നികവ്യാപൃതി നിർവ്വഹിച്ചു
കൃതാർത്ഥയായ്പ്പോമിവളെസ്സലീലം
തൻപോക്കമഞ്ഞാതെതിരാൽത്തലോടി-
സ്സമാനധർമ്മാവരുണൻ ലസിപ്പൂ. ൨൪

തിരിച്ചുപോയോരിവൾ കുട്ടനെക്ക-
ണ്ടാത്മാർത്ഥമാം പുഞ്ചിരി തൂകിടുന്നു.
അതേററുവാങ്ങാൻ കുനിയട്ടെ കണ്ണു,-
മാമ്പൂത്തുമാലയ്ക്കൊരശുദ്ധിയില്ല! ൨൫

Digitized By Kerala Sahitya Akademi

പോ! തോഴി! പോ! നീ ഭുവനത്തിലുള്ള
പൊൻവെള്ളി തൊട്ടുള്ളൊരു വസ്തുവൊന്നും
ചാലയ്ക്കുകം വന്നണയാത്തതോൎത്തു
സാംസാരികാൎത്തിക്കടിമപ്പെടൊല്ലേ! ൨൩

വാഴേണ്ടനാളിത്തരിശിന്നുമേലു,-
ണ്ടിങ്ങേക്കഴിക്കുന്നൊരു കുന്നു കാണും;
ഇന്നിന്നലത്തേതിലുമെന്തുഭേദം?
ഈ മട്ടു മന്നൽഗതി കൊൾകയല്ലീ? ൨൪

കുളത്തിലെപ്പാഴ്ക്കെട്ടുനീററിലല്ല
കൂത്താടിനിൽക്കുന്നതു ലോകമിപ്പോൾ;
കുതിച്ചു രത്നാകരസഖ്യമാളും
കൂലങ്കഷയ്ക്കുള്ള പയസ്സിലല്ലോ. ൨൫

കഴിഞ്ഞകാലം വസുധാംഗനയ്ക്കു
കൌമാരമായ് സ്സോദരി! കല്യർ കാണ്മൂ;
വരുന്നതോ യൌവനമായവൾക്കു;
വാഴ്‌വു വയസ്സന്ധിയെ നോക്കി നമ്മൾ. ൨൬

ന്യായസ്ഥനായും സമദർശിയായും
ജഗന്നിയന്താവു ജയിച്ചിടുന്നു.
കാലജ്ഞനക്കർഷകനോർമ്മയുണ്ടു
വിത്തിട്ടവണ്ണം വിളയിച്ചുകൊൾവാൻ. ൨൭

മൂഢൻെറ പൊന്നും മണിയും മനീഷി
കാണുന്നു ചേറും ചരലുംകണക്കേ;
വരും പണം പോകുമതൊന്നിലല്ലീ-
യാത്മാവുറപ്പിച്ചതു വിശ്വശില്പി. ൨൮

Digitized By Kerala Sahitya Akademi

പോ! തോഴി! പോ! നീ പതറാതെ; നിന്റെ
പൊട്ടപ്പുരക്കൂട്ടിനുമേലുമിപ്പോൾ
സുധാമയൂഖൻ ഗഗനത്തിൽനിന്നു
തൂവെൺകതിർപ്പൂ നിരത്തുകയല്ലോ! ൩൨

അന്തർവിടങ്കത്തിൽ നിനക്കകത്തു-
മവ്യാജവിശേഷശരഭക്തിദീപം
അഖണ്ഡനിർവ്വാണപദത്തിലെത്താ-
നററംവരയ്ക്കും വഴികാട്ടിടട്ടേ." ൩൩

താനേവമോരോന്നുരചെയ്തതിന്റെ
താല്പര്യമെന്തച്ചെറുപൈതൽ കണ്ടു?
എന്നാലുടൻ കുഞ്ഞു പറഞ്ഞു: "പാവം!
ഹാ! പാവമേ! നമ്മുടെ നീലി"യെന്നായ്. ൩൪

മലർന്നു മങ്കയ്ക്കതു കേട്ട നേരം
വക്ത്രാബ്ജ,മെന്നിട്ടവൾക്കീ വിചാരം
എന്നോമനയ്ക്കോറണമെന്നുമെന്നു"-
മെന്നോതിയക്കുട്ടനെയമ്മ വായ്പ്പൂ. ൩൫

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi